ജൂൺ 2017

# ഐക്യദീപം

Since 1976 വില ₹ 10



## മനുഷ്യനെയും പ്രകൃതിയെയും ആദരിക്കുക

## വേദപുസ്തക ഭാഷ്യം കലാസൃഷ്ടികളിലൂടെ

പ്രൊഫ. കവിയൂർ ശിവപ്രസാദ്



## വിദ്യാഭ്യാസവും മൂല്യങ്ങളും – ഒരു അവലോകനം

ബിനു എബ്രഹാം



ലോകപരിസ്ഥിതി ദിനം
5 JUNE
WORLD Environment DAY
Bodhana
Tiruvalla Social Service Society
Pushpagiri Road,Tiruvalla -1
Ph. 0469 2730561, 2606063, Fax. 0469 2633295
E-mail : bodhanatiruvalla@gmail.com
www.bodhanatiruvalla.org

# ഐക്യദീപം

ജൂൺ 2017

പുസ്തകം 48 ലക്കം 6

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ


മാർക്കറ്റിംഗ് മാനേജർ
രഞ്ജു ഇരവിപേരൂർ

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
ജോയിസാം കോട്ടൂർ


ഓഫീസ് സെക്രട്ടറി
ബ്രദർ ജോൺ പുറത്തൂട്ട്

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്


## ഉള്ളടക്കം




07
സാംസ്കാരിക സമുദായം
റവ. ഡോ. ജോസഫ് വാളംപറമ്പിൽ


വേദപുസ്തക ഭാഷ്യം കലാസൃഷ്ടികളിലൂടെ 09
പ്രൊഫ. കവിയൂർ ശിവപ്രസാദ്






മൗനം–ദൈവത്തിന്റെ ചുംബനം 14
റവ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ





അത്ഭുതങ്ങളുടെ റോമാ നഗരം 17
കമാണ്ടർ റ്റി.ഒ.ഏലിയാസ്


22
ഫാത്തിമ-നൂറാം വാർഷികം
ബ്രദർ ചെറിയാൻ കുരിശുമൂട്ടിൽ





അല്മായരും കുടുംബവും
ജിനു എജി പാറപ്പാട്ട് 31





വിദ്യാഭ്യാസവും മൂല്യങ്ങളും–ഒരു അവലോകനം 25
ബിനു ഏബ്രഹാം



ഫോട്ടോസ്
വിനോദ് പെരിങ്ങര

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Printing at:
Biani Press, Ernakulam

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail: aikyadeepamtvla@gmail.com

എഡിറ്റോറിയൽ





editorial


# സത്യത്തിലേക്കെത്തുന്ന സംവാദത്തിന്റെ വ്യാകരണം പഠിക്കുക

ജൂൺ മാസം വിദ്യാലയങ്ങൾ തുറക്കുന്നു. വിദ്യാഭ്യാസ ചിന്തകളാൽ സജീവമാകുന്നു നമ്മുടെ സമൂഹം. ഏറ്റവും മികച്ച വിദ്യാലയങ്ങൾ, ഏറ്റവും കൂടുതൽ റിസൽറ്റ് നല്കുന്ന ഇടങ്ങൾ, മികവിന്റെ കേന്ദ്രങ്ങൾ ഇവയാണ് ചർച്ചകളിൽ ഇടം നേടുന്നത്. മനുഷ്യ സംസ്കരണം എന്ന പ്രാഥമിക ലക്ഷ്യം നമ്മുടെ മുൻപിലുണ്ട്. മൂല്യബോധനം പാഠ്യപദ്ധതിയുടെ ഭാഗമല്ലാതാകുന്നത്, അതുകൊണ്ട് ലാഭകരമായ ജോലിയോ വ്യവസായമോ സാധ്യമല്ലാത്തതിനാലാണ്. മതബോധനമാണ് പ്രസക്തമായ ഈ കർമ്മം നിർവ്വഹിക്കുന്നത്. റോമിൽ മെയ് മാസത്തിൽ 'കത്തോലിക്കാ വിദ്യാഭ്യാസത്തിലെ വെല്ലുവിളികളെ' കുറിച്ചു നടന്ന അന്തർദേശീയ കോൺഗ്രസിലെ പരാമർശങ്ങൾ പ്രസക്തമാണ്. കത്തോലിക്കാ വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യവും സാധ്യവുമാക്കണം, പ്രത്യേകമായും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തുന്നവർക്ക്. അവിടങ്ങളിൽ നമ്മുടെ വിശ്വാസത്തിന്റെ മാനുഷിക മുഖം അവതരിപ്പിക്കാൻ കഴിയണം. ഫ്രാൻസിസ് പാപ്പ പറയുന്നു, "ക്രിസ്തുമതത്തിലേക്ക് ആളുകളെ മാറ്റുകയെന്നതല്ല, നല്ല ജീവിതത്തിലേക്ക് പരിവർത്തനപ്പെടുത്തുകയാണ് ലക്ഷ്യം. ഏതു മതത്തിൽ വിശ്വസിക്കുന്നവനെയും ഉത്തമനാക്കുകയാണ് പ്രധാനം." രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കത്തോലിക്കാ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 'Gravissimum educationis' (ഗ്രാവിസ്സിമും എഡ്യുക്കേഷെണിസ്) എന്ന രേഖയുടെ 50-ാം വാർഷികാഘോഷങ്ങളിലാണ് ഇത് പറഞ്ഞത്. പൂർണ്ണമനുഷ്യനുതകുന്ന വിദ്യാഭ്യാസമാണാവശ്യം, പാർശ്വവത്കരിക്കപ്പെട്ടവനും ലഭ്യമാകുന്ന വിദ്യാഭ്യാസം ഇവയായിരുന്നു പാപ്പ ഉയർത്തിയ വെല്ലുവിളി. Congregation for Catholic Education-ന്റെ പ്ലീനറി അസംബ്ലിയിൽ ഫെബ്രുവരിയിൽ പാപ്പ പറഞ്ഞതും വ്യത്യസ്തമല്ല. വ്യക്തിരൂപീകരണം സാധ്യമാകുമ്പോൾ മാത്രമാണ് വിദ്യാഭ്യാസ സംവിധാനത്തിന് അർത്ഥമുണ്ടാകുന്നത്.

സംവാദം സാധ്യമാകുന്ന ലോകമാണാവശ്യം. ഹിംസ, ദാരിദ്ര്യം, ചൂഷണം, വിവേചനം, പാർശ്വവൽക്കരണം, പരിമിതി ഇവയുളവാക്കുന്ന നാശത്തിന്റെ സംസ്കാരം സമൂഹത്തിൽ വളരുന്നു. ഈ സാഹചര്യത്തിൽ, സംവാദത്തിന്റെ വ്യാകരണം മുഖ്യധാരയിൽ എത്തിക്കുകയാണ് കത്തോലിക്കാ വിദ്യാഭ്യാസ സംവിധാനങ്ങളുടെ ചുമതല. സംസ്കാരത്തിന്റെയും മതവൈവിധ്യത്തിന്റെയും ഉത്തേജകം ഇതാണ്, കൂടിക്കാഴ്ചയുടെ അടിസ്ഥാനവും. ആരോഗ്യകരമായ അന്തരീക്ഷത്തിൽ പരസ്പരബഹുമാനത്തോടെ സംവാദം സാധ്യമാകണം. കാലത്തിന്റെ വെല്ലുവിളികൾക്ക് ഉത്തരം പറയാനും, പാലം പണിയാനും കെല്പുള്ളവരായി പുതു തലമുറ വിദ്യാഭ്യാസത്തിലൂടെ മാറണം. സത്യം വെളിപ്പെടുത്താനുതകുന്ന, വി. തോമസ് അകിനാസിന്റെ ശൈലിയിലുള്ള, ബൗദ്ധിക സംവാദത്തിനുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് ലഭിക്കണം. പ്രത്യാശ വിതയ്ക്കുകയാണ് വിദ്യാഭ്യാസത്തിന്റെ സംഭാവന. ഫ്രാൻസിസ് പാപ്പയുടെ സന്ദേശം തന്നെയാണ് ഇത്തവണ ഐക്യദീപത്തിനും പങ്കുവയ്ക്കാനുള്ളത്. പുത്തൻ വിദ്യാഭ്യാസവർഷം ഏറ്റവും സുന്ദരമായ അനുഭവമാകട്ടെ എല്ലാവർക്കും.


**ഫാ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

# മനുഷ്യനെയും പ്രകൃതിയെയും ആദരിക്കുക



## ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



സുപ്രസിദ്ധ സുവിശേഷകൻ ബില്ലിഗ്രഹാം പറയുന്നു
"When Wealth is lost, nothing is lost;
When health is lost, something is lost;
When character is lost, everything is lost."

പ്രസിദ്ധമായ ഈ ചൊല്ല് വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തിയാണ് നാം കാണേണ്ടത്. വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം സ്വഭാവരൂപീകരണമാണ്. മനുഷ്യനെയും പ്രകൃതിയെയും മാത്രമല്ല സ്വയം ബഹുമാനിക്കുവാനും ആദരിക്കുവാനും മനുഷ്യൻ പഠിക്കേണ്ടതുണ്ട്. താൻ ജീവിക്കുന്ന പ്രപഞ്ചവുമായി ബന്ധം പുലർത്തുവാനും തന്റെ സഹജീവികളുമായി ആത്മബന്ധം പുലർത്തുവാനും അവനു കഴിയണം. ഇന്നു കാണുന്ന വിപത്തുകൾക്ക് കാരണം ഈ മേഖലകളിൽ സംഭവിക്കുന്ന വീഴ്ചകളാണ്. പറഞ്ഞറിയിക്കാൻ പറ്റാത്ത വിപത്തുകളാണ് മനുഷ്യസമൂഹം ഇന്ന് നേരിടുന്നത്. കാലാവസ്ഥയിലുള്ള മാറ്റം, മുമ്പ് ഇല്ലാതിരുന്ന രോഗങ്ങളുടെ ആക്രമണം, പ്രപഞ്ചത്തിലെ താപവർദ്ധന... എല്ലാം മനുഷ്യനെ ചിന്താകുലനാക്കുന്നു. ദക്ഷിണാഫ്രിക്കയുടെ സ്വാതന്ത്ര്യ സമരസേനായി നെൽസൻ മണ്ടേല പറയുന്നു : "Education is it most powerful weapon. We can use to change the world."

ഇന്നത്തെ ലോകത്തിന്റെ പ്രധാനശത്രു സ്വാർത്ഥത നിറഞ്ഞ മനുഷ്യൻ തന്നെ. മാനുഷികമായി അർത്ഥശൂന്യവും സാംസ്കാരികമായി ഫലരഹിതരുമാക്കി നമ്മെ മാറ്റുന്ന വലിയ ശത്രുവാണ് സ്വാർത്ഥത. ഭാരതത്തിലെ കുട്ടികൾ എവിടെയും മുൻപന്തിയിൽ നിൽക്കുന്നു എന്നത് നമ്മെ അഭിമാന പൂരിതരാക്കുന്നു. എന്നാൽ ഇന്നു നാം അനുഭവി



ക്കുന്ന ഏറ്റം വലിയ പ്രലോഭനം തിരുത്തലുകൾ ഒഴിവാക്കുക എന്ന ചിന്തയാണ്. കുട്ടികൾ എങ്ങനെ വളരണം, എങ്ങനെ രൂപീകരിക്കപ്പെടണം എന്നത് ഗൗരവമായി ചർച്ചചെയ്യപ്പെടേണ്ടതാണ്. കുട്ടികൾക്ക് വ്യക്തിത്വവും മനുഷ്യാവകാശവും ഉണ്ട്. എന്നാൽ അവർ യഥാവിധം നയിക്കപ്പെടേണ്ടവരും തിരുത്തപ്പെടേണ്ടവരുമാണ്. ശിക്ഷണം സ്കൂളുകളിൽ സാദ്ധ്യമല്ലാതെ വരുന്ന ഒരു പരിതോവസ്ഥയാണുള്ളത്. നല്ലതെന്തെന്ന് സ്വഭാവികമായി അറിയുക കുട്ടികൾക്ക് ബുദ്ധിമുട്ടാണ്. അവർ സ്പോഞ്ചു പോലെയാണ്. ശുദ്ധജലത്തിൽ ഇട്ടാൽ ശുദ്ധജലവും, ചെളിവെള്ളത്തിൽ ഇട്ടാൽ ചെളിയും അത് ആഗീരണം ചെയ്യും. ആയതിനാൽ മുതിർന്നവർക്കും അദ്ധ്യാപകർക്കും പ്രത്യേകിച്ചും മാതാപിതാക്കൾക്കും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വലിയ ഉത്തരവാദിത്വമുണ്ട്. നന്മ സാംശീകരിക്കുവാൻ അവർ ഒരുക്കപ്പെടണം.

അദ്ധ്യാപകരും മുതിർന്നവരും നിരീക്ഷിക്കപ്പെടുന്ന ഒരു അവസ്ഥ ഇന്നുണ്ട്. കുട്ടികൾക്കുള്ള അവകാശത്തെ ഒട്ടും കുറച്ചുകാണാതെ തന്നെ പറയട്ടെ, അവരെ തിരുത്തുവാൻ ശ്രമിക്കുന്ന അദ്ധ്യാപകർ ഇന്ന് അപകടത്തിലാണ്. സമൂഹവും നിയമ നൂലാമാലകളും അവരെ വേട്ടയാടുന്നു എന്ന്

പറയാതെ വയ്യ. രൂപീകരണത്തിന് കൂടുതൽ ഊന്നൽ കൊടുത്താൽ അപകടമാണ്. തീർച്ചയായും, ശാരീരികമോ മാനസികവുമോ ആയ പീഡനം അനുവദനീയമല്ല തന്നെ. കുട്ടിയുടെ വ്യക്തിത്വത്തെ ഹനിക്കുന്നതൊന്നും ശിക്ഷണത്തിൽ പാടില്ല എന്നുതന്നെയാണ് സഭയുടെ വീക്ഷണം. ഈ മേഖലയിൽ സഭ ഉപയോഗിക്കുന്ന വാക്കുകളിവയാണ് :

Educate - അഭ്യസിപ്പിക്കുക

Instruct - ഉപദേശം നൽകുക

Guide - മാർഗ്ഗദർശനം നൽകുക

Correct - തിരുത്തൽ നൽകുക

Discipline - ശിക്ഷണം (അച്ചടക്കം) നൽകുക. ഇവയിൽ എല്ലാം അടങ്ങിയിരിക്കുന്നു.

കാര്യങ്ങൾ ബോധ്യപ്പെടുത്തി കുട്ടികളുടെ സ്വഭാവത്തെ രൂപീകരിക്കേണ്ടതുണ്ട്. എല്ലാവരുടേയും വ്യക്തിത്വം ഒരുപോലെയല്ല; കുടുംബ പശ്ചാത്തലം ഒരുപോലെയല്ല; വളരുന്ന സാഹചര്യങ്ങളും വ്യത്യസ്തമാണ്. തന്മൂലം പ്രത്യാശയോടും ഏറെ ക്ഷമയോടും കൂടി കുഞ്ഞുങ്ങളുടെ രൂപീകരണ പ്രക്രിയയിൽ ഏർപ്പെടണം. ഇത് ദൈവീകമായ ഒരു ഉത്തരവാദിത്വം തന്നെ.

ഇനിയും കുട്ടികളുടെ ഭാഗത്ത് നിന്ന് ചിന്തിക്കാം: തങ്ങൾ കുട്ടികളായതുകൊണ്ട് എന്തുമാകാം, എങ്ങനെയുമാകാം എന്ന ചിന്ത അപകടകരമാണ്. അവർ തങ്ങളുടെ അലസതയെയും സ്വാർത്ഥതയെയും സ്ഥാപിതതാല്പര്യങ്ങളെയും ബലികഴിക്കാൻ തയ്യാറാകണം. സമൂഹത്തിന്റെയും അവരുടെതന്നെയും നന്മയ്ക്കുവേണ്ടി അവ ഉപേക്ഷിക്കുവാൻ തയ്യാറാകണം. ഈ മേഖലയിൽ മാതാപിതാക്കൾ മാതൃകയും മാർഗദർശനവും നൽകണം. മാതാപിതാക്കളുടെ സംസാരശൈലിയും

**പ്രപഞ്ചത്തിൽ ദൈവം ഉൾച്ചേർത്തിരിക്കുന്ന മഹാരഹസ്യങ്ങളെ മനസിലാക്കി നന്മയ്ക്കുവേണ്ടി അവയെ ഉപയോഗിക്കുവാനും മനുഷ്യജീവിതത്തെ ഗുണപരമായി സ്വാധീനിക്കുവാനും കഴിയുംവിധം, വിദ്യാഭ്യാസ കാലഘട്ടത്തെ കാണുവാൻ ഏവർക്കും കഴിയട്ടെ.**

ഇടപെടുന്ന രീതിയും കുഞ്ഞുങ്ങൾ ഒപ്പിയെടുക്കും. നന്മ തിന്മകൾ തിരിച്ചറിയാതെ അതേപടി ഉപയോഗിക്കുകയും ചെയ്യും. ചില മാതാപിതാക്കൾ സങ്കടത്തോടെ പറയുന്ന ഒരു കാര്യമാണ്: എന്റെ കുഞ്ഞിന്റെ വായിൽ നിന്ന് ഈ വാക്കുകൾ എങ്ങനെ ഉണ്ടായി എന്നത് അത്ഭുതമാണ്. സഹപാഠികൾ ഉപയോഗിക്കുന്ന വാക്കുകൾ കുട്ടികൾ വേഗം ഗ്രഹിക്കുന്നു എന്നതാണ് സത്യം. അതിനാൽ മാതാപിതാക്കളുടെ വലിയ ഉത്തരവാദിത്വമാണ് ഏതുതരം സ്കൂൾ തെരഞ്ഞെടുക്കണമെന്നത്. മാത്രമല്ല വ്യക്തിപരമായി കുട്ടികളെ ശ്രദ്ധിക്കുവാൻ അദ്ധ്യാപകരും മാനേജ്മെന്റും ശ്രദ്ധിക്കണം. പലപ്പോഴും പൊതുസമൂഹം, വിശേഷിച്ച് മാദ്ധ്യമങ്ങൾ ഈ മേഖലയിൽ സ്വാർത്ഥപരമായും ഉത്തരവാദിത്വരഹിതമായും ഇടപെടുന്നു എന്ന് സങ്കടത്തോടെ പറയേണ്ടിവരുന്നു. വാർത്തകൾ സൃഷ്ടിക്കുന്നതിലുപരി ഗുണപരമായ മാറ്റം ഉറപ്പാക്കുകയാവണം അവരുടെ ലക്ഷ്യം. പക്ഷേ കമ്പോളവ്യവസ്ഥിതിയുടെ ഇക്കാലത്ത് അതല്ല സംഭവിക്കുക.

The best teachers are those who show you where to look and not to tell you what to see.


The good teacher makes the poor student good, and the good student the best.

പ്രപഞ്ചത്തിൽ ദൈവം ഉൾച്ചേർത്തിരിക്കുന്ന മഹാരഹസ്യങ്ങളെ മനസിലാക്കി നന്മയ്ക്കുവേണ്ടി അവയെ ഉപയോഗിക്കുവാനും മനുഷ്യജീവിതത്തെ ഗുണപരമായി സ്വാധീനിക്കുവാനും കഴിയുംവിധം വിദ്യാഭ്യാസകാലഘട്ടത്തെ കാണുവാൻ ഏവർക്കും കഴിയട്ടെ.

ഭാരതത്തിന്റെ മുഖഛായ മാറ്റുന്നതിന് ക്രൈസ്തവ സമൂഹം വിദ്യാഭ്യാസത്തിലൂടെ നടത്തിയ പരിശ്രമങ്ങൾ അതുല്യമാണ്. ഭാരതത്തെ ലോകരാഷ്ട്രങ്ങൾക്കിടയിൽ വൻശക്തിയാക്കി ഉയർത്തിയത് വിദ്യാഭ്യാസത്തിന്റെ നന്മകളാണ്. എന്നാൽ കച്ചവടക്കണ്ണോടുകൂടി ഈ മേഖലയിലേയ്ക്ക് കടന്നുവരുന്ന വമ്പൻ ബിസിനസുകാർ ഈ രംഗത്തെ ദുഷിപ്പിക്കുന്നു; വ്യവസായവൽക്കരിക്കുന്നു. ഇത് ഗർഹണീയമായ അപരാധമാണ്. ഇത് നമ്മെ ചിന്തിപ്പിക്കുകയും ചിന്താകുലരാക്കുകയും ചെയ്യുന്നു. നല്ല വിദ്യാഭ്യാസം എന്നാൽ എന്താണ്? ശീതീകരിച്ച മുറികളിൽ ഇരുന്നുള്ള പഠനമോ, പഞ്ചനക്ഷത്ര ഹോട്ടൽ രീതിയിലുള്ള ആഹാരക്രമങ്ങളോ ആണെന്ന് തെറ്റിദ്ധരിച്ച് ആ വഴി തിരഞ്ഞെടുക്കുന്നവരോട് പറയാനുള്ളത് ഒന്നുമാത്രം: അപകടം പതിയിരിക്കുന്നു; ചതിക്കുഴിയാണിത്. ജീവിക്കുവാനും സഹജീവികളെ ഉൾക്കൊള്ളാനും പ്രകൃതിയെ മാനിക്കാനും ദൈവത്തെ ആരാധിക്കുവാനും സഹായിക്കാത്ത രൂപീകരണത്തെ വിദ്യാഭ്യാസമായി കണക്കാക്കുവാൻ സാധ്യമല്ല. ഈ മേഖല ശ്രദ്ധയോടെ കൈകാര്യം ചെയ്യപ്പെടണം. വിദ്യാഭ്യാസ നവീകരണത്തിനുള്ള കോത്താരി കമ്മീഷൻ പറയുന്നത് ശ്രദ്ധേയം: ഭാരതത്തിന്റെ ഭാവി ക്ലാസ്സുമുറികളിലാണ് രൂപപ്പെടുന്നത് എന്ന സത്യം നമുക്ക് മറക്കാതിരിക്കാം. അനുഗ്രഹീതമായ ഒരു അദ്ധ്യയനവർഷം ഏവർക്കും ആശംസിക്കുന്നു.



# സാംസ്കാരിക സമുദായം



റവ. ഡോ. ജോസഫ് വാളംപറമ്പിൽ

സംസ്കാരങ്ങൾക്ക് മനുഷ്യനോളം തന്നെ പഴക്കമുണ്ട്. ബുദ്ധിയും ഇച്ഛാശക്തിയും സ്വാതന്ത്ര്യവുമുള്ള മനുഷ്യൻ സാമൂഹ്യജീവി കൂടിയാണ്. മനുഷ്യന്റെ പാരമ്പര്യവും സ്വത്വത്തിന്റെ സാക്ഷാത്കാരവും അസ്തിത്വപരമായ മറ്റു പ്രത്യേകതകളും വ്യക്തികളുടെ കൂട്ടായ്മയിലേക്കും, ധാരണാപരമായ സംവിധാനങ്ങളിലേക്കും നയിക്കുന്നത് ജീവശാസ്ത്രപരമോ പ്രകൃത്യാനുരൂപമോ ആയ പ്രവണതകൾ എന്നതിനെക്കാളുപരി പ്രകൃത്യാതീതമായ മനുഷ്യന്റെ ലക്ഷ്യത്തിലേക്കും, ആത്മീകവും മതാത്മകവുമായ അനന്യതയിലേയ്ക്ക് നന്മതിന്മകളെ കുറിച്ചുള്ള തിരിച്ചറിവും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാനുള്ള ശേഷിയുമുള്ള മനുഷ്യൻ ഒരു ധാർമ്മികജീവി കൂടിയാണ്.

ലോകചരിത്രത്തിന്റെ ഗതിവിഗതികൾ പരിശോധിക്കുമ്പോൾ, ഓരോ കാലഘട്ടങ്ങളിലും നന്മയെക്കുറിച്ചുള്ള ബോധ്യവും അതിന്റെ പ്രകാശനങ്ങളുമാണ് സംസ്കാരങ്ങളെ താങ്ങിനിർത്തിയിട്ടുള്ളത് എന്നു മനസിലാകും. ഓരോ പ്രദേശങ്ങളിലും അതാതു പ്രാദേശിക സാഹചര്യങ്ങളുടെയും ദാർശനിക പാരമ്പര്യങ്ങളുടെയും വെളിച്ചത്തിലാണ് നന്മയെക്കുറിച്ചുള്ള അനുഭവങ്ങളുടെ സാക്ഷ്യപ്പെടുത്തലുകൾ വളർന്നുവന്നിട്ടുള്ളത്. ഓരോ ജനപദങ്ങളും അടിസ്ഥാനപര

മായി പ്രകൃതി, പ്രകൃത്യാതീത യാഥാർത്ഥ്യങ്ങൾ, കാലം, മനുഷ്യന്റെ ചിന്ത, സ്വാതന്ത്ര്യം, അറിവ്, മരണം തുടങ്ങിയവയെക്കുറിച്ചുള്ള ദർശനങ്ങളുടെ പശ്ചാത്തലത്തിലാണ് സംസ്കാരങ്ങളുടെ ചരിത്രപരമായ ഒരു അവലോകനം സാധിക്കുന്നത്.

യവനചിന്തയും ആർഷഭാരതസംസ്കാരവും മെസപ്പോട്ടോമിയൻ സംസ്കാരവുമെല്ലാം ഇപ്രകാരമുള്ള വളർച്ചയ്ക്ക് ഉദാഹരണങ്ങളാണ്. യവനചിന്തയും ആർഷഭാരതസംസ്കാരവും പ്രകൃതിയെ കേന്ദ്രീകരിച്ചുള്ള ചിന്താധാരകൾക്കൊണ്ട് സമ്പന്നമാണ്. അതുകൊണ്ടു തന്നെ പ്രകൃതിയിലെ പ്രതിഭാ



സങ്ങളുടെ ക്രമനിബന്ധതയും പ്രകൃതിയിൽ തന്നെ അന്തർലീനമായിരിക്കുന്നു. ഈശ്വരാംശവുമൊക്കെ പ്രധാനവികാരമായി നിൽക്കുന്ന അദ്വൈതവാദവും (Non Dualism) ഏകത്വവാദവും (monism) മാത്രമല്ല, ചാക്രികമായ കാലഘടനവും ഇവയുടെ മുഖമുദ്രയായി മാറുന്നു. മാറിമറിഞ്ഞു വരുന്ന പ്രകൃതിക്രമവും തദനുസരണം അനുപേക്ഷണീയമായ നവോത്ഥാനവും ഈ ചിന്താധാരയിൽ പ്രവർത്തികൾക്ക് അനുസൃതമായ 'കർമ്മഫല'ത്തിനും, പുനർജനനത്തിലൂടെ അനുസ്യൂതം തുടരുന്ന ചാക്രികമായ കാലപ്രവാഹത്തിനും വഴിമാറുന്നു. ഈ പ്രവാഹത്തിൽ ഓരോ വ്യക്തിക്കായും സ്വാതന്ത്ര്യത്തിനുള്ള സ്ഥാനം തുലോം ചെറുതാണെന്നു മാത്രമല്ല, ഈ മഹാപ്രവാഹത്തിനു മുമ്പിൽ സംഭവങ്ങളും വസ്തുതകളും 'വിധി' എന്ന മഹാപ്രഹേളികയായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു.


മധ്യപൂർവ്വേഷ്യയിലെ സംസ്കാരം സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഇടയന്മാരുടെ സംസ്കാരത്തിൽ നിന്നും ഉരുത്തിരിഞ്ഞതാകാനുള്ള സാധ്യതയാണ് ചരിത്രകാരന്മാർ എടുത്തു പറയുന്നത്. ഈ പ്രദേശങ്ങളിൽ മനുഷ്യന്റെ ചിന്താധാര 'യാത്രാ' സംസ്കാരത്തിന്റേതാണ്. ബൈബിളിലെ പുറപ്പാട് സംഭവവും, ശൂന്യതയിൽ തുടങ്ങി ക്രമേണയായി നടക്കുന്ന സൃഷ്ടികർമ്മങ്ങളുടെ പൂർണതയിലേക്ക് വന്ന മനുഷ്യനെ സൃഷ്ടിയുടെ മകുടമായി ചിത്രീകരിക്കുന്ന സൃഷ്ടിവിവരണവുമൊക്കെ പ്രതിനിധീകരിക്കുന്നത് ചാക്രികമായ ഒരു കാലദർശനത്തേക്കാൾ ക്രമേണയായി വികാസം പ്രാപിക്കുന്ന, പുരോഗമനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു 'രേഖാ'ത്മകമായ (linear) കാലദർശനത്തെയാണ്. സംഭവങ്ങളെ 'കർമ്മഫലം' അഥവാ 'വിധി' എന്നതിനെക്കാൾ സ്വതന്ത്രവും ക്രിയാത്മകവുമായ ഇടപെടലിലൂടെ ഗതിവിഗതികളെ മാറ്റി മറിക്കുവാൻ പര്യാപ്തമായ മനുഷ്യസ്വാതന്ത്ര്യത്തിന്റെ അനന്തവിഹായസിലേക്കാണ്.

യഹൂദ/ക്രിസ്ത്യൻ പാരമ്പര്യങ്ങളുടെ ഉറവിടമായ ബൈബിൾ പ്രതിനിധാനം ചെയ്യുന്ന സംസ്കാരം ഇപ്രകാരം കാലഘട്ടത്തെയും സംസ്കാരത്തെയും പുരോഗമനാത്മകമായ ഒരു പ്രത്യാശകൊണ്ടു നിറയ്ക്കുന്നതാണ്. പാപം ചെയ്തതു വഴി മാറിപ്പോകുന്ന മനുഷ്യനെ നേർപാതയിലേക്കു തിരികെ കൊണ്ടുവരുന്ന ദൈവകാരുണ്യവും രക്ഷയുടെ വാഗ്ദാനവും മിശിഹായുടെ ആഗമനത്തിനുള്ള പ്രതീക്ഷയും സർവ്വസൃഷ്ടികളുടെയും വീണ്ടെടുപ്പിലേക്കുള്ള ദിശാബോധവും എല്ലാം ഈ ദർശനത്തിന്റെ വിവിധ ഭാവങ്ങളാണ്. പുരോഗമനാത്മകമായ കാലഗതിയിൽ മിശിഹായുടെ മനുഷ്യാവതാരമാണ് നിർണായകമായി നില്ക്കുന്നത്.


മനുഷ്യന്റെ സ്വാതന്ത്ര്യവും ഓരോ വ്യക്തിയുടെയും തീരുമാനത്തിന്റെ അസ്തിത്വപരമായ പ്രാധാന്യവും ഓരോ വ്യക്തിയേയും ശ്രേഷ്ഠരായി മാറ്റുന്നു. വസ്തുനിഷ്ഠമായ സഭാപഠനങ്ങളെക്കാളുപരി സംഭവങ്ങളെക്കുറിച്ചുള്ള ആത്മനിഷ്ഠമായ അർത്ഥതലത്തിലേക്കും ഈ ദർശനം വിരൽ ചൂണ്ടുന്നു.

വിവിധ സംസ്കാരങ്ങൾ വിഘ്നമായ അർത്ഥത്തിൽ അനുപൂരകങ്ങളാണെങ്കിലും മനുഷ്യചരിത്രത്തിന്റെ ഗതിയിൽ പരസ്പരം സ്വാധീനിച്ചിട്ടുള്ളവയും അതിലൂടെ മനുഷ്യസമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും വ്യക്തികളുടെ

(ശേഷം പേജ് 12)



# വേദപുസ്തക ഭാഷ്യം കലാസൃഷ്ടികളിലൂടെ



പ്രൊഫ. കവിയൂർ ശിവപ്രസാദ്


"യനതി ഹാസ്തി തദന്വത്ര
യന്നേ ഹാസ്തി നതൽ-
-കചിൽ"

ഇതിലുള്ളത് മറ്റുള്ളിടത്തും കണ്ടേക്കാം. ഇതിലില്ലാത്തത് മറ്റെങ്ങും കണ്ടെത്തുവാനാവില്ല - എന്ന് മഹാത്മാവായ വ്യാസമഹർഷി 'മഹാഭാരത'ത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. എന്തൊരു ആത്മവിശ്വാസം. ഒരു നല്ല ശതമാനം വരെ വേദപുസ്തകത്തെപ്പറ്റിയും മേൽ പ്രസ്താവം അന്വർത്ഥമെന്നു തോന്നാം.


കലാകാരൻ നോക്കുമ്പോൾ അപ്രകാരവും കവി നോക്കുമ്പോൾ കാവ്യമായും ചിന്തകൻ നോക്കുമ്പോൾ ചിന്തയായും വിശ്വാസി നോക്കുമ്പോൾ വിശ്വാസമായും ഒക്കെ ബൈബിൾ രൂപാന്തരം പ്രാപിക്കാറുണ്ട്. ദാർശനികതയിൽ ദാർശനികമായും സ്നേഹമാണ് ദൈവം എന്നുറക്കെ പ്രഖ്യാപിച്ച് മനുഷ്യന്റെ നന്മയുടെ ഗ്രന്ഥമായും ഈ ആത്മീയ ധന്യതയെ വിലയിരുത്താവുന്നതാണ്.

പാശ്ചാത്യ സാഹിത്യത്തിലെ മിക്കവാറും എല്ലാ കവികളേയും ബൈബിൾ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ക്രിസ്തുവിന് മുമ്പ് ജനിച്ചുപോയി എന്ന തെറ്റിന്റെ ഫലമായി നരകത്തിൽ കഴിയേണ്ടി വന്ന യവന

ദാർശനികരെപ്പറ്റി, കവി ഡാന്റെ 'ഡിവൈൻ കോമഡി' യിൽ പറയുന്നുണ്ട്. തുടർന്നു വന്ന എല്ലാ കവികൾക്കും കലാകാരന്മാർക്കും പ്രചോദനവും നേർവഴിയുമൊക്കെയായി ഈ വിശുദ്ധ ഗ്രന്ഥം നിലകൊണ്ടു. ഡോസ്റ്റോവ്സ്കിയേയും ടോൾസ്റ്റോയിയേയും മാത്രമല്ല തുടർന്നു വന്ന സാഹിത്യകാരന്മാരുടെ കൃതികളിലും ബൈബിളിന്റെ അദൃശ്യസാന്നിദ്ധ്യം കാണാവുന്നതാണ്. കാനായിലെ കല്യാണത്തിന് വെള്ളം വീഞ്ഞായതിനെക്കുറിച്ച് ജലം തന്റെ യജമാനനെ കണ്ടപ്പോൾ മുഖം ചുവന്നു എന്നു ലോഡ് ബൈറൻ കാവ്യഭാഷയിൽ രചിക്കയുണ്ടായി. നിരവധി സാഹിത്യകൃതികൾക്ക് ആധാരമായി ബൈബിൾ നിലകൊണ്ടു. പ്രസിദ്ധ ഗ്രീക്ക് സാഹിത്യകാരനായ നിക്കോസ് കസാൻദ്സാക്കീസിന്റെ 'ലാസ്റ്റ് ടെംപ്ടേഷൻ ഓഫ് ക്രൈസ്റ്റിൽ' ക്രിസ്തുവിന്റെ മാനുഷിക ഭാവത്തിന് പ്രാധാന്യം കൊടുത്തു. ഡാൻ ബ്രൗണിന്റെ 'ഡാവിഞ്ചികോഡി'ലൂടെ ഒരു വ്യത്യസ്ഥമായ സമീപനമാണ് നിലകൊണ്ടത്. നാടകങ്ങളിലും ചിത്രകലയിലും സംഗീതത്തിലും എല്ലാം ക്രിസ്തുവും ബൈബിളും നൂറ്റാണ്ടുകളോളം നിറഞ്ഞുനിന്നു.



ലോഡ് ബൈറൻ




ലോക പ്രശസ്തരായ ചിത്രകാരന്മാരെല്ലാം തന്നെ ക്രിസ്തുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളും തങ്ങളുടെ മാധ്യമത്തിലൂടെ കലാസൃഷ്ടിയാക്കി മാറ്റി. പലപ്പോഴും ശുഭചിന്തകളേയും സദ്പ്രവർത്തികളേയും ക്രിസ്ത്വാനുഭവങ്ങളായി കലാകാരന്മാർ പുനഃസൃഷ്ടിച്ചു. സിനിമയിലാവട്ടെ ചലച്ചിത്രാരംഭ കാലഘട്ടങ്ങളിൽപ്പോലും ക്രിസ്തുകഥ അവരെയെല്ലാം സ്വാധീനിച്ചിരുന്നു. അത്തരം ഒരു ചലച്ചിത്രം ഇന്ത്യയിൽ, ബോംബെയിൽ പ്രദർശിപ്പിച്ചതു കണ്ട ദാദാ സാഹേബ് ഫാൽക്കേ അതിനു സമാനമായ ഒരു ഹൈന്ദവ കഥ ഉണ്ടാക്കുകയും അപ്രകാരം ഇന്ത്യയിലെ പ്രഥമ ചലച്ചിത്രമായ 'രാജ ഹരിശ്ചന്ദ്ര' നിർമ്മിക്കപ്പെടുകയും ചെയ്തു. നാളിതുവരെ നിരവധി ബൈബിൾ ചിത്രങ്ങൾ പുറത്തുവന്നിട്ടുണ്ട്. സാങ്കേതിക തികവിന്റെ മികവിൽ പല ചിത്രങ്ങളും കാലത്തെ അതിജീവിച്ചു നില്ക്കുന്നു. 'ടെൻ കമാന്റ്മെന്റ്സ്, ബെൻഹർ, കോവാദീസ്, ബൈബിൾ, ഗോസ്പൽ അക്കോർഡിംഗ് ടു സെയ്ന്റ് ജോൺ' തുടങ്ങി നല്ലതും ചീത്തയുമായ (?) നിരവധി ചിത്രങ്ങൾ വിവിധ ഭാഷകളിലായി പുറത്തിറങ്ങുകയുണ്ടായി. 'ആദിപാപം' എന്ന മലയാള സെക്സ് ചിത്രം ആദത്തിന്റെയും ഹവ്വയുടെയും നഗ്നത കാട്ടി സാധാരണ പ്രേക്ഷകന്റെ നിഷ്കളങ്കതയെ ചൂഷണം ചെയ്ത സംഭവം മലയാള സിനിമാ ചരിത്രത്തിലെ പൊറുക്കാവുന്ന ഒരു തെറ്റായി ഇന്നും കണക്കാക്കുന്നു. അന്ന് ഇന്നത്തെപ്പോലെ യൂട്യൂബോ ഇന്റർനെറ്റ് സൈറ്റുകളോ ഉണ്ടായിരുന്നില്ല. ബൈബിൾ കഥകളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു 'നോഹ.' ഇതിലൂടെ നോഹ മാത്രമല്ല, തന്റെ പിൻതലമുറയിൽപ്പെട്ടവരെപ്പറ്റിയും ഇവിടെ പരാമർശിക്കുന്നുണ്ട്.

നോഹ എന്ന വാക്കിന്റെ



അർത്ഥം വിശ്രമം (Rest) അല്ലെങ്കിൽ സുഖകരമായ ആശ്വാസം (Comfort) എന്നാണ്. നോഹയുടെ അച്ഛൻ ലാമേക്കും, ലാമേക്കിന്റെ അച്ഛൻ മേഥൂസലായുമാണ്. മേഥൂസലായുടെ പിതാവ് ഹാനോക്ക് ആയിരുന്നു. ഹാനോക്ക് (ഈനോക്ക് എന്നും പേരുണ്ട്) ആയിരുന്നു അക്ഷരവിദ്യ കണ്ടുപിടിച്ചതെന്ന് അറബികൾ വിശ്വസിക്കുന്നു. ഹാനോക്കിനെ ദൈവം എടുത്തുകൊണ്ടത് വിശ്വാസികളുടെ സമൂഹമാകുന്ന സഭയെ സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കുന്നതിന്റെ പുരാവൃത്തമാണ്. അക്ഷരവിദ്യ ഹാനോക്കിന്റെ കാലത്ത് നടന്നു എന്നു വിശ്വസിക്കു



കസാൻദ്സാക്കീസ്

മ്പോൾ അതുമായി ബന്ധപ്പെട്ട ഒരു സംഭവം ശ്രദ്ധേയമാണ്. ബി. സി. 469-ൽ കൽപ്പണിക്കാരനായ സോഫ്രോനിസ്ക്കസിന്റേയും വയറ്റാട്ടിയായ ഫീനറെറ്റിന്റെയും മകനായി ജനിച്ച സോക്രട്ടീസ് ലോകത്തിലെ ഏറ്റവും വലിയ ജ്ഞാനിയായിരുന്നു. പക്ഷേ അദ്ദേഹം നിരക്ഷരനായിരുന്നു. ബി. സി. 427 -ൽ ജനിച്ച്, സോക്രട്ടസിന്റെ ശിഷ്യനായിത്തീർന്ന പ്ലേറ്റോ, സോക്രട്ടീസുമായി അദ്ദേഹത്തിന്റെ ശിഷ്യന്മാരും അടുത്തവരും നടത്തുന്ന സംഭാഷണങ്ങൾ ആലേഖ്യം ചെയ്ത് സൂക്ഷിച്ചിരുന്നു. അതിൽപ്പെടുന്ന ഒരു കൃതിയാണ് ഫീദ്രസ്സ് (Phaedrus). ഇതിൽ ഫീദ്രസ്സ് തന്റെ ഗുരുവായ സോക്രട്ടീസുമായി നടത്തുന്ന സംവാദം ശ്രദ്ധേയമാണ്. അതിൽ പലതരത്തിലുള്ള വിഷയങ്ങൾ ആത്മാവ്, ഉന്മാദം, പ്രചോദനം, എഴുത്ത്, കല തുടങ്ങി പല വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. ആലേഖ്യ സമ്പ്രദായം - വിശിഷ്യ: എഴുത്തും അതിന്റെ ഗ്രാഹ്യ വ്യാഖ്യാനമായ വായനയെക്കുറിച്ചും സംസാരിക്കുന്നുണ്ട്. തത്സമയം സോക്രട്ടീസ് ഒരു പഴങ്കഥ പറയുന്നുണ്ട്. ഗ്രീസിലും ഈജിപ്തിലും മറ്റും വിശ്വസിച്ചിരുന്ന 'ത്യൂത്ത്' എന്ന ദേവൻ 'താമൂസ്' എന്ന രാജാവിന്റെ മുമ്പിലെത്തി സ്മരണകൾ ആലേഖ്യം ചെയ്യുകയും പിന്നീട് ഉപയുക്തമാക്കാൻ കഴിയുന്നതുമായ ആലേഖ്യ വിദ്യയുടെ ഗുണങ്ങൾ പറഞ്ഞ് ആ വിദ്യ രാജാവിന് നല്കാമെന്നും പറയുന്നു. ആവർത്തിച്ച് ഹൃദിസ്ഥമാക്കേണ്ട ഒരു പരിശീലനമാണ് ഓർമ്മ. അങ്ങ് പറയുന്ന അക്ഷരവിദ്യയാവട്ടെ ഓർമ്മശക്തിയുടെ പ്രയോഗികതയ്ക്ക് എതിരായി നില്ക്കയും ബുദ്ധിയുടെ ആന്തരിക ഊർജ്ജത്തിനു പകരം ഭൗതികമായ ബാഹ്യോപാധിയുടെ സഹായം കൊണ്ട് മനുഷ്യർ കാര്യങ്ങൾ ഓർത്തു പഠിക്കുവാൻ തുടങ്ങുകയും അത് മനുഷ്യരാശിക്ക് ദോഷമായി ഭവിക്കും എന്നു പറഞ്ഞ് ദേവന്റെ സൗമനസ്യത്തെ നിരാകരിക്കുന്നു. എഴുത്തും മറ്റ് ലിഖിത പ്രവർത്തനങ്ങളും മനുഷ്യരുടെ നൈസർഗ്ഗിക പ്രതിഭയെ ഇല്ലാതാക്കി ഭൗതിക പ്രക്രിയയിലൂടെ അവനിലെ നന്മ ഇല്ലാതാക്കും എന്ന് പറയുന്നു. അക്കാരണത്താൽ തന്നെ സോക്രട്ടീസും അക്ഷരവിദ്യയെ നിരാകരിക്കയായിരുന്നു. പഴയ കാലത്ത് കേരളത്തിൽ നമ്പൂതിരി ഭവനങ്ങളിൽ നിലനിന്നിരുന്ന വേദപഠനം കേട്ടുപഠനമായിരുന്നു. ഓതിക്കന്മാർ (ഓത്തന്മാർ) ചൊല്ലിക്കൊടുക്കുന്നത് ഉണ്ണി നമ്പൂതിരിമാർ കേട്ട് ഗ്രഹിക്കയായിരുന്നു.

ഹാനോക്ക് അക്ഷരവിദ്യ പഠിപ്പിച്ചത് ദൈവനിശ്ചയ പ്രകാരമായിരുന്നു. 365 വർഷം ആയുസ്സുണ്ടായിരുന്ന ഹാനോക്ക് 300 വർഷത്തോളം ദൈവത്തോടൊപ്പം നടന്നു. മേഥൂസലാ 969 വർഷം ജീവിച്ചിരുന്നു. നോഹ 950 വർഷവും ജീവിച്ചിരുന്നതായി പറയുന്നു. ഹാനോക്ക് എന്ന വാക്കിന്റെ അർത്ഥം സമർപ്പിതൻ (Dedicated)എന്നാണ്. ഉല്പത്തി പുസ്തകത്തിൽ രണ്ട് ഹാനോക്കുകളെപ്പറ്റി പറയുന്നുണ്ട്. കായീന്റെ പുത്രനായ ഹാനോക്കാണ് ഒന്ന്. ദൈവസന്നിധി വിട്ട് ഓടിപ്പോയ കയീൻ പണിത ആദ്യ പട്ടത്തിനും ഹാനോക്കിന്റെ പേരാണ് ഇട്ടത്.

ഹാബേലിനെ കൊലപ്പെടുത്തിയ ശേഷം കയീൻ ദൈവസന്നിധി വിട്ട് ഏദന് കിഴക്ക് 'നോദ്' ദേശത്തു ചെന്ന് പാർത്തശേഷം, ആദാമിനുണ്ടായ പുത്രൻ 'ശേത്തി'ന്റെ പാരമ്പര്യത്തിൽ 'യാരെദ്'നു ജനിച്ച പുത്രനായിരുന്നു ഹാനോക്ക്. ഹാനോക്കിന്റെ സംഭാവനകൾ മനുഷ്യരാശിക്കു തന്നെ പിന്നീട് പ്രയോജനപ്പെട്ടതായി വിശുദ്ധ ഗ്രന്ഥം പറയുന്നു.

നിരവധി കലാസ്വരൂപങ്ങൾക്ക് കാരണഭൂതമായ ഈ ഗ്രന്ഥത്തിൽ നിന്നും ഉൾക്കൊണ്ടിട്ടുള്ള വർദ്ധിത വീര്യം പല സിനിമകളായി വന്നിട്ടുണ്ട്. അതേപ്പറ്റിയുള്ള പഠനം തീർച്ചയായും പ്രസക്തമാണ്.

ബഹുമാന്യനായ സിബു ഇരിമ്പിനിക്കൽ അച്ചൻ അത്തരം ഒരു സംരംഭത്തിന് തുടക്കം കുറിച്ചിട്ടുണ്ട് എന്നത് സ്വാഗതാർഹമായ ഒരു കാര്യമാണ്. പീഢനത്തിന്റെ ദൈവശാസ്ത്രം ബ്രസ്സോൺ ചിത്രങ്ങളിൽ എന്ന അദ്ദേഹത്തിന്റെ പ്രൗഢഗ്രന്ഥം ആത്മീയതയ്ക്കും കലാവീക്ഷണത്തിനും ഒരു മുതൽക്കൂട്ടാവും. അദ്ദേഹത്തിന്റെ ആ കൃതി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി നമുക്ക് കാത്തിരിക്കാം. ●

## സാംസ്കാരിക സമുദായം 8-ാം പേജ് തുടർച്ച

വിമോചനത്തിനും അർത്ഥപൂർണമായ ജീവിതത്തിലേക്കും ആത്മസാക്ഷാത്കാരത്തിന്റെ സാധ്യതകളിലേക്കും നയിച്ചിട്ടുള്ളവയുമാണ്.

അല്പം പുളിപ്പ് മാവിനെ പുളിപ്പിക്കുന്നതുപോലെ (ലൂക്കാ 13-21) നന്മയുടെ ദർശനം സംസ്കാരത്തെ സ്വാധീനിക്കണം. ദൈവത്തെ പിതാവായും എല്ലാ മനുഷ്യരെയും സഹോദരരുമായി കാണുന്ന ബൈബിൾ അധിഷ്ഠിതമായ ദർശനമാണ് മനുഷ്യന്റെ സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം തുടങ്ങിയ ആധുനിക മൂല്യങ്ങളുടെ അന്തർധാര.



ക്രൈസ്തവ മിഷണറിമാരുടെ സമർപ്പിതമായ ശുശ്രൂഷ വഴി തങ്ങൾ കടന്നുചെന്ന പ്രദേശങ്ങളിലെല്ലാം ഈ ദർശനത്തെ അടിസ്ഥാനമാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും, സാമൂഹിക സേവനവും, മനുഷ്യന്റെ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ബോധവത്കരണം നടത്താനും മൂല്യാധിഷ്ഠിതമായ സാമൂഹിക വളർച്ച ഉറപ്പുവരുത്താനും പരിശ്രമിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി അവകാശങ്ങളെപ്പറ്റി ബോധവത്കരണം ലഭിച്ച അസംഘടിത സമൂഹങ്ങൾ തങ്ങൾ അതാതു കാലഘട്ടത്തിൽ നേരിട്ടിട്ടുള്ള സാമൂഹികവും സാമുദായികവുമായ ചൂഷണങ്ങളെ എതിർക്കുവാനും സംഘടിതരാകാനും തങ്ങളുടെ അവകാശസംരക്ഷണത്തിനു വേണ്ടിയുള്ള സംഘടിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും തയ്യാറായതിന്റെ ഫലമായി ചിലയിടങ്ങളിലെങ്കിലും തങ്ങളുടെ സാമൂഹികമായ മേൽക്കോയ്മയ്ക്കു അപകടമാകുമെന്ന ഭയം മൂലം ക്രൈസ്തവ മിഷനറിമാർക്കെതിരെയുള്ള ആക്രമണങ്ങൾ സമൂഹത്തിലെ ചൂഷകവർഗ്ഗങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ളതും ചരിത്രം തെളിയിക്കുന്ന സത്യമാണ്. ഇന്ത്യയിൽ തന്നെ മിഷനറിമാർക്കെതിരെയും വൈദികർ, സന്യസ്തർ തുടങ്ങിയവർക്കെതിരെയും ചില പ്രദേശങ്ങളിലെങ്കിലും ക്രൈസ്തവ കൂട്ടായ്മകൾക്കെതിരെയും നടന്നിട്ടുള്ള അതിക്രമങ്ങളിൽ പലതിന്റെയും പിന്നിലുള്ള ചേതോവികാരം മതപരിവർത്തനത്തോടോ ദർശനങ്ങളോടോ എന്നതിനെക്കാളുപരി ഇപ്രകാരം തങ്ങളുടെ മേൽക്കോയ്മക്കും ചൂഷണത്തിനും സംഭവിക്കാവുന്ന അപകടത്തെക്കുറിച്ചുള്ള ഭയമാണെന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്.

തങ്ങളുടെ വിദ്യാഭ്യാസത്തിലൂടെയും മനനത്തിലൂടെയും വിശാലമായ ദർശനത്തിനു മുമ്പിൽ സത്യസന്ധത പുലർത്തിയവരും മനുഷ്യന്റെ അവകാശങ്ങളെക്കുറിച്ചും മനുഷ്യന്റെ ശ്രേഷ്ഠതയെക്കുറിച്ചുമുള്ള മൂല്യങ്ങൾ മനസ്സിലാക്കുകയും ചെയ്തവരാണ് സാമൂഹികമാറ്റങ്ങൾക്ക് ചരിത്രത്തിൽ ചുക്കാൻപിടിച്ചിട്ടുള്ളത്. ഭാരത ചരിത്രത്തിലും പല സമയങ്ങളിലും നടമാടിയിട്ടുള്ള അനാചാരങ്ങൾ ഉന്മൂലനം ചെയ്യുന്നതിൽ ഇപ്രകാരമുള്ളവരാണ് പങ്കുവഹിച്ചത്. രാജാറാം മോഹൻ റോയി തുടങ്ങിയവർ സതിക്കെതിരെ നടത്തിയ നീക്കങ്ങൾ, ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ, തീണ്ടൽ തുടങ്ങിയ സാമൂഹ്യതിന്മകൾ നീക്കം ചെയ്യുന്നതിന് ക്രൈസ്തവ മിഷനറിമാർ തങ്ങളുടെ സേവനപ്രവർത്തനങ്ങളിലൂടെയും പ്രത്യേകിച്ച് വിദ്യാഭ്യാസരംഗത്ത് തങ്ങളുടെ


നിസ്വാർത്ഥവും നീതിനിഷ്ഠവും സേവനോന്മുഖമായ പ്രവർത്തനങ്ങളിലൂടെ വഴിതെളിച്ചു എന്നത് ഭാരതചരിത്രത്തിന്റെ ഭാഗമാണ്.

സോഷ്യലിസവും കമ്മ്യൂണിസവും അവകാശപ്പെടുന്ന സമത്വത്തിലും സമൂഹത്തിന്റെ പൊതുനന്മയിലും അധിഷ്ഠിതമായ ദർശനവും മാതൃകയും ആദിമ ക്രൈസ്തവസഭയിൽ നാം കാണുന്നു (അപ. പ്രവ). ലോകചരിത്രം പരിശോധിക്കുമ്പോൾ പുരോഗമനാത്മകമായ ചരിത്രത്തെക്കുറിച്ചും പ്രത്യാശ നിറഞ്ഞ ഭാവിയെക്കുറിച്ചുള്ള ദർശനങ്ങളുടെ അന്തർധാര ക്രൈസ്തദർശനത്തിന്റെ സംഭാവനയാണെന്നു മനസിലാക്കാം. എല്ലാം നന്മയ്ക്കായി തീർക്കുന്ന ദൈവപദ്ധതിയും മനുഷ്യാവതാരത്തിലൂടെയും രക്ഷാകരണങ്ങളിലൂടെയും ദൈവം മനുഷ്യനു നല്കിയ രക്ഷയുടെ അച്ചാരവും യുഗാന്ത്യത്തിൽ സർവ്വത്തിന്റെ സമഗ്രമായ പുനഃസൃഷ്ടിയും വ്യക്തിയെ മാത്രമല്ല ലോകം മുഴുവനും നവീകരിക്കുന്ന ദൈവരാജ്യത്തിന്റെ സാക്ഷാത്കാരത്തിൽ പ്രത്യാശയോടെ ഓരോരുത്തരും തങ്ങളുടെ സ്വതന്ത്രമായ തീരുമാനത്തിലൂടെയും തദനുസൃതമായ പ്രവർത്തനങ്ങളിലൂടെയും സഹകരിക്കുന്നതിന്റെയും വിളിയിലേക്കും വെല്ലുവിളിയിലേക്കുമാണ്.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വളർന്നു വന്നിട്ടുള്ള മാനവീയ പ്രസ്ഥാനങ്ങൾ, സാമൂഹ്യോദ്ധാരണ പ്രവർത്തനങ്ങൾ എന്നിവയുടെയെല്ലാം പിന്നിലുള്ളത് ഇപ്രകാരം സാംസ്കാരികമായ അനുപൂരണങ്ങളുടെയും പാരസ്പര്യത്തിന്റെയും കഥകളാണ്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ വളർന്നുവന്ന വിമോചനങ്ങളുടെ ശാസ്ത്രം അവിടങ്ങളിൽ മാത്രമല്ല ലോകമാസകലം മനുഷ്യരുടെ വിമോചനപ്രവർത്തനങ്ങൾക്കും തന്മൂലമുള്ള സാമൂഹിക വികസനങ്ങൾക്കും വഴി തെളിയിക്കുകയുണ്ടായി.

ശാസ്ത്രം, സാങ്കേതിക വിദ്യ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ തുടങ്ങിയവയിൽ വന്ന ത്വരിതവും അത്ഭുതാവഹവുമായ വളർച്ച ലോകം മുഴുവനും സ്വാധീനിച്ചിട്ടുള്ള ഒന്നാണ്. അതിന്റെ നന്മയെക്കാളുപരി അതിന്റെ നിഷേധാത്മകമായ സ്വാധീനമാണ് കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ സാംസ്കാരിക സമവായങ്ങളും നന്മ-തിന്മകളെക്കുറിച്ച് വ്യക്തിക്ക് വ്യക്തമായ ധാരണയും ബോധ്യവുമുണ്ടാകേണ്ടത് ആവശ്യമാണ്. ക്രൈസ്തവമൂല്യങ്ങളാണ് പാശ്ചാത്യ സാംസ്കാരിക വളർച്ചയിൽ അതിപ്രധാനമായ സംഭാവന നല്കിയതെങ്കിലും സമകാലികമായ സാഹചര്യങ്ങളുടെയും സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന അപചയങ്ങളുടെയും വെളിച്ചത്തിൽ പാശ്ചാത്യസംസ്കാരത്തെ ക്രൈസ്തവ സംസ്കാരത്തിൽ നിന്നും വ്യക്തമായും വ്യതിരിക്തമായും കാണേണ്ടതാവശ്യമാണ്. മൂല്യങ്ങളെ മൂല്യങ്ങളായി മനസിലാക്കുകയും വ്യക്തമായ ബോധ്യത്തോടുകൂടിയും ആത്മീകമായ ദർശനത്തോടുകൂടിയും നന്മയും തിന്മയും ഏതെന്ന് മനസ്സിലാക്കി നന്മ സ്വാംശീകരിക്കണം. തിന്മയെ അകറ്റാൻ മാത്രമല്ല വ്യവസ്ഥാപിതമായ തിന്മകളെ എതിർക്കാനും സാധിച്ചെങ്കിൽ മാത്രമേ ആനുകാലിക സാഹചര്യത്തിൽ വ്യക്തിക്ക് അർത്ഥപൂർണ്ണമായ ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കുന്നതിനുതകുന്ന രീതിയിലും സാംസ്കാരിക സംശ്ലേഷണം സാധ്യമാകൂ.






# മൗനം–ദൈവത്തിന്റെ ചുംബനം



**റവ. ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**


മൗനം നിഗൂഢമായ തെന്തോ ഒളിപ്പിക്കാറുണ്ട് എല്ലായ്പ്പോഴും. ആത്മാന്വേഷണത്തിലും ദൈവാന്വേഷണത്തിലും മൗനം പുതുവഴികൾ തെളിക്കുന്നു. ദൈവത്തിന്റെ മറുപടികൾ മൗനം കൊണ്ടാവുമ്പോൾ വിശ്വാസി പലപ്പോഴും തളർന്നു പോകാറുണ്ട്. അത് ഒരു അടയാളമാണ്, ദേവജ്ഞാനത്തിന്റെ സഞ്ചാരത്തിൽ ഒരുവൻ മുന്നേറുന്നതിന്റെയും ദൈവം ഒരുവനു വെളിപ്പെടുത്തുന്നതിന്റെയും. മൗനം വേദവിൽ ആഗ്രഹം പ്രാർത്ഥനയായ് മാറുകയും ചെയ്യുന്നു. ദൈവാന്വേഷണത്തിന്റെ തീവ്രവ്യഥകളാൽ മുറിവേറ്റ വൈദികന്റെ ജീവിതം ഉടനീളം ഒരു കൂദാശപോലെ ബെർണനോ വരച്ചുകാട്ടുന്നു.

ദൈവത്തിന്റെ മൗനം വിശ്വാസിയെ വെല്ലുവിളിക്കുന്നു. യോഹന്നാന്റെ പിറവിയും പേരിടീലും വരെ മൗനവാല്മീകത്തിലൊളിക്കേണ്ടി വന്ന സഖറിയായുടെ ജീവിതം, ഒരു കാര്യം കൂടി വ്യക്തമാക്കുന്നു. മൗനം

നിപ്പിക്കുന്നു. സങ്കീർത്തനത്തിൽ ദാവീദിന്റെ വിലാപം പോലെ, എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു! എന്നെ സഹായിക്കാതെയും എന്റെ രോദനം കേൾക്കാതെയും, അകന്നു നിൽക്കുന്നതെന്തുകൊണ്ട്? എന്റെ ദൈവമേ, പകൽ മുഴുവൻ ഞാൻ അങ്ങയെ വിളിക്കുന്നു; അങ്ങു കേൾക്കുന്നില്ല; രാത്രിയിലും വിളിച്ചപേക്ഷിക്കുന്നു! അങ്ങു കേൾക്കുന്നില്ല; (സങ്കീർത്തനം 22/1–2) ഈ നിലവിളി ഗോഗുൽത്തായുടെ ഉയരങ്ങളിൽ നിന്നു മുഴങ്ങിക്കേട്ടു. പകലും രാത്രിയും ദൈവത്തെ തേടുകയും മറുപടി മൗനമാവുകയും ചെയ്യുന്നതിന്റെ നിരന്തര പീഡനത്താൽ മുറിവേറ്റ ഒരുപാട് വിശുദ്ധരും കലാകാരന്മാരുമുണ്ട്. ‘The Diary of a Country Priest’ എന്ന ജോർജ് ബെർണോയുടെ (George Bernanos) വിഖ്യാത ഫ്രഞ്ച് നോവലിലെ കഥാനായകനായ വൈദികൻ ഇതേ അനുഭവം പങ്കുവയ്ക്കുന്നു. സ്വന്തം മുറിയിൽ നിന്നും രാവും പകലും ദൈവാലയത്തിലേക്ക് പ്രാർത്ഥനയ്ക്കിറങ്ങിയിട്ടും പ്രാർത്ഥിക്കാൻ കഴിയാതാവുകയും ഒട

ദൈവത്തിന്റെ ഭാഷയാണ്. ദൈവാന്വേഷികളെ കാത്തിരിക്കുന്നത് ദേവഭാഷയായ മൗനമാണ്. മൗനം പകരുന്ന ആശങ്കയും നീതിമാനായ ജോബിന്റെ സ്വരവും ഇതുതന്നെ. "ഞാൻ അങ്ങയോട് നിലവിളിക്കുന്നു, അങ്ങെനിക്ക് ഉത്തരം നൽകുന്നില്ല" (ജോബ് 30/20). മൗനം കൊണ്ട് ദൈവാന്വേഷകനെ അവിടുന്നൊരുക്കുന്നു. രഹസ്യങ്ങളുടെ നിധിതേടിയിറങ്ങാൻ, നിഗൂഢ സത്യങ്ങളെ തൊട്ടറിയാൻ പ്രാപ്തനാകുന്നു. ദുഃഖശനിയെ ഏറ്റം ഗൂഢമായ ദിനമായി പരിഗണിക്കുന്നത് പ്രപഞ്ചം മുഴുവൻ മൗനം പടർന്നതിനാലാണ്. അന്ന് ദൈവപുത്രൻ കല്ലറയുടെ മൗനത്തിലായിരുന്നു. ഇസ്താംബൂളിലെ ഒരു ദേവാലയത്തിലെ പ്രശസ്തമായ 'Harrowing of Hades' (13:5) എന്ന ചുമർചിത്രം സ്മരണീയമാണ്. ബോൾഷെവിക് വിപ്ലവകാലത്ത് റോമനോവ് കുടുംബത്തിലെ (Tsar Nicholas III ഉൾപ്പെടുന്ന) Agnes Lindlof ന്റെ ജീവിതം പറയുന്ന 'The Silence of God' എന്ന Gale Sears ന്റെ നോവലിന്റെ പ്രമേയം വിപ്ലവം നിശബ്ദമാക്കാൻ ശ്രമിക്കുന്ന ദൈവത്തേക്കുറിച്ചുള്ള ചിന്തകൾ ഏയ്നിയിൽ നടത്തുന്ന പരിവർത്തനമാണ്.

മൗനത്താൽ ഹൃദയത്തെ ജ്വലിപ്പിക്കുന്ന ദൈവത്തെ കാണിച്ചുതരുന്നത് കത്തോലിക്കാ സഭയിലെ എക്കാലത്തേയും വലിയ മിസ്റ്റിക്കായ കുരിശിന്റെ വി. യോഹന്നാൻ ആണ് (St. John of the Cross). മൗനത്തിന്റെ അഗ്നിയേറ്റ ഹൃദയം ദൈവവചനവും വിജ്ഞാനവുമായ ക്രിസ്തുവുമായി പ്രണയസംയോഗം സാധ്യമാക്കുന്നു. ആത്മാവിന്റെ ഇരുണ്ടരാത്രികൾ, ദൈവത്തിന്റെ അഗാധത ദൈവികവാസം ഇവയൊക്കെ മൗനത്താൽ മനസ്സിലാക്കുന്ന വഴികളാണ്. ദൈവത്തിന്റെ ഏകാകിതയിലേക്ക് ജോൺ ക്ഷണിക്കുന്നു, ഏകാന്തരാത്രികളിലേക്കുള്ള ആത്മാവിന്റെ സഞ്ചാരത്തിലേക്ക്. സൃഷ്ടിസൗന്ദര്യത്തിൽ നിന്നു വേർപെടാത്തതും മറ്റുമനുഷ്യരിൽ നിന്ന് ഒറ്റപ്പെടാത്തതുമായ ഏകാകിത. 'ഏകാന്തതയുടെ പരമാനന്ദമെന്ന' സങ്കീർത്തനഗാനം




(article) ജോൺ സമ്മാനിക്കുന്നത് മൗനത്താൽ സാധ്യമായ ദൈവൈക്യത്തെ പ്രകീർത്തിക്കാനാണ്. മൗനത്തിലേക്ക്, ഏകാന്തതയുടെ പഞ്ജരത്തിലേക്ക്, മൗനത്തിന്റെ മുറിവിലേക്ക്, അഭാഷണത്തിന്റെ ഗർഭപാത്രത്തിലേക്ക് – ദൈവത്തിലേക്ക് – ജോൺ ഓഫ് ദ ക്രോസ് ക്ഷണിക്കുന്നു. 'അനാദിയായ വാക്കെ'ന്ന് റാനർ (K. Ralner) വിശേഷിപ്പിക്കുന്ന സത്യമിതാണ്. (Primordial Word), ആത്മാവിന്റെ രഹസ്യകേന്ദ്രം (Profound Centre)എന്ന് വി. യോഹന്നാൻ മൗനത്തിന്റെ ഈ ഗർഭഗേഹത്തിനെ വിളിക്കുന്നു. ശബ്ദമൊഴിഞ്ഞ വാക്കുകളാൽ ആത്മീയ സംഗീതത്തിന്റെ സിംഫണിയൊരുങ്ങുന്നു, ആത്മാവിനുള്ളിലെ ശുദ്ധലയം.

ആവിലായിലെ തെരേസാ പുണ്യവതിയുടെ 'The Interior Castle', മൗനത്താൽ ദൈവാനുഭവത്തിന്റെ സൗധങ്ങൾ കയറിയ മിസ്റ്റിക്കിന്റെ വിഖ്യാതഗ്രന്ഥമാണ്. 'The fourth mansion' ലെ ആനിയുടെ പ്രാർത്ഥന ശ്രദ്ധേയമാണ്. ധ്യാനവും ശമവും ശക്തികളുടെ നിദ്രയുമുൾപ്പെടുന്ന 3 ഘട്ടങ്ങൾ വിശുദ്ധ ഇവിടെ അവതരിപ്പിക്കുന്നു.

മാർട്ടിൻ സ്കോർസെസെ (Martin Scorsese) യുടെ ഏറ്റവും പുതിയ ചലച്ചിത്രം 'Silence' വത്തിക്കാനിൽ പാപ്പായ്ക്കും മറ്റുള്ളവർക്കും വേണ്ടി പ്രദർശിപ്പിച്ചു. ജപ്പാനിലേക്ക് യാത്ര തിരിച്ച തങ്ങളുടെ ഗുരുവിനെ തിരക്കി സഞ്ചരിക്കുന്ന രണ്ട് ജെസ്വറ്റ് വൈദികരുടെ കഥ. 17–ാം നൂറ്റാണ്ടിൽ സംഭവിക്കുന്ന കഥാപരിസരം. കരുണ വറ്റിയ, ഊർജ്ജം പകരാത്ത, തകർക്കപ്പെടുന്ന, ഞെട്ടിപ്പിക്കുന്ന ലോകത്തിലെ വിശ്വാസത്തെക്കുറിച്ചാണ് 'Silence'. അതീന്ദ്രിയതലത്തിലെത്തിക്കുന്ന കലയുടെ സംവേദനശക്തി ഉറപ്പിക്കുന്ന 10 സെക്കന്റ് സമയം ഈ കലാസൃഷ്ടിയിലുണ്ട്. മുൾക്കിരീടം ധരിച്ച യേശുവിന്റെ നോട്ടം മൗനമായി കാഴ്ചക്കാരനിലൂടെ വിശ്വാസമായി പടരുന്നു. മൗനത്തിന്റെ തീക്ഷ്ണത തിരശീലയിൽ നിന്നും എല്ലാവരിലേക്കുമെത്തുന്നു.

മൗനം നല്കുന്നത് ദണ്ഡനമാണോ? അതീന്ദ്രിയാനു

ഭവമാണോ? അതിഭൗതിക മൗനത്തിന്റെ സാന്നിധ്യം നിറഞ്ഞ കലാസൃഷ്ടികളുടെ കർത്താക്കളാണ് ബർഗ്മനും തർക്കോവ്സ്കിയും (Ingmar Bergman & Andrei Tarkovsky). മൗനത്തിന്റെ സങ്കീർണ്ണമായ ദ്വിത്വം (Complex duality) ഇവരുടെ ക്രിയാത്മകതയെ ജ്വലിപ്പിക്കുന്നു. മൗനത്തിന്റെ സഹജമായ ശൂന്യതയും (Intrinsic emptiness) വ്യഞ്ജകത്വം (Expressiveness) ഇവർ തിരയുന്നത് കാണാം.

പ്രശസ്ത ചിന്തക സൂസൻ സോൺറ്റാഗിന്റെ (Susan Sontag) വാക്കുകളിൽ "മൗനം രണ്ടു ശൈലികളിൽ വ്യക്തമാക്കപ്പെടുന്നു, കടുപ്പത്തിലും മൃദുവായും" (Susan Sontag, The Aesthetics of Silence). യുദ്ധാനന്തര ലോകത്തെ അലട്ടിയ ചോദ്യം – ദൈവത്തിന്റെ മൗനം, ബർഗ്മനും തർക്കോവ്സ്കിയും പങ്കുവയ്ക്കുന്നു. മൗനത്തിന്റെ ശബ്ദത്തെ, മൗനത്തിന്റെ പ്രതിഫലനങ്ങളിലൂടെയാണ് നാം തിരിച്ചറിയുന്നത്, ഒരുപക്ഷേ അക്ഷരാർത്ഥത്തിലുള്ള ശബ്ദശൂന്യതയിലൂടെ ആവണമെന്നില്ല. "അവൻ ഏഴാമത്തെ മുദ്രപൊട്ടിച്ചപ്പോൾ അര മണിക്കൂറോളം സ്വർഗ്ഗത്തിൽ നിശബ്ദതയുണ്ടായി" (വെളിപാട് 8:1.) എന്ന വാക്യത്തോടെയാണ് 'The Seventh Seal' ആരംഭിക്കുന്നത്. സാന്ദ്രീകരിക്കപ്പെട്ട മൗനം, മരണം, മഹാനാശം ഇവയിലേക്കാണ് യുദ്ധാനന്തരലോകം കൂപ്പുകുത്തിയത്. മരണവും കുരിശുയുദ്ധത്തിനുശേഷം മടങ്ങുന്ന പോരാളിയും ചൂതുകളിക്കുന്ന ചരിത്രത്തിലിടം നേടിയ ബിംബനിർമ്മിതിയിലെ സംഭാഷണം ശ്രദ്ധേയമാണ്.

"Knight: Why can't I kill God within me? Why does He live on this painful and humiliating way even though I curse Him and want to tear Him out of my heart? Why, in spite of every-thing, is he a baffling reality that I can't shake off? Do you hear me?"



മരണം മറുപടി പറയുന്നില്ല, ദൈവത്തിന്റെ മറുപടിക്ക് കാത്തുനിന്നതുമില്ല.

പള്ളിമണിയുടെ ശബ്ദത്തിലേക്ക് പടയാളി നടന്നു കയറുന്നു. പിന്നീട് കുമ്പസാരക്കൂട്ടിലേക്ക്, അവിടെ പക്ഷെ വൈദികൻ ഉണ്ടായിരുന്നില്ല. 'The Seventh Seal', 'Winter Light' ഇവ ദൈവസാന്നിധ്യമില്ലാത്ത ലോകത്തെ മനുഷ്യാസ്തിത്വത്തിന്റെ അർത്ഥമില്ലായ്മയിലേക്കുള്ള അതിഭൗതിക ധ്യാനങ്ങളാണ്.

Stalker (1979), Nostalgia (1983), The Sacrifice (1986) എന്നീ അവസാന മൂന്ന് ചിത്രങ്ങളിലൂടെ തർക്കോവ്സ്കി കണ്ടെത്തുന്ന വിശ്വാസത്തിന്റെ അനിവാര്യത ദൈവാന്വേഷണത്തിലെ അദ്ദേഹത്തിന്റെ പാത വ്യക്തമാക്കുന്നു. മൗനത്തിന്റെ ഹൃദയത്തിലൂടെ വഴിതെളിച്ചെത്തുന്ന അതിസുന്ദരാനുഭൂതിയാണ് 'Stalker', 'Solaris' ഇവ പറയുന്നത്. മൗനം ഇവിടെയൊന്നും അഭാവത്തിന്റെ അടയാളമല്ല, പകരം സാന്ദ്രതയുടെയും സ്തബ്ധതയുടെയും പ്രതീകമാവുകയാണ്. Soren Kierkegard ന്റെ, The Lily of the Field and the Bird in the Air (1849) പങ്കുവയ്ക്കുന്നതും മൗനത്തിന്റെ ഇതേ മട്ടിലുള്ള വ്യാഖ്യാനമാണ് (It is silent, but its silence is expressive). 'Stalker' ൽ പ്രകൃതി തൊട്ടുണർത്തുന്നത്, വ്യക്തിയെ മൗനത്താൽ പീഡിപ്പിക്കാനല്ല പ്രത്യുത മൗനത്താൽ ആശ്വസിപ്പിക്കാനാണ്. Jean-Luc Nancy (The Inoperative Community (1991), The Sense of the World (1993), Being Singular Plural (2000), Being Nude the skin of Images (2014), The Truth of Democracy (2010), Philosophi-cal Chronicles (2008)) എന്ന ഫ്രഞ്ച് ചിന്തകനോടുള്ള ചോദ്യം അതിനുള്ള ഉത്തരവും ഉപപാഠമായിരിക്കട്ടെ.

Q - What has silence to offer listening and should silence be understood as a form of privation or withdrawal of the self? Do we encounter being in silence or rather in noise?

Jean-Luc Nancy - "Silence is itself a noise; a rustle, a crum-pling, a squeaking, a rumbling, an uproar or a breath, a racket or a painting. All this occurs beneath words, below words, behind them. And "being" is not a thing to encounter. Being is neither a being nor being. Being in feeling the noise of being, feeling its colour, its movement, its taste."



# അത്ഭുതങ്ങളുടെ റോമാ നഗരം



കമാണ്ടർ റ്റി. ഒ. ഏലിയാസ്

ഒരു നദിയിൽ മുങ്ങി നിവർന്നപ്പോൾ മറ്റൊരു ജന്മത്തിലെത്തിയെന്നും പിന്നീടൊരിക്കലൂടെ മുങ്ങിയപ്പോൾ പഴയ ജന്മത്തിൽ തിരികെയെത്തിയെന്നും കഥാസരിത് സാഗരത്തിൽ പണ്ടെങ്ങോ വായിച്ച രസകരമായ കഥയാണ് ടൈബർ നദിയുടെ തീരത്തു നില്ക്കുമ്പോൾ ഓർമ്മിച്ചത്.

അധികാരത്തിന്റെയും ഗർവ്വിന്റെയും പേശിബലത്തിന്റെയും ഒരായിരം കൊല്ലങ്ങൾ പിന്നിട്ട ശേഷം റോമാ സാമ്രാജ്യം തകർന്നിടിഞ്ഞിട്ടും വിശപ്പടങ്ങാത്ത രാക്ഷസനെപ്പോലെ റോമാപ്പട്ടണത്തെ നക്കിത്തുടക്കുന്ന ടൈബർ നദിയുടെ ഓളങ്ങളെയായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ക്രൗര്യവും കുതിപ്പുകളും ഉൾത്തുടിപ്പുകളുമെല്ലാം നശിച്ച് ഗുസ്താവ്ക്ലിമിറ്റിന്റെ റിയൽലൈഫ് വുമണിലെ ശോഷിച്ച പെണ്ണിനെപ്പോലെയാണിന്നത്തെ ടൈബർ. പ്രകൃതിയിൽ ഓരോന്നിനും അതിന്റേതായ ഇടമുണ്ടെന്നും ജീവരാശിയുടെ ഒരു ഭാഗം മാത്രമാണു മനുഷ്യനെന്നും മനുഷ്യരാശി എന്നൊന്നിനു മാത്രമായൊരു നിലനില്പില്ലെന്നുമുള്ള ബോദ്ധ്യത്തിലേയ്ക്കു ചിന്തകളെ നയിക്കുന്നതായിരുന്നു നദീ തീരത്തെ തകർന്നടിഞ്ഞ റോമാ ഫോറത്തിലെ കൊട്ടാരവശിഷ്ടങ്ങൾ.

യുദ്ധദേവതയുടെ ഇരട്ടകുട്ടികളായ റോമുലസും റെമൂസും ഒരു ഞാങ്ങണത്തൊട്ടിലിൽ ടൈബർ നദിയിലൂടെ ഒഴുക്കപ്പെടുന്നുവെന്നും അവരെ രക്ഷിച്ചു മുലയൂട്ടി വളർത്തിയത് ഒരു പെൺ ചെന്നായാ ആണെന്നുമാണ് റോമാ നഗര സ്ഥാപനവുമായി ബന്ധപ്പെട്ട ഐതിഹ്യം. പെൺ ചെന്നായ് ഇരട്ടകളായ മനുഷ്യക്കുട്ടികളെ മുലയൂട്ടുന്ന പ്രതിമകൾ റോമാ നഗരത്തിൽ അനവധിയുണ്ട്. റോമൂസിനെ വധിച്ചശേഷം റോമുലസ് സ്ഥാപിച്ചതാണത്രേ റോമാ നഗരം.

ക്രിസ്തുവിനു മുൻപ് 509 വരെ റോമായിൽ രാജഭരണമായിരുന്നു. തുടർന്ന് ജനാധിപത്യ

ഭരണക്രമത്തിന് രാജഭരണം വഴിമാറി. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിൽ ഭരണം നടത്തിത്തുടങ്ങി. BC58 ൽ സ്പെയിനുമായുള്ള യുദ്ധം ജയിച്ചു വന്ന ജൂലിയസ് സീസർ റോമിന്റെ ഗവർണറായി. കൗൺസിലിൽ ഒപ്പമുണ്ടായിരുന്ന സഹപ്രവർത്തകരുടെയും വിശ്വസ്ഥരുടെയും ഗൂഢാലോചനയ്ക്ക് ഇരയായി BC45ൽ സെനറ്റ് ഹാളിൽവച്ച് ജൂലിയസ് സീസർ പിന്നിൽ നിന്നു കുത്തേറ്റു വധിക്കപ്പെടുകയും തുടർന്ന് കൗശലത്തിലൂടെ പടത്തലവനായ മാർക്ക് ആന്റണിയുടെ കരങ്ങളിൽ റോമാ ഭരണം എത്തിച്ചേരുകയും ചെയ്തു. സീസറുടെ ദത്തു പുത്രനായിരുന്ന ഒക്ടോവിയനുമായി ചേർന്ന് മാർക് ആന്റണി ഗൂഢാലോചനക്കാരെ യുദ്ധത്തിൽ തോല്പ്പിക്കുകയും പിന്നീട് കിഴക്കും പടിഞ്ഞാറുമായി റോമായെ അവർ പങ്കിട്ടു ഭരിക്കുകയും ചെയ്തു.

എന്നാൽ ഒക്ടോവിയൻ മാർക് ആന്റണിയെ തോല്പിച്ച് ബിസി 29-ൽ റോമായുടെ ആദ്യ ചക്രവർത്തിയാവുകയും മാർക് ആന്റണി ആത്മഹത്യ ചെയ്യുകയുമുണ്ടായി. രണ്ടു വർഷം കൂടി കഴിഞ്ഞ് അഗസ്റ്റസ് എന്ന നാമധേയം സ്വീകരിച്ച ഒക്ടോവിയൻ നീണ്ട 56 വർഷങ്ങൾ റോമാ സാമ്രാജ്യം ഭരിക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് യേശു ജനിച്ചതെന്ന് ബൈബിളിൽ ലൂക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. നീതിയേയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള ഏതു ശബ്ദവും രാജ്യദ്രോഹമായി കാണുന്ന പട്ടണമെങ്കിലും കലയും സംസ്കാരവും സമ്പത്തുമെല്ലാം ഒഴുകിയിരുന്നത് റോമിലേയ്ക്കായിരുന്നു. എല്ലാ റോഡുകളും റോമിലേയ്ക്ക് എന്നൊരു പ്രയോഗം തന്നെ അങ്ങനെയുണ്ടായതാണ്. അനവധി നൂറ്റാണ്ടുകൾ ലോകതലസ്ഥാനമായിരുന്ന റോമാ നഗരത്തിന് വർത്തമാനകാലത്ത് സംഭവിച്ചതെന്തെന്ന ചോദ്യം കൂടി ഇതിനൊപ്പം അവശേഷിക്കുന്നു.

യവന ദൈവങ്ങളും പ്രകൃതി ശക്തികളുമായിരുന്നു പ്രധാനമായും ഇവരുടെ ആരാധനാ മൂർത്തികൾ. ഭരണാധികാരം ചോദ്യം ചെയ്യപ്പെടാതിരിക്കുവാനായി അഗസ്റ്റസിന്റെ കാലം മുതൽ ചക്രവർത്തിമാരും ആരാധനാ മൂർത്തികളായി.



## പാന്തിയോൺ - മേൽക്കൂര വേണ്ടാത്ത ക്ഷേത്രം

ബിസി 27-ൽ അഗസ്റ്റസിന്റെ സുഹൃത്തും പിന്നീട് മരുമകനുമായിത്തീർന്ന അഗ്രിപ്പാ, ഒരു കൂറ്റൻ ക്ഷേത്രം പണിത് സപ്തഗ്രഹങ്ങൾക്ക് സമർപ്പിക്കുകയും എല്ലാ ദേവന്മാരുടേയും എന്ന അർത്ഥം വരുന്ന ഗ്രീക്ക് പദമായ പാന്തിയോൺ എന്ന് അതിനു പേരിടുകയും ചെയ്തു. റോമൻ ദേവാലയങ്ങളിൽ സാധാരണക്കാർക്ക് പ്രവേശനം അനുവദിക്കുന്ന ആദ്യ ക്ഷേത്രമായിരുന്നു ഇത്. വൃത്താകൃതിയിലുള്ള ഈ കെട്ടിടത്തിന് 43.3 മീറ്റർ വ്യാസമാണുള്ളത്. കൂറ്റൻ വാതിലിന് 7.53 മീറ്റർ പൊക്കവും 4.90 മീറ്റർ വീതിയുമുണ്ട്. റോമൻ കുന്നുകൾക്കിടയിലൂടെ രൂപപ്പെടുന്ന വായുപാത ഒരു ചോർപ്പു പോലെ (Air Funnel) ഒഴുകിയെത്തി ഈ കൂറ്റൻ വാതിലിലൂടെ ഉള്ളിൽ കടന്നാൽ അതു പുറത്തേക്കു തള്ളുവാൻ തക്കവണ്ണം മേൽക്കൂരയില്ലാതെയാണ് ഇതു പണിതിരിക്കുന്നത്. നാല്പത്തി മൂന്നു മീറ്റർ വ്യാസമുള്ള അർദ്ധ ഗോളാകൃതിയിലുള്ള താഴികക്കുടമാണ് ഇതിന്റെ ചുവരുകൾക്കു മുകളിലുള്ളത്. അതിൽ 9 മീറ്റർ വ്യാസവൃത്തത്തിൽ മേൽക്കൂര ശൂന്യമാണ്. സാധാരണ മഴ പെയ്താൽ മഴത്തുള്ളികൾ കെട്ടിടത്തിനുള്ളിൽ പതിക്കാതെ താഴെ നിന്നുള്ള വായു സമ്മർദ്ദം മൂലം അവ വഴിമാറിപ്പോകും. ശക്തമായ മഴയിൽ വായു സമ്മർദ്ദത്തെ അതിജീവിച്ച് കെട്ടിടത്തിനുള്ളിൽ വീഴുന്ന മഴത്തുള്ളികൾക്ക് ഒഴുകിപ്പോകുവാനായി അകവളവുള്ള വെണ്ണക്കൽ തറയിൽ ഇരു

പത്തി രണ്ട് സുഷിരങ്ങൾ കാഴ്ചയിൽപെടാത്ത വണ്ണം ഉണ്ടാക്കിയിട്ടുണ്ട്. ആറു മീറ്റർ ഘനത്തിൽ പണിത ഇതിന്റെ ഭിത്തി മുകളിലേക്ക് പോകുംന്തോറും ഘനം കുറഞ്ഞു വരുന്നു. അഗ്നി പർവ്വത ലാവ കുഴച്ചുണ്ടാക്കിയ കടുപ്പം കൂടിയ പദാർത്ഥമാണ് നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്നത്.

ഏപ്രിൽ 21-ാം തീയതി മദ്ധ്യാനത്തിൽ താഴികക്കുട



ത്തിലെ 9 മീറ്റർ വ്യാസമുള്ള ദ്വാരത്തിലൂടെ സൂര്യൻ പാന്തിയോണിന്റെ വാതിൽപ്പടിയിലേക്ക് ഒഴുകി ഇറങ്ങുമ്പോൾ റോമാ നഗരത്തിന്റെ സ്ഥാപന ദിനമായ അന്ന് അഗസ്റ്റസ് ചക്രവർത്തി സൂര്യന്റെ സ്പോർട്ട് ലൈറ്റിൽ ഈ വാതിൽ കടന്ന് ഉള്ളിലേക്ക് പ്രവേശിക്കുകയായിരുന്നു പതിവ്. വെനീസിലെ സെന്റ് മാർക് പള്ളി പണിയുവോളം ഇരുമ്പ് ദൃഢീകരണമില്ലാത്ത ലോകത്തിലെ ഏറ്റവും വലിയ താഴികക്കുടമായിരുന്നു ഇത്. നിർമ്മാണ വേളയിൽ ഇതിനകം മണ്ണിട്ടു നിറച്ച് പണി കഴിഞ്ഞപ്പോൾ മണ്ണ് മാറ്റിയെടുക്കുകയായിരുന്നു. പൊൻ നാണയങ്ങൾ ഇടയ്ക്കിടെ മണ്ണിനോടൊപ്പമിട്ടിരുന്നതിനാൽ ജനങ്ങൾ തടിച്ചു കൂടി മണ്ണു മാറ്റുകയായിരുന്നുവത്രേ. സൂര്യ ആരാധാനയുമായി ബന്ധപ്പെട്ടു മേൽക്കൂരയില്ലാതെ നിർമ്മിച്ച ഈ ക്ഷേത്രം രണ്ടു സഹസ്രാബ്ദങ്ങൾ പിന്നിട്ട് ഇന്നും തലയെടുപ്പോടെ നില്ക്കുന്നത് ഒരു ദൃശ്യ വിസ്മയമാണ്.

എ.ഡി.313-ൽ കിഴക്കൻ റോമാ ചക്രവർത്തി കുസ്തന്തീനോസും റോമായുടെ ലിസിനസും ചേർന്നു നടത്തിയ മിലാൻ വിളംബരം വരേയ്ക്കും റോമിൽ കൊടിയ പീഡനങ്ങളിലൂടെയാണ് ക്രിസ്തുമതം കടന്നു പോയത്. എ.ഡി. 609 -ൽ ബോണിഫേസ്പോപ്പിന് സമ്മാനമായി ചക്രവർത്തി പാന്തിയോൺ നല്കി. അദ്ദേഹം ഇതു വിശുദ്ധീകരിച്ച് സാന്റോ മരിയാ എന്ന നാമത്തിൽ രക്തസാക്ഷികളുടെ ഒരു ബസലിക്കായാക്കി. റോമിൽ കൊല ചെയ്യപ്പെട്ട വിശുദ്ധന്മാരുടെ അസ്ഥികൾ 28 വാഹനങ്ങളിലായി കൊണ്ടുവന്ന് ഇവിടെ മറവു ചെയ്തു.

പതിനാലാം നൂറ്റാണ്ടിന്റെ ഉത്തരഖണ്ഡത്തിലെ നവോത്ഥാന കാലത്ത് ശില്പികളുടെയും ചിത്രകാരന്മാരുടെയും മറ്റു വിവിധ കലാകാരന്മാരുടെയും കൂടി വരവുകൾക്ക് പന്തിയോണിന്റെ മുന്നിലെ ചത്വരം വേദിയൊരുങ്ങി. കലയുടെ ചർച്ചകളും, വാഗ്വാദങ്ങളും പങ്കിടിലുകളും ഇവിടുത്തെ സായാഹ്നങ്ങളെ സജീവമാക്കി. കലയും ദാർശനീകതയും തത്വശാസ്ത്രവും റോമിൽ കൈകോർത്തു. നവോത്ഥാന കാലത്തെ ശില്പികൾ ഏവരും ഒരേസമയം  ചിത്രകാരന്മാരും എഴുത്തുകാരും ആർക്കിടെക്കുകളും, ഗണിത ശാസ്ത്രജ്ഞരുമൊക്കെയായിരുന്നു. ദാർശനീകതയും കലയും മതവുമായി എത്ര മാത്രം ബന്ധപ്പെട്ടു കിടക്കുന്നു വെന്നറിയാൻ റോമിലെ പാന്തിയോണിന്റെ ചുവരുകളെ അലങ്കരിച്ചിരിക്കുന്ന ഫെഡറിക്കോയുടെ കുരിശിന്റെ അഞ്ചു ചെറു ശില്പ്പങ്ങളെ നിരീക്ഷിച്ചാൽ മതിയാവും. സ്വർണ്ണം കലർത്തിയ ഓടിൽ വാർത്തെടുത്ത ഇവ ഓരോന്നും ദൈവ ശാസ്ത്രത്തിന്റെ അഗാധതലങ്ങളിലേയ്ക്കു നമ്മെ കൂട്ടിക്കൊണ്ടു പോകുന്നവയാണ്. അവയിലൊന്നായ ക്രിസ്തുവിന്റെ ഒഴിഞ്ഞ കുരിശിനു മുന്നിൽ ഏറെനേരം നിന്നു. വേദനയുടെ പ്രതീകമായ പരുപരുത്ത പ്രതലമുള്ള ഈ കുരിശിൽ യേശു കിടന്നതിന്റെ പാടുകൾ, ആണി അടിച്ചു കയറ്റിയപ്പോൾ ഉണ്ടായ മുറിവുകൾ, മുൾക്കിരീടവും ശിരസും അതിൽ ആഴ്ന്ന പാടുകൾ, അപമാനത്തിന്റെ പ്രതീകമായ നഗ്നത, ഇവയെല്ലാമാണ് കൊത്തുവേല ചെയ്തിരിക്കുന്നത്. ഈ ഒഴിഞ്ഞ കുരിശ് യേശുവിന്റെ തന്നെ പ്രതീകമായി മാറുന്നുവെന്നു തോന്നി. യേശു വസിക്കുന്ന കുരിശിൽ രക്ഷയുടെ തിരുമുറിവുകളുണ്ടാവും ( Scars Redumption). അങ്ങനെ നോക്കുമ്പോൾ യേശുവിന്റെ ഉപാസകരിലും യേശുവിന്റെ തിരുമുറിവുകളും സ്വഭാവ ഛായയും കാണുവാനാവണം. ഉപാസകർ കുരിശായി സ്വന്തം മാറുമെന്നും അവരിൽ ഏല്ക്കുന്ന മുറിവുകൾ തിരുമുറിവുകളായി മാറുമെന്നുള്ള വിശാല ദാർശനീകതയാണിതിനുള്ളത്. പരിമിതപ്പെടുത്തുവാനാവാത്ത ബൃഹത്തായ അർത്ഥതലങ്ങളുള്ള മൂന്നടി ചതുര ശില്പത്തിന്റെ മുന്നിൽ തല കുനിച്ചു നിന്നു.

## പാന്തിയോണിൽ ഉറങ്ങുന്ന റാഫേൽ

1508-ൽ 25-ാം വയസ്സിൽ ഫ്ളോറൻസിൽ നിന്നും വത്തിക്കാനിലെത്തിയ റാഫേൽ 37 -ാം വയസ്സിലുണ്ടായ തന്റെ മരണം വരെയും റോമിൽ തന്നെ തുടർന്നു. ജൂലിയസ്സ് രണ്ടാമൻ പോപ്പിന്റെ കിടപ്പു മുറികളിൽ ചിത്രം വരയ്ക്കുവാൻ റോമിൽ എത്തിയതാണെ

ങ്കിലും റോമിനെ വർണ്ണാഭമാക്കുന്നതിൽ റാഫേൽ വലിയ പങ്കു വഹിച്ചു. മൈക്കലാഞ്ച ലോവുമായുള്ള പെരുന്തച്ച മനോഭാവവും അസ്വ രാസ്യങ്ങളും പ്രസിദ്ധമാണ്. മരിയബിബിനാ എന്ന സുന്ദരിയെ ഇദ്ദേഹം പ്രണയിക്കുകയും ഇവർ തമ്മിൽ വിവാഹനിശ്ചയം നടത്തുകയും ചെയ്തുവെങ്കിലും റാഫേൽ പെട്ടെന്നു രോഗാതു രനായി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പാന്തിയോണിനുള്ളിൽ തന്നെ കബറടക്കുവാൻ അതിനുള്ളിലെ കിഴക്കെ കോണിൽ അദ്ദേഹം ഒരു സ്ഥലം നിർണ്ണയം ചെയ്തു. സൂര്യൻ പടി ഞ്ഞാറ് അസ്തമിക്കുമ്പോൾ പാന്തിയോണിന്റെ മേൽക്കൂരയില്ലാത്ത വൃത്തത്തിലൂടെയെത്തുന്ന അവസാന സൂര്യകിരണങ്ങൾ ഈ കല്ലറയെ മുത്തം വയ്ക്കുവാൻ തക്കവണ്ണമുള്ളതാണ് ഈ സ്ഥലം. തൊട്ടടുത്തു തന്നെ പ്രണയിനി മരിയാ യുടെ കല്ലറയും. റാഫേലിന്റെ കല്ലറയുടെ മുക ളിലുള്ള പാന്തിയോണിന്റെ ചുവരിൽ മഡോണ യുടെ പ്രതിമ കാണാം. ശോകഛായയില്ലാതെ തലയെടുപ്പോടെ നില്ക്കുന്നതാണ് ഈ വെണ്ണ ക്കൽ മഡോണ. ഉണ്ണിയേശുവിനെ കയ്യിലേന്തി നില്ക്കുന്ന മറിയത്തിന്റെ ചിത്രത്തിന് ഗ്രീക്ക് ഭാഷയിൽ മഡോണ എന്നാണ് പറയുന്നത്. പാന്തിയോണിലെ മഡോണയുടെ ഇടതു കാൽ ഒരു പാറയിൽ വിശ്രമിക്കും പോലെയാണ് നിർമ്മിച്ചിരിക്കുന്നത്. റോമിലെ ഏതൊരു മഡോണാ ശില്പത്തെക്കാളും ഭാവത്തിൽ വ്യത്യസ്ഥമാണിത്. തന്റെ ശവകുടീരത്തിനു മുകളിൽ സ്ഥാപിക്കുവാനായി ശോകഛായ ഇല്ലാത്ത ഈ ശില്പ്പമുണ്ടാക്കുവാൻ ലോറൻസി ത്തോയെ നിയോഗിച്ചതു റാഫേൽ തന്നെയായി രുന്നു.

റാഫേലിന്റെ കബറിനടുത്ത് വാസ്തു ശില്പി യായ ഹാനിബലും സംഗീതജ്ഞനായ ആർക്കാ ഞ്ചലോ കൊരീലിയും വിശ്രമിക്കുന്നു. റാഫേ ലിന്റെ ശവകുടീരത്തിൽ കൊത്തിയിരിക്കുന്ന വാക്കുകളിലൂടെ കണ്ണോടിച്ചപ്പോൾ മനസ്സു വല്ലാതെ നൊമ്പരപ്പെട്ടു.

ഇവിടെയുറങ്ങുന്ന റാഫേൽ ജീവിച്ചിരുന്ന പ്പോൾ സൃഷ്ടി നടത്തുവാൻ പ്രകൃതി പോലും ഭയന്നു. അവന്റെ മരണം പ്രകൃതിയുടെ സൃഷ്ടി കർമ്മത്തെയും മരണ ഭീതിയിലാക്കി.

പാന്തിയോണിന്റെ മുന്നിലെ പോർട്ടിക്കോ പിൽക്കാലത്ത് പണിതതാണ്. വിശാലമായ ചത്വരം സായാഹ്നങ്ങളിൽ സജീവമാവും. ഞങ്ങൾ ചെന്ന സായാഹ്നത്തിൽ തെരുവു ഗായ കരെക്കൊണ്ടും ടാബ്ലോകളെക്കൊണ്ടും നൃത്തക രെക്കൊണ്ടും നിറഞ്ഞ ചത്വരത്തിൽ വിദേശിക ളുടെ വൻതിരക്ക് അനുഭവപ്പെട്ടു. റോമായുടെ അന്ത്യം ലോകാവസാനമാണെന്നു വിശ്വസിച്ച ലോകജനതയുടെ മുന്നിൽ കോമാളി വേഷം കെട്ടി കൈ നീട്ടുന്ന ഇന്നത്തെ റോമൻ യുവത്വം ചരിത്രത്തിലെ ദുരന്തരൂപകമായി (Metaphor) നില്ക്കുകയാണെന്നു തോന്നി. ■

കാരുണ്യ സ്പർശം



# മാർ തെയോഫിലോസ് സ്നേഹഭവൻ പുത്തനങ്ങാടി



ഫാ. മാത്യു ചിറയിൽ

"ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെ യാണ് ചെയ്തുതന്നത്" (വി. മത്തായി 25:40).

സ്നേഹിക്കപ്പെടുക, സ്നേഹിക്കുക എന്നത് മനുഷ്യജീവിതത്തിന്റെ യാഥാർത്ഥ്യമാണ്. നമ്മുടെ രാജ്യം സാമ്പത്തികമായും, ബൗദ്ധിക മായും വളരുമ്പോഴും സ്നേഹം കിട്ടാതെ, കരു തൽ കിട്ടാതെ, ശരിയായ പരിചരണം കിട്ടാതെ ജീവിക്കുന്ന അനേകരുണ്ട്. പാർശ്വവൽക്കരി ക്കപ്പെടുന്നവരുടെയും, നിരാലംബരുടെയും, രോഗികളുടെയും എണ്ണം വർദ്ധിക്കുന്നു. നമ്മൾ അനാഥരെയോ മാനസികരോഗികളെയോ സ്നേഹിക്കുമ്പോൾ, പരിചരിക്കുമ്പോൾ യേശു വിന്റെ സ്നേഹമാണ് നാം പകർന്നു നൽകുന്നത്. ഇത്തരം വ്യക്തികളെ നേരിട്ട് കണ്ട് അവരുമായി ഇടപെടുമ്പോഴാണ് ദൈവം നമുക്ക് തന്നിട്ടുള്ള ആരോഗ്യം, സമ്പത്ത്, സൗന്ദര്യം, സൗകര്യങ്ങൾ എത്രയോ വിലപ്പെട്ടതാണെന്ന് നാം തിരിച്ചറിയു ന്നത്.

ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചോ? ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ?

നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ എന്തു മേന്മയാണുള്ളത്? ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ സാധിച്ചെ ങ്കിൽ നമ്മുടെ ജീവിതം ധന്യമായി. ഈയവസര ത്തിൽ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന



ഇത്തരം സ്ഥാപനങ്ങളെപ്പറ്റി ഈ പംക്തിയിലൂടെ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു.

മലങ്കര കത്തോലിക്ക സഭാ തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാൻ പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ നാമത്തിൽ ദീനാനുകമ്പയുടെയും, മനുഷ്യസ്നേഹത്തിന്റെയും, കാരുണ്യസ്പർശത്തിന്റെയും സ്പന്ദിക്കുന്ന സ്മാരകമായി 2011-ൽ ഈ സ്ഥാപനം കോട്ടയം ജില്ലയിലെ പുത്തനങ്ങാടിയിൽ ആരംഭിച്ചു. 60 വയസ്സിനു മുകളിലുള്ള നിരാലംബരായ അമ്മമാർക്കും ഏകസ്ഥരുമായ സ്ത്രീകൾക്കും വേണ്ടിയുള്ള ഒരു സ്ഥാപനമാണിത്. തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ പൗരോഹിത്യ രജതജൂബിലി സ്മാരകമാണ് ഈ സ്ഥാപനം. ഇപ്പോൾ ഈ സ്ഥാപനത്തിൽ 3 കിടപ്പുരോഗികൾ ഉൾപ്പെടെ 17 അമ്മമാർ താമസിക്കുന്നു. ബഹുമാനപ്പെട്ട ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് അമ്മമാരെ പരിചരിക്കുന്നു. കഴിഞ്ഞ 7 വർഷക്കാലമായി കോട്ടയം മേഖല വികാരിയായിരിക്കുന്ന ഫാ. ഫിലിപ്പ് വലിയകാവുങ്കൽ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു.




ഈ അമ്മമാരിൽ യേശുവിനെ കണ്ടുകൊണ്ട് നിങ്ങളുടെ ജന്മദിനം, മാമ്മോദീസ, വിവാഹം, വിവാഹവാർഷികം, ഓർമ്മദിനങ്ങൾ എന്നീ അവസരങ്ങളിൽ ഈ അമ്മമാരെക്കൂടി ഉൾപ്പെടുത്തുന്നത് അനുഗ്രഹപ്രദമാണ്. ഇവരെ സന്ദർശിക്കുന്നതുവഴി യേശുവിന്റെ സ്നേഹത്തിൽ നമുക്ക് നില നിൽക്കാം.

എല്ലാ ദിവസവും വി. കുർബ്ബാനയിലും, ജപമാല പ്രാർത്ഥനയിലും, യാമപ്രാർത്ഥനയിലും, മദ്ധ്യസ്ഥ പ്രാർത്ഥനയിലും അമ്മമാർ ഒരുമിച്ച് പങ്കെടുക്കുന്നു. മറ്റുള്ളവരുടെ പ്രത്യേക നിയോഗങ്ങൾക്കുവേണ്ടി അമ്മമാർ പ്രാർത്ഥിക്കുന്നു.

ഇവരുടെ പ്രാർത്ഥന വഴി, ഗീതാലാപനം വഴി, സ്തുതിപ്പുകൾ വഴി ഈ അമ്മമാർ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും ഇത്തരം സ്ഥാപനങ്ങൾ സന്ദർശിച്ച് കരുണയുടെ സ്പർശം നൽകുക. ദൈവാനുഗ്രഹം ഉണ്ടാകും. ഈ വർഷത്തെ എം.ബി.ഒ.സി.യുടെ വിഷയം രോഗീലേപനം എന്ന കൂദാശയെപ്പറ്റിയായിരുന്നു. കോട്ടയം മേഖല എം.ബി.ഒ.സി നടന്നത് ഈ സ്നേഹഭവനിൽവെച്ചായിരുന്നു എന്നതും ഏറെ പ്രസക്തമായ കാര്യമാണ്.

**ഡയറക്ടർ**
**സ്നേഹഭവൻ**
**പുത്തനങ്ങാടി, കോട്ടയം**
**മൊബൈൽ: 9447823752**
**ഫോൺ : 0481-2563752, 2582752**

*റൂട്ട് - കോട്ടയം ബേക്കർ ജംഗ്ഷൻ - ചാലുകുന്ന് - അറുത്തൂട്ടി - സ്നേഹഭവൻ*



# ഫാത്തിമ-നൂറാം വാർഷികം




**ബ്രദർ ചെറിയാൻ കുരിശുമൂട്ടിൽ**


1950-ൽ പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചുള്ള വിശ്വാസ സത്യം പ്രഖ്യാപിക്കുന്നതിനു മുമ്പായി പീയൂസ് പന്ത്രണ്ടാമൻ അസാധാരണമായ ഒരു വസ്തുത ദർശിക്കുവാൻ ഇടയായി. 1917 ഒക്ടോബർ 13-ാം തീയതി ഫാത്തിമാ മാതാവ് പ്രത്യക്ഷപ്പെട്ട ദിവസം മൂന്ന് ഇടയബാലികമാരും വലിയ ജനക്കൂട്ടവും കണ്ടതുപോലെ സൂര്യൻ കറങ്ങുകയും അവരുടെ അടുക്കലേയ്ക്കു വരുന്നതുപോലെയും വത്തിക്കാൻ ഉദ്യാനത്തിൽ നടക്കുകയായിരുന്ന പരി. പിതാവ് ദർശിക്കുവാൻ ഇടയായി. 1950 ഒക്ടോബർ 30-ാം തീയതി അതായത് പരി. അമ്മയുടെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നുള്ള വിശ്വാസസത്യം പ്രഖ്യാപിക്കുന്നതിനു മുമ്പുള്ള ദിവസങ്ങളിലാണ് പരി. പിതാവ് സൂര്യന്റെ അത്ഭുതം ദർശിച്ചത്. താൻ ദർശിച്ച ഈ അത്ഭുതത്തെ ഒരിക്കൽ കൂടെ കാണുവാൻ പരി. പിതാവ് പല തവണ ഉദ്യാനത്തിലേക്ക് കടന്നുവന്നു. ഒക്ടോബർ 31-നും നവംബർ 1-ാം തീയതിയും 8-ാം തീയതിയും പരി. പിതാവിന് ഈ അത്ഭുതം പിന്നെയും ദർശിക്കുവാൻ സാധിച്ചു. പിന്നെയും പല തവണ ഈ അത്ഭുതം ദർശിക്കുവാൻ പരി. പിതാവ് ശ്രമിച്ചുവെങ്കിലും തന്റെ പരിശ്രമങ്ങൾ എല്ലാം നിഷ്ഫലമായി പോയി എന്നു മാർപാപ്പാ പറയുന്നു.

1917 ഒക്ടോബർ 13-ാം തീയതി ഫാത്തിമായിൽ മൂന്ന് ഇടയബാലികമാർക്ക് മാതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ സൂര്യന്റെ അത്ഭുതം അവർക്കും അവിടെ കാണുവാൻ ഇടയായി. നിരീശ്വരവാദിയായ എം. അൽവാരസ് ഇപ്രകാരം തന്റെ പത്രത്തിൽ കുറിക്കുകയുണ്ടായി "ഈ അത്ഭുതം വളരെ വ്യത്യസ്തവും അവിശ്വസിനീയവുമായ ഒരു പ്രതിഭാസവുമായി കണ്ടുനിന്നവർ സാക്ഷ്യപ്പെടുത്തുന്നു." പരി. പിതാവ് പീയൂസ് പന്ത്രണ്ടാമൻ ഫാത്തിമായോട് വളരെയധികം അടുപ്പമുള്ള ഒരു മാർപാപ്പായാണ്. മാതാവ് ഫാത്തിമായിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട ദിവസം തന്നെ സിസ്റ്റൈൻ ചാപ്പലിൽ വച്ച് ആർച്ച് ബിഷപ്പായി പച്ചേലി (Pacelli) അഭിഷേകം ചെയ്യപ്പെട്ടു. പരി. പിതാവ് പീയൂസ് പന്ത്രണ്ടാമനും, ദർശനം ലഭിച്ച സിസ്റ്റർ ലൂസിയയും പല തവണ കാണുകയും, പിതാവിന്റെ ജീവിത

ത്തിന്റെ അവസാന നാളുക ളിൽ താമസിച്ച മന്ദിരത്തിൽ സിസ്റ്റർ നൽകിയ ഫാത്തിമാ മാതാവിന്റെ അവസാന രഹ സ്യവും സൂക്ഷിച്ചു വയ്ക്കുക യും ചെയ്തു.

## പരി. പിതാവ് ലിയോ പതിമൂന്നാമന് ലഭിച്ച ദർശനം

1884 ഒക്ടോബർ 13-ന് അതായത്, പീയൂസ് പന്ത്രണ്ടാമൻ "സൂര്യന്റെ അത്ഭുതം" ദർശിക്കുന്നതിന് 33 വർഷം മുമ്പ് ലീയോ പതിമൂന്നാമൻ മാർപാപ്പായ്ക്ക് ഒരു ദർശനം ഉണ്ടായി. വത്തിക്കാൻ ചാപ്പലിൽ വി. കുർബാന അർപ്പിച്ചശേഷം അൾത്താരയുടെ പടിയിൽ പരി. പിതാവ് നിന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പിതാവിന്റെ മുഖം തൂവെള്ളയായി കാണപ്പെട്ടു. അതിനുശേഷം അദ്ദേഹം തന്റെ മുറിയിൽ പോയി വി. മീഖായേലിനോടുള്ള പ്രാർത്ഥന എഴുതി. തന്റെ ദർശനം എപ്രകാരം ആയിരുന്നുവെന്ന് പരി. പിതാവ് പറയുകയുണ്ടായി. അൾത്താരയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന പരി. പിതാവ് രണ്ട് ശബ്ദങ്ങൾ കേൾക്കുവാൻ ഇടയായി. ഒന്ന് വളരെ മൃദുവും ഒന്ന് വളരെ ഭയാനകവുമായിരുന്നു. വളരെ ഭയാനകവും ഭീകരവുമായ ശബ്ദത്തോടെ സാത്താൻ ദൈവത്തോട് ഇപ്രകാരം ആക്രോശിച്ചു: "നിന്റെ സഭയെ തകർക്കാൻ എനിക്ക് സാധിക്കും."



ശാന്തമായ സ്വരത്തിൽ ദൈവം പറഞ്ഞു "നിനക്ക് അതിന് സാധിക്കുമോ? എങ്കിൽ മുമ്പോട്ടു പോകുക സഭയെ നശിപ്പിക്കുക." സാത്താൻ പറഞ്ഞു "അത് ചെയ്യാൻ എനിക്ക് കൂടുതൽ സമയവും ശക്തിയും ആവശ്യമാണ്". ദൈവം ചോദിച്ചു "എത്ര സമയം? എത്രമാത്രം ശക്തി?" സാത്താൻ മറുപടി പറഞ്ഞു "എഴുപത്തിയഞ്ചു തൊട്ട് നൂറ് വർഷം വരെയും എന്റെ ഇഷ്ടം നിറവേറ്റാൻ ആവശ്യമായ ജനങ്ങൾ ഞങ്ങളെ തന്നെ സമർപ്പിക്കുന്നതു വരെയും എനിക്ക് കാത്തിരിക്കേണ്ടി വരും." ദൈവം പറഞ്ഞു "നിനക്ക് അതിനുള്ള സമയവും, ശക്തിയും ലഭിക്കും. നിനക്ക് സാധിക്കുന്നത് ചെയ്യുക."

## 33 വർഷങ്ങൾക്ക് ശേഷം

1917 മെയ് 13-ാം തീയതി Cora da Iria എന്ന സ്ഥലത്ത് മൂന്ന് ബാലികമാർ തങ്ങളുടെ ഭവനത്തോട് ചേർന്നുള്ള സ്ഥലത്ത് ആടുകളെ മേയിക്കുകയായിരുന്നു. അവിടെ കളിച്ചുക്കൊണ്ടിരുന്ന മൂന്ന് ബാലികമാരും വലിയ ഒരു പ്രകാശം ദർശിക്കുവാൻ ഇടയായി. ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ട് അവരോട് ഇപ്രകാരം പറഞ്ഞു "ഭയപ്പെടേണ്ട, ഞാൻ നിങ്ങളെ ഉപദ്രവിക്കുകയില്ല." "നീ എവിടെ നിന്ന് വരുന്നു" എന്ന് കുട്ടികൾ ചോദിച്ചു. സ്വർഗ്ഗത്തിൽ നിന്ന് എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു. ലൂസിയ എന്ന പെൺകുട്ടി ചോദിച്ചു "എന്താണ് നിങ്ങൾക്കു വേണ്ടത്." സ്ത്രീ ഇപ്രകാരം മറുപടി പറഞ്ഞു "തുടർച്ചയായുള്ള ആറ് മാസത്തിൽ പതിമൂന്ന് ദിവസം ഇതേ സമയത്ത് നിങ്ങൾ ഇവിടെ വരുക അപ്പോൾ ഞാൻ പറയാം ഞാൻ എന്തിന് ഇവിടെ വന്നുവെന്നും എന്താണ് എനിക്ക് ആവശ്യം എന്നും." 1917 ഒക്ടോബർ 13-നായിരുന്നു ഫാത്തിമായിൽ മാതാവിന്റെ അവസാന പ്രത്യക്ഷപ്പെടൽ. ഏകദേശം 70,000 ജനങ്ങൾ ഈ അത്ഭുതം ദർശിക്കുവാൻ തടിച്ചുകൂടി. വലിയ ഒരു അത്ഭുതം തങ്ങൾക്ക് കാണുവാൻ സാധിക്കും എന്ന വലിയ പ്രതീക്ഷയോടെയാണ് ജനങ്ങൾ അവിടേയ്ക്കു വന്നത്. എല്ലാവരും മുകളിലേക്ക് നോക്കിയപ്പോൾ വെള്ളി നിറത്തിലുള്ള ഒരു ചക്രം മേഘങ്ങൾക്ക് ഇടയിലൂടെ വരുന്നതായി കാണുവാൻ ഇടയായി. പലർക്കും വിവിധ രീതിയിൽ ഉള്ള അത്ഭുതങ്ങളാണ് കാണുവാൻ സാധിച്ചത്. ഏകദേശം പത്തു മിനിറ്റോളം ഈ പ്രതിഭാസം നീണ്ടുനിന്നു.

ഈ സംഭവവികാസങ്ങൾക്ക് ശേഷം റഷ്യയെ മുഴുവനായി പരി. അമ്മയുടെ വിമല ഹൃദയത്തിന് സമർപ്പിക്കണം എന്ന് ദൈവം ആവശ്യപ്പെട്ടു. ഫാത്തിമാ മാതാവ് പറഞ്ഞു; "റഷ്യയെ പൂർണ്ണമായി സമർപ്പിച്ചാൽ റഷ്യയിൽ മാനസാന്തരം ഉണ്ടാകുകയും സമാധാനം സംജാതമാകുകയും ചെയ്യും." റഷ്യയെ സമർപ്പിച്ചില്ലെങ്കിൽ ഈ രാജ്യം ലോകം മുഴുവൻ തിന്മ വിതയ്ക്കുകയും യുദ്ധങ്ങൾക്കും സഭാ പീഡനങ്ങൾക്കും മാർപാപ്പായുടെ തിരോധാനത്തിനും രക്തസാക്ഷിത്വത്തിനും രാജ്യങ്ങളുടെ നാശത്തിനും കാരണമാരകും എന്ന് മാതാവ് ഉദ്ബോധിപ്പിച്ചു.

പ്രോട്ടസ്റ്റന്റ് വിപ്ലവം (1517 -2017) ഉണ്ടായതിന്റെ 500-ാം വാർഷികത്തിന് കൃത്യം 100 വർഷം മുമ്പാണ് മാതാവ് ഫാത്തിമായിൽ പ്രത്യക്ഷയായത്.

സ്പെയിനിലെ റിയാഞ്ചോ എന്ന സ്ഥലത്ത് 1931 ആഗസ്റ്റ് മാസത്തിൽ ഈശോ സിസ്റ്റർ ലൂസിക്ക് ദർശനം നൽകി. റഷ്യയെ സമർപ്പിക്കാതത്തിന്റെ ദുഃഖവും, മാർപാപ്പയോടും മെത്രാന്മാരോടുമുള്ള അതൃപ്തിയും ഈ ദർശനത്തിലൂടെ ഈശോ അറിയിച്ചു. സിസ്റ്റർ ലൂസിയയ്ക്ക് ലഭിച്ച ദർശനത്തിൽ ഈശോ ഇപ്രകാരം

പറഞ്ഞു: "എന്റെ കല്പനകൾ പാലിക്കാൻ വീഴ്ചവരുത്തിയാൽ ഫ്രാൻസിലെ രാജാവിന് സംഭവിച്ചത് പോലെ വലിയ നാശത്തിലേക്ക് വഴി തെളിക്കും."

മറ്റൊരു കുറിപ്പിൽ സിസ്റ്റർ ലൂസിയ ഇപ്രകാരം എഴുതി ഈശോ എന്നോടു പറഞ്ഞു: "അവർ എന്റെ കല്പന പാലിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഫ്രാൻസിലെ രാജാവിനെപ്പോലെ അവർ ഒരിക്കൽ അനുതപിക്കും. അവർ കല്പന പാലിക്കും, പക്ഷേ അത് വളരെ വൈകി പോകും. റഷ്യ ലോകത്തിൽ തിന്മ വരുത്തുവാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നു. യുദ്ധങ്ങൾക്കും സഭാ പീഡനങ്ങൾക്കും അവർ തുടക്കമിടുകയും ചെയ്തിരിക്കുന്നു. പരി. പിതാവ് വളരെയധികം സഹിക്കേണ്ടി വരും."



ഫ്രാൻസിലെ രാജാവിന്റെ കല്പനാലംഘനവും ശിക്ഷയും ഇപ്രകാരം ആയിരുന്നു:

1689 ജൂൺ 17-ാം തീയതി ഈശോയുടെ തിരുഹൃദയം വി. മാർഗരറ്റ് മേരി അലകോക്കിന് വെളിപാട് നൽകി. ഫ്രാൻസ് എന്ന രാജ്യം പൂർണ്ണമായും ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിക്കണം എന്നായിരുന്നു ആ വെളിപാട്. എന്നാൽ രാജാവ് ഇത് വച്ച് നീട്ടുകയും കല്പന ലംഘിക്കുകയും ചെയ്തു. നൂറ് വർഷത്തിനു ശേഷം രാജാവിന്റെ നിയമസഭയിൽ വളരെ രൂക്ഷമായ പ്രശ്നങ്ങൾ ഉടലെടുക്കുകയും അതേ തുടർന്ന് രാജാവും രാജ്യവും നിലംപതിക്കുകയും ചെയ്തു. ഫാത്തിമായിൽ മാതാവ് പ്രത്യക്ഷപ്പെട്ട 1917-ൽ തന്നെയാണ് കമ്മ്യൂണിസ്റ്റ് വിപ്ലവവും പൊട്ടിപ്പുറപ്പെട്ടത്. ഈ അവസരത്തിൽ പരി. പിതാവ് ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പാ "Humani Generis Redemptionem" എന്ന ചാക്രിക ലേഖനം എഴുതുകയുണ്ടായി. ഈ ചാക്രിക ലേഖനം ഒത്തിരിയേറെ പ്രവചനങ്ങളാൽ നിറഞ്ഞതായിരുന്നു. വളരെയേറെ ശ്രദ്ധ കൊടുക്കേണ്ടതായ ഒരു വിഷയത്തെക്കുറിച്ച് പരി. പിതാവ് ഈ ലേഖനത്തിൽ പ്രതിപാദിക്കുകയുണ്ടായി.

## മദ്ധ്യകാല വിപ്ലവം

Paganism ത്തിന്റെ വരവോടു കൂടി ക്രിസ്തീയ സഭയിൽ അസഹിഷ്ണുത ഉടലെടുക്കപ്പെട്ടു. മറ്റെല്ലാ നൂറ്റാണ്ടുകളെക്കാൾ ഇരുപതാം നൂറ്റാണ്ടിൽ ഒത്തിരിയേറെ രക്തസാക്ഷികളെ സഭയ്ക്ക് ലഭിക്കുവാൻ സാധ്യത ഉണ്ടായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹിപ്പികൾ ഒന്നിച്ച് കൂടുകയും സാൻഫ്രാൻസിസ്കോ ഹിപ്പി പ്രസ്ഥാനത്തിന്റെ ആസ്ഥാനം ആയിത്തീരുകയും ചെയ്തു. അതിനുശേഷം ആ നഗരം രാഷ്ട്രീയത്തിനും, മദ്യത്തിനും, മയക്കുമരുന്നിനും അടിമകളാകുകയും സാമൂഹികമായ ഒത്തിരിയേറെ അരാജകത്വം ഉണ്ടാകുകയും ചെയ്തു. എല്ലാ കാര്യങ്ങൾക്കും ചോദ്യങ്ങൾ ചോദിക്കുന്ന പുതിയ ഒരു തലമുറയും വളരെ വ്യത്യസ്തമായ അന്തരീക്ഷം ഉണ്ടാകുകയും ചെയ്തു.

1517-ലെ നവീകരണ പ്രസ്ഥാനത്തോടെ ഒത്തിരിയേറെ വിശ്വാസികൾ സഭയിൽ നിന്ന് മാറി പോകുവാൻ തുടങ്ങി. വൈദീക സന്ന്യാസ ദൈവവിളികൾക്ക് വളരെയധികം കുറവ് സംഭവിച്ചു. വി. കുർബാനയിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിലും ക്രമാതീതമായ കുറവ് ഉണ്ടായി.

## സാത്താന്റെ പുക

1972-ൽ പരി. പിതാവ് പോൾ ആറാമൻ ഈ കാലഘട്ടത്തിലുള്ള സാത്താന്റെ വളർച്ചയെ അംഗീകരിച്ചു. 1972 ജൂൺ 29-ാം തീയതി പരി. പിതാവ് ഒരു സദസിനെ ഇപ്രകാരം അഭിസംബോധന ചെയ്തു: "സാത്താന്റെ പുക ദൈവത്തിന്റെ ഭവനത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു, ഇത് ഒട്ടും രഹസ്യമായ കാര്യം അല്ല." 1973 ഒക്ടോബർ 13-ാം തീയതി അതായത് "സൂര്യന്റെ അത്ഭുതത്തിന്റെ" വാർഷിക ദിവസം മാതാവ് "സാത്താന്റെ പുക"യെക്കുറിച്ച് ചില വ്യാഖ്യാനങ്ങൾ നല്കുകയുണ്ടായി. അവ ഇപ്രകാരം ആണ് "സാത്താന്റെ പ്രവർത്തനങ്ങൾ സഭയെ നാശത്തിലേക്ക് നയിക്കുകയും കർദ്ദിനാൾമാർ തമ്മിലും മെത്രാന്മാർ തമ്മിലും പ്രശ്നങ്ങൾ ഉണ്ടാകുകയും വൈദീകരെയും സഭയിലെ വിശുദ്ധരായ സമർപ്പിതരെയും ദൈവീക ശുശ്രൂഷ ഉപേക്ഷിക്കുവാൻ സാത്താൻ പ്രലോഭിപ്പിക്കുകയും ചെയ്യും." രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം വൈദീകരുടെയും ദൈവജനത്തിന്റെയും ഇടയിൽ വലിയ ഭിന്നിപ്പ് ഉണ്ടാകുകയും ചെയ്തു. ●



# വിദ്യാഭ്യാസവും മൂല്യങ്ങളും–ഒരു അവലോകനം




ബിനു ഏബ്രഹാം

*ന ചോരഹാര്യം നച രാജഹാര്യം*
*ന ഭ്രാതൃ ഭാജ്യം ന കരോതി ഭാരം*
*വ്യയേ കൃതേ വർദ്ധതയേവ നിത്യം*
*വിദ്യാധനം സർവ്വധനാൽ പ്രധാനം*

കള്ളന്മാർക്കോ, രാജാക്കൻമാർക്കോ കൊണ്ടുപോകാൻ കഴിയാത്തതും സഹോദരങ്ങക്ക് ഭാഗിച്ചുകൊടുക്കേണ്ട കാര്യമില്ലാത്തതും ഒരു ഭാരമാകാത്തതും ചിലവഴിക്കുമ്പോഴും നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ വിദ്യാധനം മറ്റ് എല്ലാ സമ്പത്തുകളിൽ നിന്നും ശ്രേഷ്ടമാണെന്ന് ഈ ശ്ലോകത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ട് തന്നെ ഇന്നത്തെ സമൂഹം വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നല്കുന്നുണ്ട്. ഒരു രാഷ്ട്രത്തിന്റെ മനുഷ്യവിഭവശേഷി വിലയിരുത്തുന്നതിൽ ഒരു പ്രധാനപ്പട്ട ഘടകമായി വിദ്യാഭ്യാസത്തെ കരുതുന്നുണ്ട്. വിദ്യാഭ്യാസം നേടുക എന്നത് ഒരു വ്യക്തിയുടെയും രാഷ്ട്രത്തിന്റെയും ക്ഷേമത്തിന് അനിവാര്യമാണെന്ന് ഗ്രീക്ക് തത്വചിന്തകനായ പ്ലേറ്റോ തന്റെ പ്രസിദ്ധമായ ഗ്രന്ഥങ്ങളായ "Laws, Republic" എന്നിവയിൽ പ്രതിപാദിക്കുന്നുണ്ട്. റിപ്പബ്ളിക്കിൽ ഭരണവർഗ്ഗത്തിനും സൈനികർക്കും പ്രത്യേക രീതിയിലുള്ള വിദ്യാഭ്യാസം നൽകണമെന്ന് പ്ലേറ്റോ പറയുന്നു. വിദ്യാഭ്യാസത്തിൽ സംഗീതത്തിനും ജിംനാസ്റ്റിക്സിനും പ്രത്യേക പരിഗണന നൽകണമെന്നും പ്ലേറ്റോ വാദിക്കുന്നു. സംഗീതം ആത്മാവിനും ജിംനാസ്റ്റിക് ശരീരത്തിനും ആവശ്യമാണെന്നതാണ് പ്രേറ്റോയുടെ വാദഗതി.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ "Towards New Education" എന്ന പുസ്തകത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി



വിശദമായി പ്രതിപാദിക്കുന്നു. മനസ്സിനും ശരീരത്തിനും ആത്മാവിനും വികാസം ഉണ്ടാകുന്നതാണ് ശരിയായ വിദ്യാഭ്യാസമെന്ന് ഗാന്ധിജി സമർത്ഥിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിദ്യാഭ്യാസം സംസ്കാരവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എന്നിവ ഈ ഗ്രന്ഥത്തിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.


ഭാരതത്തിലെ പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണൻ ആയിരുന്ന അരവിന്ദഘോഷിന്റെ അഭിപ്രായത്തിൽ മൂല്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റി സൂചിപ്പിക്കുന്നു. വിദ്യാർത്ഥിക്ക് അറിവ് നൽകുന്നതും തനിക്ക് ലഭിച്ച അറിവനുസരിച്ച് അവൻ പ്രവർത്തിക്കുന്നതും ഒരു നല്ല വ്യക്തിയായി രൂപം പ്രാപിക്കുന്നതുമാണ് ശരിരായ വിദ്യാഭ്യാസത്തിലൂടെ നടക്കുന്നതെന്ന് അരവിന്ദഘോഷ് അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസം നേടുന്ന വ്യക്തി സാർവ്വത്രീകമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും കാര്യക്ഷമത നേടുന്നു. ധാർമ്മികമായും വൈകാരികവുമായ വികസനം വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകാറുണ്ട്. എന്നാൽ മാനസികമായ വികാസം ലഭിക്കാത്ത വിദ്യാഭ്യാസം മനുഷ്യരാശിക്ക് തന്നെ ദോഷകരമാണെന്ന് International Education and Research Journal ൽ പറയുന്നു.

സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം എന്നത് വെറും അറിവ് നേടുക മാത്രമല്ല. ഒരു വ്യക്തി തന്റെ ജീവിതത്തെയും, വ്യക്തിത്വത്തെയും സ്വഭാവത്തെയും ആശയങ്ങളെയും ഉൾക്കൊള്ളുമ്പോഴാണ് വിദ്യാഭ്യാസത്തിന് പൂർണ്ണത ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെയാണ് സ്വാമി വിവേകാനന്ദൻ ഇപ്രകാരം പറഞ്ഞത്: “To be good and to do good.” നല്ലതായിരിക്കുയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് വിദ്യാഭ്യാസം കൊണ്ട് ഒരു വ്യക്തിയിൽ വന്ന മാറ്റം സമൂഹത്തിൽ പ്രകടമാകുന്നത്. വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന അറിവ് സമൂഹത്തിന് ഗുണകരമായ രീതിയിൽ ഉപയോഗിക്കുമ്പോഴാണ് പുതിയ സംസ്കാരത്തിന് ആരംഭം കുറിക്കുന്നത്.

ജർമ്മൻ വിദ്യാഭ്യാസ വിചക്ഷണനായ ഫ്രോബലിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസത്തിലൂടെ മനുഷ്യന്റെ ആത്മീയ സ്വഭാവത്തെ ഉണർത്തുകയും പ്രകൃതിയോടൊപ്പം ദൈവത്തെ തിരിച്ചറിയുവാൻ കുട്ടിയെ പ്രാപ്തനാക്കുന്നതുമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

വർത്തമാനകാലഘട്ടത്തിലെ പ്രശസ്ത ചിന്തകനായ നോം ചോംസ്കിയുടെ അഭിപ്രായത്തിൽ അധികാര വർഗ്ഗത്തെയും നിലവിലുള്ള സാമൂഹ്യക്രമത്തെയും അനുസരിക്കുവാൻ മാത്രം വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്ന വിദ്യാഭ്യാസമാണ് ഇന്നു നടക്കുന്നതെന്ന് പറയുന്നു. വെല്ലുവിളികളെ നേരിടാനും സ്വതന്ത്രമായി ചിന്തിക്കുവാനും കുട്ടികളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്നത് സൂചിപ്പിക്കുന്നു. ക്രിസ്ത്യൻ മിഷനറിമാർ ഇന്ത്യയിലെ സമൂഹത്തിൽ വിദ്യാഭ്യാസത്തിലൂടെ വരുത്തിയ മാറ്റങ്ങൾ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടവയാണ്.

വിദ്യാഭ്യാസത്തിന് ഏവർക്കും അവകാശമുണ്ടെന്നും അതിൽ നിന്ന് ആരെയും മാറ്റി നിർത്തേണ്ടതില്ലെന്നുമുള്ള ക്രൈസ്തവ ദർശനമാണ് ഭാരതത്തിലുടനീളം വിദ്യാഭ്യാസ വിപ്ലവം നടത്തുന്നതിന് ക്രിസ്ത്യൻ മിഷനറിമാർക്ക് പ്രചോദനമായത്. ജാതിവിലക്കുകളും അനാചാരങ്ങളും



ഇന്ത്യൻ സമൂഹത്തിൽ നിന്നും ഒരു പരിധിവരെ മാറ്റി നിർത്തപ്പെട്ടതും വിദ്യാഭ്യാസത്തിന്റെ സ്വാധീനം കൊണ്ടുതന്നെയാണ്. സതി, ശൈശവ വിവാഹം തുടങ്ങിയ അനാചാരങ്ങൾ ഇല്ലാതാക്കുന്നതിനും ഒരു പുതിയ സംസ്ക്കാരം രൂപപ്പെടുത്തുന്നതിനും ഇന്ത്യയിലെ സാമൂഹ്യപരിഷ്കർത്താക്കൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

സ്വന്തം ശമ്പളത്തിൽ നിന്നും മിച്ചം പിടിച്ച പണം ഉപയോഗിച്ച് നിരവധി ചെറുപ്പക്കാരെ സെറാമ്പൂർ കോളേജിൽ എത്തിച്ച് വിദ്യാഭ്യാസം നൽകുവാനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ ശ്രദ്ധ നൽകുന്നതിനായി പ്രത്യേക സ്കൂളുകൾ ആരംഭിക്കുകയും ദളിത് വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്ത ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസദർശനം ഇന്നത്തെ തലമുറ ശ്രദ്ധാപൂർവ്വം ചർച്ച ചെയ്യേണ്ടതാണ്. മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ ദർശനം കേരളത്തിലെ സാംസ്ക്കാരികരംഗത്ത് ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിച്ചിരുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ ഉയർത്തിക്കാട്ടേണ്ടിയിരിക്കുന്നു.

ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ വിദ്യാഭ്യാസത്തെ നിർവ്വചിച്ചിരിക്കുന്നത് ഇപ്രകാരമാണ്; 'Education is the instrument for Social, Economic and Cultural change.' സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ മാറ്റത്തിന് ഏറ്റവും പ്രധാനപ്പെട്ട ആയുധമാണ് വിദ്യാഭ്യാസം. “The Importance of Education is not only in knowledge and skill but it is to help us to live with others” എന്ന ദർശനം വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.



വിദ്യാഭ്യാസവും സംസ്ക്കാരവും അദമ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാതാപിതാക്കൾ, സുഹൃത്തുക്കൾ, സമൂഹം, പാരമ്പര്യം, ഭാഷ, മൂല്യങ്ങൾ, മതം എന്നിവ സംസ്ക്കാരത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രധാന മൂല്യങ്ങളായ ധാർമ്മികത, സത്യം, സ്നേഹം, സമാധാനം, സഹിഷ്ണത, അഹിംസ എന്നിവ വിദ്യാഭ്യാസത്തിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു. ഈ മൂല്യങ്ങൾ ക്രൈസ്തവ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. ശരിയായ മൂല്യങ്ങൾ നല്ല വിദ്യാഭ്യാസം സൃഷ്ടിക്കുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തിയുടെ മനസ്സും ബുദ്ധിയും സംസ്ക്കരിച്ചുകൊണ്ടിരിക്കുന്നു.

പരുത്തിയിൽ നിന്നും സംസ്ക്കരിച്ചെടുക്കുന്ന വസ്ത്രവും പാലിൽ നിന്ന് സംസ്ക്കരിച്ചെടുക്കുന്ന നെയ്യും കരിമ്പിൽ നിന്ന് സംസ്ക്കരിച്ചെടുക്കുന്ന പഞ്ചസാരയുമെല്ലാം നിരന്തരമായ സംസ്ക്കരണത്തിന് വിധേയമാകുന്നു. ഇതുപോലെ നിരന്തരമായ സംസ്ക്കാരണത്തിലൂടെ ഒരു വ്യക്തി ശ്രേഷ്ഠമായ ഭാവം കൈവരിക്കുന്നു. ഇതിന് സഹായിക്കുന്നത് ആ വ്യക്തിക്ക് ലഭിക്കുന്ന വിദ്യാഭ്യാസമാണ്. ഇത് പുതിയ സംസ്ക്കാരം രൂപപ്പെടുത്തുവാൻ സഹായിക്കുന്നു.

ഒരു വിദ്യാലയത്തിലെ കുട്ടികൾ “യൂണിഫോം” ധരിക്കുമ്പോൾ അത് സമത്വമെന്ന മൂല്യം കുട്ടികളിൽ വളർത്തുന്നു. എല്ലാവരെയും തുല്യരായി

കരുതണമെന്ന ക്രൈസ്തവ ദർശനം നമുക്കിവിടെ കാണാം. വ്യത്യസ്തമായ ജാതിയിലും മതത്തിലും പെട്ട കുട്ടികൾ ഒരേ ബെഞ്ചിലിരുന്ന് പഠിക്കുമ്പോൾ സമൂഹ്യ നീതി എന്ന സങ്കല്പം പ്രാവർത്തികമാക്കപ്പെടുന്നു. തിരസ്കൃതനെ തേടിയെത്തുന്ന യേശുവിന്റെ സ്നേഹം ഇതിനുദാഹരണമാണ്. കൃത്യസമയത്ത് സ്കൂളിൽ എത്തണമെന്നുള്ള നിർദ്ദേശം കൃത്യനിഷ്ഠയെ സൂചിപ്പിക്കുന്നു. തങ്ങൾക്ക് ലഭിക്കുന്നതെല്ലാം പരസ്പരം പങ്കുവയ്ക്കുവാൻ കുട്ടികൾ പഠിക്കുമ്പോൾ അത് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നു. സാമൂഹ്യ സേവനത്തിന് കുട്ടികളെ പ്രോത്സാഹിക്കുമ്പോൾ ദൈവസ്നേഹം മറ്റുള്ളവരിലേക്ക് പകരുന്ന അനുഭവം സൃഷ്ടിക്കപ്പെടുന്നു. ഇത്തരത്തിൽ നിരവധി മൂല്യങ്ങൾ ഒരു വിദ്യാർത്ഥി ആർജ്ജിച്ചെടുക്കുമ്പോഴാണ് അവന്റെ വ്യക്തിത്വം പൂർണ്ണമാകുന്നത്.


എന്നാൽ വർത്തമാനകാലഘട്ടത്തിലെ വിദ്യാർത്ഥികൾ ഈ മൂല്യങ്ങൾ എത്രമാത്രം ഉൾക്കൊള്ളുന്നുവെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പരീക്ഷാഹാളിൽ കോപ്പിയടിക്കുന്ന വിദ്യാർത്ഥിക്ക് "സത്യം" എന്ന മൂല്യത്തെ സുഖകരമായി തോന്നണമെന്നില്ല. തന്റെ നിർബന്ധബുദ്ധി സാധിച്ചുകൊടുക്കാത്ത മാതാപിതാക്കളോട് "ആദരവ്" എന്ന മൂല്യം പ്രകടിപ്പിക്കുവാൻ മനസ്സുണ്ടായെന്ന് വരില്ല. സുഖം മാത്രം അന്വേഷിക്കുന്ന വിദ്യാർത്ഥികൾക്ക് "ധാർമ്മികതയിൽ" തുടരുവാൻ കഴിയില്ല.

ഇത്തരത്തിൽ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന മൂല്യങ്ങൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കുവാൻ വ്യക്തികൾ പരാജയപ്പെടുമ്പോഴാണ് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കപ്പെടുന്നത്. അതുകൊണ്ട് വിദ്യാഭ്യാസ പ്രക്രിയ ഒരു പരാജയമാണെന്ന് നമുക്ക് പറയാനാവില്ല. എന്നാൽ വിദ്യാഭ്യാസത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന മൂല്യങ്ങൾക്ക് ശക്തമായ സ്വാധീനം കുട്ടികളിൽ ചെലുത്തുവാൻ കഴിയാത്തതിനുപിന്നിൽ അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും പങ്കില്ലെന്ന് പറയാനാകുമോ? വിദ്യാഭ്യാസ പ്രക്രിയയിൽ പങ്കാളികളാകുന്ന എല്ലാവരും കാലഘട്ടത്തിനനുസരിച്ച് ഉണർന്ന് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് പറയാതെ വയ്യ.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഭൗതിക നേട്ടങ്ങൾക്ക് പുറകെയുള്ള പരക്കം പാച്ചിലിൽ മൂല്യങ്ങൾക്ക് വില കൽപ്പിക്കുവാൻ നമുക്ക് കഴിയാതെ പോകുന്നു. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും കലാകായിക മത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുന്നതിലും മാത്രം ശ്രദ്ധ കൊടുക്കുന്ന സ്വഭാവം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് എത്രമാത്രം പ്രാധാന്യം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്നുവെന്ന് സ്വയം വിലയിരുത്തേണ്ടിയിരിക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ കാലഘട്ടത്തിൽ മൂല്യങ്ങൾ ജീവിതത്തിൽ നിന്നും പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. കുടുംബങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യച്ചുതിയും കുട്ടികളുടെ സ്വഭാവരൂപീകരണത്തെ സ്വാധീനിക്കുന്നുണ്ട്. മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് വിശ്വാസപരിശീലനം ഏറെ സഹായകരമാണ്. അക്കാദമിക് കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഈ കാലഘട്ടത്തിൽ വിശ്വാസ പരിശീലത്തിന് വിമുഖത കാട്ടുന്ന മാതാപിതാക്കൾ ഭാവി തലമുറയുടെ ശോഭനമായ ഭാവിക്ക് തടസ്സം സൃഷ്ടിക്കുന്നുവെന്ന് പറയാതെ വയ്യ.

●



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.


**ജെസി തോമസ്**

### ഉപകാരസ്മരണ



**ഒരു വിശ്വാസി**

### ഉപകാരസ്മരണ



**ഒരു വിശ്വാസി**



# കർത്താവിന്റെ സ്നേഹപൂന്തോപ്പിലെ അർച്ചനാപുഷ്പമാകുവാൻ...

**സി. അപ്ളോണിയ**
**എസ്.ഐ.സി**

കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട ഫാ. ജേക്കബ് ചുണ്ടേവാലേൽ അച്ചന്റെയും അന്നമ്മയുടെയും 6 മക്കളിൽ 2-ാമത്തെ മകളാണ് ഞാൻ. ആത്മീയത നിറഞ്ഞ കുടുംബാന്തരീക്ഷവും മാതാപിതാക്കളുടെ നിഷ്ഠാജീവിതവും ഞങ്ങളുടെ ജീവിതത്തെ ഏറെ സ്വാധീനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം, കോട്ടയം സി.എം.എസ് കോളേജിൽനിന്ന് ഞാൻ ഇന്റർമീഡിയേറ്റ് പാസായി. തുടർന്ന് എറണാകുളം സെന്റ് തെരേസാസ് കോളേജിൽ ബി. എ. പഠനത്തിനായി ചേർന്നു. ഇവിടുത്തെ സിസ്റ്റേഴ്സിന്റെ ത്യാഗനിർഭരമായ ജീവിതവും, സ്നേഹപൂർവ്വമായ പെരുമാറ്റവും, ശ്രേഷ്ഠതയുള്ള വ്യക്തിത്വവും, സന്യാസത്തിലേക്കുള്ള വിളിയുടെ വിത്ത് എന്നിൽ പാകി അത് എന്നിൽ മുളച്ച് വളർന്നു എന്റെ ആഗ്രഹം വീട്ടിൽ അറിഞ്ഞു. മാതാപിതാക്കൾക്ക് ഇത് കനത്ത ആഘാതമായി അത് ഉൾക്കൊള്ളുവാൻ അവർക്ക് സാധിച്ചില്ല. കാരണം എന്നെ സംബന്ധിച്ച് അവരുടെ പ്രതീക്ഷ മറ്റൊന്നായിരുന്നു. എന്റെ ഇളയ 4 കുട്ടികളുടെ പഠനത്തിന്, പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുന്ന ഞാൻ ഒരു താങ്ങാകുമെന്ന് അവർ കരുതി. എന്നാൽ ശ്രേഷ്ഠമായ സന്യാസജീവിതത്തിന്റെ മഹത്വം മനസിലാക്കിയ അവർ ദൈവഹിതം അറിയുവാനായി പ്രാർത്ഥനയോടെ കാത്തിരുന്നു. ബി. എ. പാസ്സായ ഉടനെ എനിക്ക് കുന്നംകുളം ബഥനി ഗേൾസ് ഹൈസ്കൂളിൽ ജോലി ലഭിച്ചു. കുന്നംകുളം മഠത്തിലെ ജീവിതം, ബഥനി സിസ്റ്റേഴ്സുമായുള്ള എന്റെ സൗഹൃദം, അവരുടെ പ്രാർത്ഥനാജീവിതം ഇവയൊക്കെ എന്റെ വിളി ബഥനിയിൽത്തന്നെ എന്ന തിരിച്ചറിവിലേക്ക് എന്നെ നയിച്ചു. ഈ ആഗ്രഹം എന്നിൽ വളരെ ശക്തമായി. എന്റെ മൂത്ത സഹോദരൻ (അഭിവന്ദ്യ തിമോത്തിയോസ് പിതാവ്) എന്റെ ആഗ്രഹത്തെ പിന്തുണച്ചു. ദൈവഹിതം മനസ്സിലാക്കിയ മാതാപിതാക്കൾ സന്യാസജീവിതത്തിനായി എന്നെ അനുവദിച്ചു. ഏറെ ആഹ്ലാദവതിയായ ഞാൻ, ഞാനേറ്റം ഇഷ്ടപ്പെട്ട മാതാവും ഉണ്ണിയേശുവുമായുള്ള പടത്തിന്റെ പുറത്ത്

“Mary has chosen the best part” എന്നെഴുതി ഒപ്പിട്ടു. മാതാപിതാക്കളും സഹോദരങ്ങളും അതിൽ ഒപ്പുവെച്ചു. എന്റെ ആഗ്രഹം സഫലീകൃതമായതിന്റെ memento (അതിന്നും എന്റെ കൈയിൽ ഉണ്ട്). അഭിവന്ദ്യ സേവേറിയോസ് പിതാവ് ആത്മീയ ഉപദേശങ്ങൾ തന്ന് എന്നെ ശക്തിപ്പെടുത്തി.


1949 മെയ് 14-ന് ജനിച്ചു വളർന്ന വീടിനോടു ഞാൻ വിട പറഞ്ഞു. വത്സല മാതാപിതാക്കളോടും, പ്രിയപ്പെട്ട സഹോദരങ്ങളോടും ഞാൻ യാത്ര ചൊല്ലി. മാതാപിതാക്കളുടെ അനുഗ്രഹാശിസുകളോടെ, മാർ ഈവാനിയോസ് പിതാവ് രൂപം കൊടുത്ത ബഥനിയിലേക്ക് ഞാൻ കടന്നുവന്നു. മദർ ഹൂബായും സിസ്റ്റേഴ്സും എന്നെ വളരെ സന്തോഷത്തോടെ സ്വീകരിച്ചു. സന്യാസപരിശീലനം എനിക്ക് വളരെ ഹൃദ്യമായി അനുഭവപ്പെട്ടു. യാമം തോറും ഉള്ള പ്രാർത്ഥന, ധ്യാനം, ദിവ്യബലി എല്ലാം എന്നെ യേശുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലും സ്നേഹത്തിലും വളർത്തി 1951 മെയ് 15-ന് ഞാൻ സമ്പൂർണ്ണമായി എന്നെ കർത്താവിന് സമർപ്പിച്ചു. എന്റെ ഭവനത്തിൽ നിന്നും 3 പേരെ കൂടെ ദൈവം തന്റെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തു - അഭിവന്ദ്യ തിമോത്തിയോസ് പിതാവും, പരേതനായ ഫാ. ജോൺ ചുണ്ടേവാലേൽ, സിസ്റ്റർ ജയിൻ - എന്നതിൽ ഞാൻ ദൈവത്തിനു നന്ദിയർപ്പിക്കുന്നു.

വ്രതാനുഷ്ഠാനത്തിനു ശേഷം ഞാൻ ബി. എഡ്-ഉം പാസ്സായി. പഴയ കർമ്മമണ്ഡലത്തിലേക്ക് ഞാൻ നിയോഗിതയായി. നേരത്തെ ഞാൻ അധ്യാപികയായി ജോലി ചെയ്തുവെങ്കിലും, സന്യാസിനിയെന്ന നിലയിൽ പുതിയ ഉൾക്കാഴ്ച്ചയോടെ എന്റെ അദ്ധ്യാപനശുശ്രൂഷ മാറുന്നതായി ഞാൻ മനസ്സിലാക്കി. കുന്നംകുളത്തും, മണർകാടും ഞാൻ ശുശ്രൂഷ നിർവ്വഹിച്ചു. ഈ കാലയളവിൽ അനേകം കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ, മൂല്യാധിഷ്ഠിതജീവിതം അവരിൽ രൂപപ്പെടുത്തുന്നതിൽ, ഈശ്വരവിശ്വാസത്തിലേക്ക് അവരെ നയിക്കുന്നതിൽ ഞാൻ ശ്രദ്ധാലുവായിരുന്നു. അദ്ധ്യാപനം എനിക്കൊരു ജോലിയായിരുന്നില്ല, മറിച്ച് ഒരു സുവിശേഷഘോഷണമായിരുന്നു. കുട്ടികളുടെ, കുടുംബങ്ങളുടെ ഉള്ളറകളിലേക്ക് ഞാൻ കടന്നുചെന്നു. ദൈവാനുഭവത്തിൽ വളരുവാനും ഉത്തമമായ കുടുംബജീവിതം നയിക്കുവാനും അവരെ സഹായിച്ചു.

റിട്ടയർമെന്റിനുശേഷം കർമ്മവേദി ഹൈറേഞ്ചായി ഞാൻ തിരഞ്ഞെടുത്തു. എന്റെ അധികാരികളുടെ പ്രോത്സാഹനത്തോടെ ചേറ്റുകുഴിയിൽ ഒരു പാരലൽ കോളേജ് ആരംഭിച്ചു. അതിനു കാരണം നിർധനരായ പെൺകുട്ടികൾക്ക് അന്ന് അവിടെ പഠനസൗകര്യങ്ങൾ കുറവായിരുന്നു. പത്താം ക്ലാസ് തോറ്റ ധാരാളം കുട്ടികൾ പഠനം നിർത്തി വീട്ടിൽ കഴിയുകയായിരുന്നു. ഇങ്ങനെയുള്ള കുട്ടികളെ ഏറെ കഷ്ടപ്പെട്ട് പഠിപ്പിച്ച്, ജയിപ്പിച്ച് പി. ഡി.സി-യും ഡിഗ്രിയും ഒക്കെ പാസ്സാക്കി. ഇന്ന് അവരിൽ കുറച്ചുപേർ കർത്താവിന്റെ മുന്തിരിതോപ്പിലെ ശുശ്രൂഷകരാണ് എന്നതിൽ ഞാൻ സന്തോഷിക്കുന്നു. കുറച്ചുപേർ ജോലി ചെയ്ത് സന്തോഷമായി കുടുംബജീവിതം നയിക്കുന്നു. ഹൈറേഞ്ചിൽ ചെറിയ തോതിൽ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളും ചെയ്തു. എന്റെ കർത്താവിന്റെ കാരുണ്യത്തിലും, സ്നേഹത്തിലും പങ്കാളിയായി ഞാൻ ജീവിച്ചു. അവിടെ അവർ എന്നെ ഒരമ്മയായി കണ്ടു. അപ്പ്ളോണിയാമ്മ എന്ന് അവർ എന്നെ വിളിച്ചിരുന്നത് ഞാനോർക്കുന്നു.

ഇപ്പോൾ ഞാൻ തിരുമൂലപുരത്ത് മഠത്തിൽ വിശ്രമജീവിതത്തിലാണ്. സാധിക്കുന്നിടത്തോളം സമയം ഞാൻ ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിലാണ്. പ്രാർത്ഥനയിലൂടെ അനേകരുടെ അമ്മയായി, സഹോദരിയായി, കർത്താവിന്റെ സന്നിധിയിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. ലോകം മുഴുവനും വേണ്ടി, സഭയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയാണ്. ●

## കത്തുകൾ


SEBASTIAN ADAYANTHRATH



# അല്മായരും കുടുംബവും



ജിനു എജി പാറപ്പാട്ട്

സൃഷ്ടപ്രപഞ്ചത്തെ അതിന്റെ പൂർണ്ണതയിൽ നില നിർത്തുവാൻ വൈവിധ്യമാർന്ന ഉത്തരവാദിത്വങ്ങളോടുകൂടി വിവിധ ജീവിതാന്തസ്സുകൾ ക്രമപ്പെടുത്തിയിരിക്കുന്നു. പുരോഹിതരിൽനിന്നും സന്യാസികളിലുംനിന്ന് അന്തഃസത്തയിലും ദൗത്യത്തിലും വ്യത്യസ്തമായ അല്പമായ പങ്കാളിത്തം സാമൂഹിക വ്യവസ്ഥിതികളുടെയും വ്യക്തിജീവിതത്തിന്റെയും ഉത്തമമായ വിന്യാസത്തിന് അത്യന്താപേക്ഷിതമാണ്. അല്മായർ എന്ന വാക്കുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് തിരുപ്പട്ടങ്ങൾ സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ച സന്ന്യാസാവസ്ഥയിൽ പെടാത്തവരോ ആയ സകല വിശ്വാസികളെയുമാണ്. ഭൗതീകകാര്യങ്ങളിൽ വ്യാപരിച്ചുകൊണ്ടും അവയെ ദൈവേഷ്ടമനുസരിച്ച് നയിച്ചുകൊണ്ടും ദൈവരാജ്യം അന്വേഷിക്കുകയെന്നതാണ് അല്മായരുടെ കടമ [Second Vatican Ecumenical Council, Dogmatic Constitution Lumen Gentium 31 : AAS 57 (1965),37]

ഭൗതീക കാര്യങ്ങളിൽ വ്യാപൃതരാകുന്നവരെന്ന നിലയിൽ അല്മായരുടെ ജീവിതം കുടുംബവുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു. സ്രഷ്ടാവിന്റെ പദ്ധതിയിൽ കുടുംബത്തെ വ്യക്തിക്കും സമൂഹത്തിനുമുള്ള പ്രാഥമിക മനുഷ്യവത്കരണത്തിനുള്ള സ്ഥാനമായി അവതരിപ്പിച്ചിരിക്കുന്നു. [John Paul II, Post Synodal Apostolic Exhortation Christifideles Laici, 40 : AAS 81 (1989), 469]. മനുഷ്യനെയും മനുഷ്യത്വത്തെയും വാർത്തെടു

ക്കുന്ന മൂശ എന്ന നിലയിൽ കുടുംബങ്ങളിൽ വ്യാപരിക്കുന്ന അല്മായന്റെ ഉത്തരവാദിത്വം അനല്പമാണ്.

ഗർഭാവസ്ഥയിൽതന്നെ കുടുംബാംഗങ്ങളുടെ സ്നേഹത്തിന്റെ പ്രകമ്പനങ്ങൾ അനുഭവിച്ചറിയുന്ന കുഞ്ഞുങ്ങൾ, അമ്മയുടെ മടിത്തട്ടിൽ മുലപ്പാൽ നുകരുമ്പോഴും സഹോദരങ്ങളുടെ പരിലാളനങ്ങൾ ഏറ്റുവാങ്ങുമ്പോഴും സ്നേഹത്തിന്റെയും കരുണയുടെയും സാഹോദര്യത്തിന്റെയും ആദ്യപാഠങ്ങൾ പിഞ്ചുമനസ്സിൽ കൊത്തിവെയ്ക്കുന്നു. ശാസനകളിലൂടെയും ശിക്ഷണങ്ങളിലൂടെയും രൂപീകൃതമാകുന്ന വ്യക്തിത്വം പാകതയുള്ളതും വൈകാരികസ്ഥിരത നേടിയതും ആയിരുന്നു. വെല്ലുവിളികൾക്കുമുൻപിൽ പതറാതെ ആശ്രയിക്കാൻ അവനുചുറ്റും സാഹോദര്യത്തിന്റെ നനുത്ത കരങ്ങൾ ഉണ്ടായിരുന്നു. പങ്കുവച്ചും മത്സരിച്ചും കളിച്ചും ഉല്ലസിച്ചും മാതാപിതാക്കളുടെ ശിക്ഷണത്തിൽ വളർന്നവർക്ക് ബഹുമാനത്തിന്റെയും അനുസരണത്തിന്റെയും പ്രത്യേക പരിശീലനം ആവശ്യമായിരുന്നില്ല. മനുഷ്യനെ മനുഷ്യനായി കാണുവാനും കരുതേണ്ടവരെ കരുതുവാനും കൂട്ടായ കുടുംബജീവിതം അവരെ പാകപ്പെടുത്തിയിരുന്നു. സ്വാതന്ത്ര്യമെന്ന സങ്കല്പത്തിനുമുമ്പിൽ ബന്ധങ്ങളുടെ നിയന്ത്രണങ്ങളെ വേലിക്കെട്ടുകളായി കാണുന്ന ഇന്നത്തെ തലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്ന ഒരു സംസ്കാരമാണ് മേൽസൂചിപ്പിച്ചത്.



മനുഷ്യത്വം മരവിക്കുകയും ബന്ധങ്ങൾ വികലമാക്കപ്പെടുകയും വ്യക്തികൾ അപമാനിക്കപ്പെടുകയും ചെയ്യുന്ന ഒരു കിരാതസംസ്കാരം ഇന്നത്തെ സമൂഹത്തിൽ നിലനിൽക്കുന്നെങ്കിൽ കുടുംബത്തിന്റെ ശൈഥില്യമാണ് അതിന് കാരണം എന്നത് നിസ്തർക്കമാണ്. സുസ്ഥിരമായ കുടുംബബന്ധങ്ങളിലേക്ക് ഒരു തിരിച്ചുപോക്ക്, അതാണ് ഇന്നത്തെ അല്മായ സമൂഹം ഈ സാമൂഹിക ജീവിതത്തിന്റെ പുനരുദ്ധാരണത്തിനായി ലക്ഷ്യം വയ്ക്കേണ്ടത്.

വെയിലിൽ വാടിക്കരിയുന്ന പൂക്കളേപ്പോലെയാണ് ഇന്നത്തെ യുവതലമുറ. പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും തരണം ചെയ്യുന്നതിനാവശ്യമായ വൈകാരികപക്വത കുട്ടികളിൽ വളർത്തിയെടുക്കുവാൻ തക്കവിധം കുടുംബബന്ധങ്ങളെ ശക്തമാക്കണം. കുടുംബത്തിലെ പ്രശ്നങ്ങൾ പരസ്പരം ആലോചിച്ച് പരിഹരിക്കുന്നതിനും അനുദിനം സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന ദുഷ്കൃത്യങ്ങളുടെ തിന്മയുടെ മുഖം ചർച്ചചെയ്യുന്നതിനും സമയം കണ്ടെത്തി പ്രായോഗികജ്ഞാനത്തിന്റെ പ്രഥമവും പ്രധാനവുമായ പാഠങ്ങൾ കുട്ടികളെ പഠിപ്പിക്കണം. അപ്പോൾ ഭാവിയിലുണ്ടായേക്കാവുന്ന പ്രശ്നങ്ങളെ യഥോചിതം ധീരമായി നേരിടുന്നതിന് അവർ സജ്ജരാക്കപ്പെടും.

ഒരുവന്റെ വ്യക്തിജീവിതത്തിന്റെ അടിത്തറ പാകപ്പെടേണ്ടതും കുടുംബങ്ങളിലാണ്. മാതാപിതാക്കൾ മക്കൾക്ക് ജീവിക്കുന്ന മാതൃകകളാകണം. മാതാപിതാക്കളുടെ ജീവിതത്തിന്റെ ഇഴയടുപ്പം, സന്തോഷങ്ങളിലും ദുഃഖങ്ങളിലും ചേർന്നുനിൽക്കുന്ന മനോഭാവം, പരസ്പരബഹുമാനം, പ്രശ്നങ്ങളെ നേരിടുന്ന രീതി ഇവയൊക്കെ വരും തലമുറയെ കൂടുതൽ ശക്തമായ കുടുംബബന്ധങ്ങളിലേക്കു നയിക്കും. ചൈതന്യം നിറഞ്ഞുനിൽക്കുന്ന കുടുംബബന്ധം നിലനിൽക്കുന്നുവെങ്കിൽ, വിവാഹമോചനം, കൂടിതാമസം (living together) തുടങ്ങിയ അധാർമ്മിക പാതകളിൽനിന്നും കുട്ടികളെ തടയുന്നതിന് കൂടുതൽ ശ്രമങ്ങൾ ആവശ്യമായി വരില്ല.

സാമൂഹിക ക്രമത്തിന്റെ ആദ്യമാതൃകയാണ് കുടുംബം. കൂട്ടുകുടുംബസംവിധാനത്തിൽനിന്നും അണുകുടുംബങ്ങളിലേക്കുള്ള മാറ്റം കുട്ടികളുടെ സാമൂഹ്യസ്വഭാവത്തെയും ബാധിച്ചു. അപ്പച്ചൻ, അമ്മച്ചി, അപ്പൻ, അമ്മ, മക്കൾ

എന്നിങ്ങനെ തലമുറകൾ തമ്മിലുള്ള ആശയസംവേദനം അണുകുടുംബങ്ങളിൽ അന്യം നിൽക്കുന്നു. വൃദ്ധജനങ്ങൾ പാഴ്വസ്തുക്കളല്ലെന്നും മൂല്യങ്ങളും പാരമ്പര്യങ്ങളും കൈമാറാൻ കഴിവുള്ള വിദ്യാലയങ്ങളെന്ന നിലയിൽ കുടുംബങ്ങളെ ഉയർത്തുവാൻ അവർക്കു കഴിയുമെന്നതും എന്തേ നാം മറന്നുപോയി? നന്മകളിലേക്കു ചിന്തയെ നയിക്കുവാൻ അവരുടെ സ്വാധീനം എത്ര ശക്തം ആയിരുന്നു എന്നത് പഴയകാല അനുഭവം നമ്മെ പഠിപ്പിക്കുന്നു. ബന്ധത്തിന്റെ ദൃഢത, പരസ്പരം അംഗീകരിക്കൽ , ബഹുമാനം മുതലായവ പരിശീലിക്കുമ്പോൾ സമൂഹത്തിൽ പാലിക്കേണ്ട ചിട്ടകളും പെരുമാറ്റ മുറകളും സ്വാഭാവികമായും അവർ പാലിക്കും. ഇന്നു കാണുന്ന പീഡനങ്ങളുടെയും ദ്രോഹങ്ങളുടെയും നീണ്ട കഥകൾക്ക് അറുതി വരുത്തുവാൻ പ്രതിഷേധപ്രകടനങ്ങളല്ല നമുക്കാവശ്യം. നമ്മുടെ കുടുംബങ്ങളുടെ അകത്തളങ്ങളിൽ ഒരു മാറ്റമാണ് നമുക്കാവശ്യം. മക്കൾക്ക് സുഖസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ മത്സരിക്കുമ്പോൾ, അമ്മയെ അറിയാൻ, സഹോദരിയെ അറിയാൻ അവനെ പരിശീലിപ്പിക്കണം. തന്റെ അമ്മയ്ക്കും സഹോദരിക്കും സുരക്ഷിതത്വം ആവശ്യമായിരിക്കുന്നതു പോലെ സമൂഹത്തിൽ ഏതൊരു സ്ത്രീയും, അമ്മയും സഹോദരിയുമാണെന്ന് തിരിച്ചറിയുവാൻ മക്കളെ പഠിപ്പിക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വം ഇന്ന് അല്മായ സഹോദരർക്കുണ്ട്. ഇപ്രകാരം വൃദ്ധജനങ്ങളെ സംരക്ഷിച്ചും, പരസ്പരബഹുമാനം വളർത്തിയും സമൂഹത്തിലെ അരാജകത്വങ്ങൾക്കെതിരെ പ്രതിരോധമൊരുക്കുവാൻ അല്മായ സഹോദരർ പ്രതിജ്ഞാബദ്ധരാകണം.

ഓരോ വ്യക്തിയും തന്റെ മഹത്വത്തേക്കുറിച്ച് ബോധവാന്മാരാകണം. ഒരു വ്യക്തി എന്ന നിലയിൽ, സമൂഹത്തിലെ ഒരു കണ്ണി എന്ന നിലയിൽ തന്റെ ഔന്നത്യം മനസ്സിലാക്കുന്ന വ്യക്തിക്കുമാത്രമേ നന്മയുടെ പാതയിൽ ചരിക്കാനാകൂ. കുടുംബാംഗങ്ങളെ തമ്മിൽ ഐക്യപ്പെടുത്തുന്ന സ്വാഭാവിക വാത്സല്യത്തിന്റെ അന്തരീക്ഷത്തിൽ വ്യക്തികൾ അംഗീകരിക്കപ്പെടുന്നു. അപ്പോൾ അവർ ഉത്തരവാദിത്വബോധമുള്ളവരാകുവാൻ പഠിക്കുന്നു. മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചറിയുന്നതിനുള്ള സാഹചര്യം കുടുംബങ്ങളിൽ ഒരുക്കണം. സത്യത്തെയും നന്മയെയും പറ്റി ആദ്യത്തെ ആശയവും കുടുംബങ്ങളിലാണ് ലഭിക്കുന്നത്. സ്നേഹിക്കുക, സ്നേഹിക്കപ്പെടുക എന്നതിന്റെ അർത്ഥമെന്താണ്, വ്യക്തിയായിരിക്കുക എന്നതിന്റെ അർത്ഥമെന്താണ് എന്നതൊക്കെ തിരിച്ചറിയുവാൻ കുടുംബങ്ങൾ പുതുതലമുറയെ പരിശീലിപ്പിക്കണം. സാമൂഹിക ജീവിതത്തിന്റെ ഒന്നാമത്തെയും പകരം വയ്ക്കാനാവാത്തതുമായ വിദ്യാലയമാണ് കുടുംബം. ആദരവും നീതിയും സംവാദവും സ്നേഹവും ഉള്ള വിശാലതരമായ സാമൂഹികബന്ധങ്ങളുടെ മാതൃകയാണ് കുടുംബം. ആ ബന്ധങ്ങൾക്കുള്ള പ്രചോദനവുമാണ്. [John Paul II, Apostolic Exhortation Familiaris Consortio 43: AAS 74 (1982), 134] ദയ, സ്ഥിരത, നന്മ, സേവനസന്നദ്ധത, നിസ്വാർത്ഥത, ആത്മപരിശുദ്ധി തുടങ്ങിയ മൂല്യങ്ങൾകൊണ്ട് സമ്പന്നരായ പുതുതലമുറയെ വാർത്തെടുക്കാനായാൽ അവർ മാനവകുലത്തിന്റെ കാവൽഭടന്മാരായി നിലകൊള്ളും.

സർവ്വോപരി, ആധുനികകുടുംബങ്ങളിൽ ഊട്ടിവളർത്തേണ്ട അത്യാവശ്യ സാഹചര്യമാണ് പരസ്പരമുള്ള ആശയവിനിമയം. ആധുനികമാധ്യമങ്ങൾക്ക് അറിഞ്ഞോ അറിയാതെയോ അടിമപ്പെടുന്ന കുടുംബാംഗങ്ങൾ അന്യോന്യം സംസാരിക്കുവാൻ സമയം കണ്ടെത്തുന്നില്ല. ഫെയ്സിലേക്കു നോക്കുവാൻ സമയമില്ലാതെ ഫെയ്സ്ബുക്കിലേക്ക് ഊളിയിടുന്നു. ഇനിയെങ്കിലും ഈ പ്രവണത അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ദിവസം അരമണിക്കൂർ സമയമെങ്കിലും ഒരുമിച്ചിരുന്നു സംസാരിക്കുവാൻ നാം സമയം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇത് ഉണ്ടാക്കുന്ന മാറ്റം പ്രവചനാതീതം ആയിരിക്കും. ഒന്നിച്ചുള്ള ഭക്ഷണവും ഒരുമിച്ചുള്ള പ്രാർത്ഥനയും ജീവിതത്തിന് വഴിവിളക്കാകും.

ചുരുക്കത്തിൽ, സമൂഹജീവിതത്തിന്റെ ഗുണനിലവാരത്തിന്റെ നിർണ്ണായകമായ ഉറവിടമാണ് കുടുംബമെന്ന ന്യൂക്ലിയസ്സിന്റെ ദൃഢത. പ്രത്യക്ഷത്തിൽ തീർത്തും ലാഘവമെന്നു തോന്നാമെങ്കിലും പ്രിയ അല്മായ സോദരരേ, നമ്മിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം വളരെ വലുതാണ്. പൊതുസ്ഥലങ്ങളിലെ ചർച്ചാസമ്മേളനങ്ങൾക്കും പ്രകടനങ്ങൾക്കും ഉപരി, കുടുംബങ്ങളുടെ ഉൾത്തടങ്ങളിലെ വലിയ മാറ്റത്തിന് ഉത്തരവാദിത്വം നമ്മിലാണ് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് പുതുമയിലേക്കുള്ള കുതിപ്പിനിടയിലും മൂല്യങ്ങളിലും രീതികളിലും പഴയ കുടുംബാന്തരീക്ഷത്തിലേക്ക് ഒരു തിരിച്ചുപോക്ക്, അതാണ് അല്മായരിൽനിന്ന് പ്രതീക്ഷിക്കുന്നത്. ബോധപൂർവ്വമായ ഒരു തിരിച്ചുവരവിലൂടെ, ഈ ഭൂമിയിൽ ദൈവരാജ്യസംസ്ഥാപകരായി ഓരോ അല്മായനും മാറട്ടെ. അതാണ് ഓരോ അല്മായന്റെയും വിളി. ഈ വിളിക്ക് യഥോചിതം പ്രത്യുത്തരമേകി, നമ്മുടെ കുടുംബങ്ങളെ ആദ്ധ്യാത്മിക ചൈതന്യത്തിന്റെയും നന്മയുടെ നൈർമ്മല്യത്തിന്റെയും മൂല്യവത്തായ ജീവിതത്തിന്റെയും ആരാമങ്ങളായി മാറ്റുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. ■



# കാലാവസ്ഥ വ്യതിയാനം



**മെറിൻ ഫിലിപ്പ്**

"Laudato Si Mi Sionore" (അങ്ങേയ്ക്കു സ്തുതി ദൈവമേ!) എന്ന സൃഷ്ടിയെപ്പറ്റിയുള്ള വിശുദ്ധ ഫ്രാൻസിസിന്റെ ഗീതത്തിൽ മനുഷ്യകുലത്തിന്റെ പൊതുഭവനം എന്നാണ് ഭൂമിയെ സങ്കല്പിക്കുന്നത്. കൂടെ പാർക്കുന്ന സഹോദരിയും ഓമനിച്ച് ആശ്ലേഷിക്കുന്ന സ്നേഹമുള്ള അമ്മയും പോലെയാണ് ഭൂമിയെന്ന് വിശുദ്ധ ഫ്രാൻസിസിന്റെ വിശ്വത്തദ പ്രാർത്ഥനയിൽ ചൂണ്ടിക്കാട്ടുന്നു.

കാലാവസ്ഥ വ്യതിയാനം. എന്ന പാരിസ്ഥിതിക പ്രത്യാഘാതം ഇന്ന് ഏറെ വെല്ലുവിളിയുയർത്തുന്നു. ഇന്ന് മനുഷ്യനു മാത്രമല്ല, മനുഷ്യന്റെ ഇതര ജീവിത മേഖലകളെയും കാര്യമായി ബാധിക്കുന്നതിനാൽ, ഈ പ്രതിഭാസം മനുഷ്യജീവിതത്തിന്റെ വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് കാര്യമായി ചൂടു കൂടുന്നതും ശൈത്യകാലത്ത് തണുപ്പു കൂടുന്നത് കാലം തെറ്റി പെയ്യുന്ന മഴയും വെള്ളപ്പൊക്കവും അതികഠിനമായ വരൾച്ചയും പ്രകൃതിയിലെ സസ്യലതാദികൾക്കും പക്ഷിമൃഗാദികൾക്കും ഉണ്ടാകുന്ന മാറ്റവും കാലാവസ്ഥ വ്യതിയാനത്തിന് പ്രകൃതി തന്നെ ഒരുക്കുന്ന ഉദാഹരണങ്ങൾ ആണ്.

**Why This Topic**


2000–2011 കാലയളവിൽ വെള്ളപ്പൊക്കം മൂലം European മേഖലകളിൽ 8.4 മില്യൺ മനുഷ്യരെ ബാധിക്കുകയും ആയിരത്തിലധികം ആൾക്കാർ മരണത്തിനു വിധേയരാകുകയും ചെയ്തു. കഴിഞ്ഞ 50 വർഷത്തെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ European മേഖലകളിലെ മേഘസ്ഫോടന (Rain storms) ത്തിന്റെ ആവൃത്തിയും (Frequency) തീവ്രതയും (Intensety) ഗണ്യമായി കൂടുകയും ഇതിന്റെ ഫലമായി മണ്ണൊലിപ്പും വെള്ളപ്പൊക്കവും ഈ സസ്യങ്ങളെ കാര്യമായി ബാധിക്കുകയും ചെയ്തു. 2003–ൽ WHO പുറത്തു വിട്ട കണക്കനുസരിച്ച് വേനൽക്കാലത്ത് ഓരോ വർഷവും 2% വച്ച് സൂര്യതാപം കൂടുകയും 12 European രാജ്യങ്ങളിൽ നിന്നും 70,000 അധികം മരണവും റിപ്പോർട്ട് ചെയ്തു. ഇതിലധികവും Heat strokes Cardeovascular renal, respiratory, Metabolic disorders കാരണമാണ് മരണമടഞ്ഞത്. ഇത്തരത്തിലുള്ള കാലാവസ്ഥ മാറ്റങ്ങൾ അന്തരീക്ഷ മലിനീകരണത്തിനും മാരകമായ രോഗങ്ങൾക്കും ഇടയാക്കുന്നു. 80% അധികം രാജ്യങ്ങളിലും Particulate Matter (PM) concentration, WHO യുടെ air quality guidense നേക്കാൾ കൂടുകയും ഇതുവഴി ഓരോ മനുഷ്യന്റെയും ശരാശരി ആയുർ ദൈർഘ്യം കുറയുകയും ചെയ്യുന്നു. വായുമലിനീകരണം മൂലം ലോകത്താകമാനം

aiebarne allergic diseases കൂടുകയും ചെയ്യുന്നു.

കാലാവസ്ഥ വ്യതിയാനം കാരണം Vector borne അസുഖങ്ങൾ കൂടി വരികയും കണക്കനുസരിച്ച് 90000 അധികം ആളുകൾ ഇത്തരം അസുഖങ്ങൾ ദുരിതമനുഭവിക്കുകയും ചെയ്യുന്നു. Malaria പടരുന്നത് ഇതിനുദാഹരണമാണ്. 2050 ആകുമ്പോഴേക്കും 8–15% വരെ Malaria രോഗം പടരുന്നത് കൂടുമെന്ന് ശാസ്ത്രലോകം പറയുന്നത്.

WHO യുടെ കണക്കനുസരിച്ച് 2030 മുതൽ 2050 വരെയുള്ള കാലയളവുകളിൽ ഓരോ വർഷവും 250000 അധികം ആൾക്കാർ ഓരോ വർഷവും കാലാവസ്ഥ വ്യതിയാനം കാരണം മരണത്തിനു വിധേയമാകും. ഒരു Environmentally Sustainable Health systems (ESHS) ഉണ്ടാക്കിയെടുക്കണം എന്നാണ് WHO യുടെ ആഹ്വാനം. ഇതിന്റെ ഭാഗമായി പൊതുജന ആരോഗ്യത്തിനും പരിസ്ഥിതി സംരക്ഷണത്തിനും European രാജ്യങ്ങളിൽ Environment & Health Information System (ENHIS) ഏറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ ചിന്തകളാണ്

" laudato Si" (അങ്ങേയ്ക്കു സ്തുതി) എന്ന ചാക്രിക ലേഖനത്തിൽ, ഏതു തരത്തിലുള്ള ലോകമാണ് നാം വരും തലമുറയ്ക്ക് കൈവരുവാൻ പോകുന്നത് ഈ ചോദ്യമാണ് "laudato Si" യുടെ കേന്ദ്രഭാഗം.




**Reasons**

കാലാവസ്ഥ ഓരോ സീസണുകളിലും ഒരു Natural cycle പോലെ മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ Natural cycle ഇന്ന് മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. പ്രധാനമായും Tree rings, pollen sampies, ice cores, sea sediments എന്നിവയിലുണ്ടാകുന്ന മാറ്റങ്ങളാണ് പഠനത്തിനു വിധേയമാക്കുന്നത്. പ്രധാനമായും രണ്ടു കാരണങ്ങളാണ് കാലാവസ്ഥയ്ക്ക് മാറ്റങ്ങൾ ഉണ്ടാക്കുന്നത്. ഒന്നാമതായി പ്രകൃതിയാലുണ്ടാകുന്ന മാറ്റങ്ങളും (Natural causes) രണ്ടാമതായി മനുഷ്യന്റെ പ്രവർത്തികൾ മൂലവും (Man's Activities)

പ്രകൃതിയാലുണ്ടാകുന്ന മാറ്റങ്ങളാണ് continentat drift, Volcanoes, Earths tilt, ocean current എന്നിവ. Continental drift ന്റെ ഒരു ഉദാഹരണമാണ് South America യും ആഫ്രിക്കയും. ലോകമാപ്പിൽ ഈ രണ്ടു ഭൂകണ്ഡങ്ങളുടെ ആകൃതി പരിശോധിക്കുകയാണെങ്കിൽ JIGSAW PUZZLE കളിക്കുന്നതു പോലെ യോജിപ്പിക്കാവുന്ന രണ്ടു കഷ്ണങ്ങൾ ആണ്. ഏകദേശം 200 മില്യൺ വർഷങ്ങൾക്കു മുമ്പ് ഇവ രണ്ടും ഒറ്റ സ്ഥലമായിരുന്നു. ഇതിന്റെ തെളിവാണ് ഈ രണ്ടു സ്ഥലത്തു നിന്നും ലഭിക്കുന്ന ഫോസിലുകൾ. ഇത്തരത്തിലുള്ള ഭൂഖണ്ഡങ്ങളുടെ ചലനം ഭൂമിയുടെ ഭൂപ്രകൃതിയ്ക്കും, ജലാശയങ്ങൾക്ക് ഭൗതികമായ സ്ഥാനമാറ്റവും കാരണം ഈ രണ്ടു പ്രദേശങ്ങളിലും കാലാവസ്ഥയ്ക്ക് കാര്യമായ മാറ്റങ്ങൾ ഉണ്ടാകുന്നു. ഹിമാലയത്തിന്റെ ഉയരം ഓരോ വർഷവും Imm ആയി കൂടിക്കൊണ്ടിരിക്കുന്നു. ഇതിനു കാരണം ഇന്ത്യൻ land mass ഏഷ്യൻ land mass തമ്മിൽ കൂടുതൽ കൂടുതൽ അടുത്തു കൊണ്ടിരിക്കുന്നു.

Volcanoes പുറത്തു വിടുന്ന മില്യൺ ടൺ കണക്കിനുള്ള ഗ്യാസുകളും (പ്രധാനമായും so2) പൊടിപടലങ്ങളും ഉയർന്ന അന്തരീക്ഷത്തിൽ

നിലനിൽക്കുകയും തൽഫലമായി സൂര്യനിൽ നിന്നും വരുന്ന രശ്മികളെ തടഞ്ഞു നിർത്തുകയും ചെയ്യുന്നു. ഇത് അന്തരീക്ഷം ക്രമാതീതമായി തണുക്കുന്നതിനും താപനിലയിൽ കാര്യമായ വ്യതിയാനവും ഉണ്ടാക്കുന്നു.

Earth's tilt മാറുന്നതും കാലാവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു. Tilt angle കൂടുന്നതിനനുസരിച്ച് വേനൽ കാലത്ത് താപനില ഉയരുകയും തണുപ്പു കാലത്ത് താപനില ഗണ്യമായി കുറയുകയും ചെയ്യുന്നു.

ഭൂമിയ്ക്ക് സ്വമേധയാ ഉണ്ടാകുന്ന മാറ്റം പോലെ തന്നെ മനുഷ്യന്റെ ക്രമരഹിതമായ പ്രവൃത്തികൾ മൂലവും കാലാവസ്ഥയ്ക്ക് കാര്യമായ മാറ്റം ഉണ്ടാകുന്നു. ഭൂമിയ്ക്ക് സ്വമേധയാ ഉണ്ടാകുന്ന മാറ്റങ്ങൾ 'slow moving ആണെങ്കിൽ മനുഷ്യന്റെ പ്രവൃത്തികൾ മൂലം കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ "Fast Moving" ആയി ശാസ്ത്രം വിലയിരുത്തുന്നു.

ഭൂമിയുടെ മേൽ ആധിപത്യമുണ്ടായിരിക്കുക എന്നതിന് ആജീവ സജീവ പ്രകൃതിയെയും മൃഗങ്ങളെയും സസ്യവൃക്ഷാദികളെയും തന്നിഷ്ടം പോലെ കൈകാര്യം ചെയ്യാൻ വ്യവസ്ഥാതീതമായ അവകാശമുണ്ടെന്നർഥമില്ല (Youcat – ഭാഗം 3)

19–ാം നൂറ്റാണ്ടിലെ Industrial revolution കാരണം കാലാവസ്ഥയ്ക്കുണ്ടായ മാറ്റങ്ങൾ പ്രവചനാധീതമാണ്. ഗണ്യമായ വനനശീകരണവും പരിസ്ഥിതി മലിനീകരണവും മണ്ണൊലിപ്പും വന്യമൃഗങ്ങളുടെയും പക്ഷികളുടെയും വംശനാശവും കാലാവസ്ഥ മാറ്റത്തിലേക്ക് വഴി തെളിയിക്കുന്നു.

Carbon dioxide ന്റെ ഗണ്യമായ വർദ്ധനവ് atmosphere ലെ greenhouse gas ന്റെ അളവിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കി. Thermal power plants, vechicles എന്നിവയിൽ നിന്നും പുറത്തു വിടുന്ന വനനശീകരണവും നെൽപ്പാടങ്ങളുടെ ശോഷണവും വർദ്ധിച്ചു വരുന്ന ജനസംഖ്യയും ജലസേചനങ്ങളുടെ മലിനീകരണവും എല്ലാം കാലാവസ്ഥയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നു.

ബെനഡിക്ട് –16 മാർപ്പാപ്പ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി ഇപ്രകാരം പറയുന്നു.

“ പരിസ്ഥിതിയോടുള്ള അവഗണന എപ്പോഴും മാനുഷിക സഹാസ്ഥിത്വത്തെ ദ്രോഹിക്കുമെന്നത് അനുഭവം തെളിയിക്കുന്നു. സൃഷ്ടിയുമായുള്ള സമാധാനവും മനുഷ്യർക്കിടയിലുള്ള സമാധാനവും തമ്മിൽ അവിഭാജ്യമായ ബന്ധമുണ്ടെന്ന് കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു.”

“ ഇനി വരുമൊരു തലമുറയ്ക്ക്

ഇവിടെ വാസം സാധ്യമോ?”

എന്ന് പാടിയത് ഇന്ന് ഏറെ അർത്ഥവത്താണ്. വൈവിധ്യമാർന്ന ഈ കാലാവസ്ഥ സംരക്ഷിക്കുവാൻ പ്രത്യേകിച്ച് ഇപ്പോൾ കണ്ടുവരുന്ന കാലാവസ്ഥ വ്യതിയാനങ്ങൾ അതനുസരിച്ച് കൂടുതൽ ഉത്തരവാദിത്വത്തോടു കൂടിയുള്ള സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. നിർമിതികളുടെ ഈ ലോകത്ത് ശാസ്ത്രീയമായ രീതികൾ പ്രകൃതി സംരക്ഷണത്തിനായി കണ്ടെത്തേണ്ടിയിരിക്കുന്നു.

സൃഷ്ടിക്കും മനുഷ്യനും തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്നും പരിസ്ഥിതി മാനവകുലത്തിന്റെ പൊതുവായ പൈതൃകമാണ്. അതിനാൽ സകലരും അതിന്റെ പരിരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടവരുമാണ് ”(laudato si - 95).


“മനുഷ്യനു ഭൂമിയുടെ മേൽ പരിപൂർണ്ണ ആധിപത്യം ഉണ്ടെന്ന്” ബൈബിളിൽ പറയുന്നുണ്ടെങ്കിലും ഒരിക്കലും അതിന്റെ നാശത്തിലേക്ക് നയിക്കണമെന്നല്ല.

പാരിസ്ഥിതികമായ പ്രശ്നങ്ങൾ മനുഷ്യന്റെ തൊഴിൽ കുടുംബം ജീവിത പരിസരം എന്നിവയുമായി ഇടപിണഞ്ഞു കിടക്കുന്ന വ്യക്തികളിൽ നിന്നും നേരിട്ടു കാണാവുന്നതല്ലെന്ന പാപ്പയുടെ സ്ഥിരമായ സംജ്ഞ വളരെ പച്ചയായ ഉദാഹരണങ്ങളിലൂടെ ചാക്രിക ലേഖനത്തിലും വ്യക്തമാക്കുന്നു. ■

**ഉപകാരസ്മരണ**



**ഒരു വിശ്വാസി,**
**റാന്നി**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**


മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**അമ്മുക്കുട്ടി വാഴത്തറ, കോയിപ്രം**



# അങ്ങേയ്ക്ക് തുല്യനായി ആരുമില്ല

**(നവതിയുടെ നിറവിൽ ബഹു. സൈമൺ പുളയങ്കിൽ അച്ചൻ)**



**മോൺ. ചെറിയാൻ താഴമൺ**

## പുനരൈക്യവും ദൈവവിളിയും

ബാല്യം മുതലേ ആത്മീയ കാര്യങ്ങളിലും പള്ളിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സൈമൺ തല്പരനായിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ പരിശ്രമത്തിൽ സഫലമായ 1930-ലെ മലങ്കര പുനരൈക്യത്തിന്റെ കാഹളം കല്ലൂപ്പാറ, കടമാൻകുളം, മല്ലപ്പള്ളി, ചെങ്ങരൂർ പ്രദേശങ്ങളിൽ ശക്തമായി പ്രതിധ്വനിച്ചിരുന്ന കാലമായിരുന്നു അത്. തന്റെ പിതൃസഹോദരങ്ങളും അവരുടെ കുടുംബങ്ങളും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭാകൂട്ടായ്മയിൽ എത്തിയതും അവരുടെ സഭാതീക്ഷ്ണതയും അവരുടെ സഭാപ്രവർത്തനങ്ങളും സഭാസംബന്ധമായ കാര്യങ്ങൾ കൂടുതൽ പഠനവിധേയമാക്കുവാൻ യുവാവായ സൈമണെ പ്രേരിപ്പിച്ചിരുന്നു. പിതൃസഹോദരന്മാരുടെ കുടുംബങ്ങൾ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചപ്പോഴും സ്വന്തം പിതാവും മാതാവും സഹോദരങ്ങളും കത്തോലിക്കാ സഭയുടെ വിമർശകരും ഒരു പരിധിവരെ വിരോധികളുമായിരുന്നത് മലങ്കര സഭാചരിത്രം ആഴത്തിൽ പഠിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ബഹു. വിൻസന്റ് ഒ.ഐ.സി, ബഹു. ജോൺ ബെർക്ക്മെൻസ് ഒ.ഐ.സി, സിസ്റ്റർ റൊസാലിയ എസ്.ഐ.സി എന്നിവരുടെ പിതാവും തന്റെ പിതൃസഹോദരപുത്രനുമായ ശ്രീ. പി.സി. വർഗീസും (കൊച്ചുസാർ), സിസ്റ്റർ അമല എസ്.ഐ.സിയുടെ പിതാവായ ചെങ്ങരൂർ പുളിയങ്കിൽ ശ്രീ. വർഗീസും (കുട്ടിയച്ചൻ) സഭാപഠനപ്രക്രി

യയിൽ അദ്ദേഹത്തിന് സഹായികളായിരുന്നു. സഭയെക്കുറിച്ചും പൗരോഹിത്യത്തെക്കുറിച്ചുമുള്ള സത്യങ്ങൾ തിരിച്ചറിഞ്ഞ അദ്ദേഹം മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ശക്തമായ എതിർപ്പ് വകവയ്ക്കാതെ 1950 ജൂലൈ മൂന്നാം തീയതി മാർതോമ്മാ ശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലെത്തി വികാരി ബഹു. സക്കറിയാസ് വടക്കേത്തലയ്ക്കൽ അച്ചന്റെ സമക്ഷം സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞ് പുനരൈക്യപ്പെട്ടു. മാത്രമല്ല, കത്തോലിക്കാ സഭയിൽ വൈദികനാകാൻ തീരുമാനിക്കുകയും ചെയ്തു. മകന്റെ ജോലിയും അതുവഴി കുടുംബത്തിന്റെ സാമ്പത്തികവളർച്ചയും സ്വപ്നം കണ്ടിരുന്ന മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും സഹിക്കാവുന്നതിനപ്പുറമായിരുന്നു സൈമൺന്റെ ഈ തീരുമാനവും പ്രവൃത്തിയും. തീരുമാനത്തിൽ നിന്ന് പിൻതിരിപ്പിക്കുവാൻ അവർ ആവുന്നത്ര പരിശ്രമിച്ചു. എന്നാൽ, സൈമൺന്റെ ദൃഢനിശ്ചയത്തിനു മുമ്പിൽ അവരുടെ പരിശ്രമങ്ങളെല്ലാം പാഴ്‌വേലകളായി.

## വൈദികപഠനവും വൈദികപട്ടവും

വൈദിക പരിശീലനത്തിന് ആഗ്രഹം പ്രകടിപ്പിച്ച സൈമണെ പിതൃസഹോദര പുത്രർ കൊച്ചുസാറും കുട്ടിച്ചായനും കൂടി തിരുവല്ല ചെറുപുഷ്പഗിരി അരമനയിൽ എത്തിച്ചു. അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത റോമിലായിരുന്നതിനാൽ അഡ്മിനിസ്ട്രേറ്റർ ഫാ. ജോൺ കച്ചിറമറ്റത്തിന്റെ അടുത്ത് എത്തിച്ചു. യുവാവായ സൈമൺന്റെ തീക്ഷ്ണത തിരിച്ചറിഞ്ഞ കച്ചിറമറ്റം അച്ചൻ അദ്ദേഹത്തെ വൈദിക പരിശീലനത്തിന് തെരഞ്ഞെടുത്തു. താമസംവിനാ 1950 ജൂലൈ മാസത്തിൽതന്നെ ചെറുപുഷ്പഗിരി മൈനർ സെമിനാരിയിൽ പ്രവേശനം നേടി പരിശീലനം ആരംഭിച്ചു. ബഹു. ജോസഫ് ഏറ്റുമാനൂക്കാരൻ (റെക്ടർ), ബഹു. തോമസ് നേര്യംപറമ്പിൽ (വൈസ് റെക്ടർ), മൂലമണ്ണിൽ വന്ദ്യ തോമസ് മല്പാൻ എന്നിവരുടെ കീഴിലുള്ള പഠനവും പരിശീലനവും അഭിവന്ദ്യരായ മാർ സേവേറിയോസ്, മാർ തെയോഫിലോസ് എന്നീ പിതാക്കന്മാരോടൊത്തുള്ള ജീവിതവും യാമപ്രാർത്ഥനകളും ആത്മീക ചിട്ടകൾ അഭ്യസിക്കുവാനും പുനരൈക്യ പ്രേഷിത അരൂപിയിൽ ആഴപ്പെടുവാനും അവസരമൊരുക്കി. തത്വശാസ്ത്ര പഠനത്തിന് പ്രവേശനം നേടി 1952 ജൂൺ മാസത്തിൽ ആലുവാ മംഗലപ്പുഴ സെമിനാരിയിൽ പഠനം ആരംഭിച്ചു. മൂന്നു വർഷത്തെ തത്വശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കി 1955 ജൂൺ മാസത്തിൽ നാല് വർഷത്തെ ദൈവശാസ്ത്ര പഠനം ആരംഭിച്ചു. ടൈപ്പും ഷോർട്ട് ഹാൻഡും പഠിച്ചിരുന്നതിനാൽ സെമിനാരി അധികാരികൾക്ക് ഓഫീസ് കാര്യങ്ങളിൽ ബ്രദർ സൈമൺ പുളിയങ്കിലിന്റെ സാന്നിധ്യം വലിയ സഹായമായിരുന്നു. പ്രത്യേകിച്ച് സെമിനാരി ലൈബ്രറിയുടെ ശാസ്ത്രീയമായ ക്രമീകരണങ്ങൾക്ക് ബ്രദർ ലൈബ്രേറിയൻ എന്ന നിലയിൽ ഫാ. ലൈബ്രേറിയനായിരുന്ന ബഹു. ഡൊമിനിക് ഒ.സി.ഡി അച്ചന് വലിയ സഹായമായിരുന്നു. പതിനായിരക്കണക്കിനുള്ള പുസ്തകങ്ങൾ ഇനംതിരിച്ച് ഇൻഡക്സ് ചെയ്ത് ലേബൽ പതിക്കുകയും രജിസ്റ്ററിൽ ചേർക്കുകയും ചെയ്തതിന്റെ കഠിനപ്രയത്നത്തെക്കുറിച്ച് അദ്ദേഹം പലപ്പോഴും പറഞ്ഞു കേട്ടിട്ടുണ്ട്. സ്പെയിൻകാരായ കർമ്മലീത്താ സന്യാസികളുടെ കീഴിലുള്ള പഠനവും അഭ്യസനവും വിജ്ഞാനവും ആത്മീകജീവിതവും വികസിക്കുവാനും ആഴപ്പെടുവാനും സഹായിച്ചു. സെമിനാരി പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ബഹു. സൈമൺ പുളിയങ്കിൽ ശെമ്മാശൻ സഹപാഠികളായിരുന്ന ബഹു. തോമസ് മണലേൽ (മാന്നാർ), ബഹു. തോമസ് പത്തിപ്പറമ്പിൽ (അയിരൂർ) എന്നീ ശെമ്മാശന്മാരോടൊപ്പം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് 1959 മാർച്ച് 14-ാം തീയതി അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പാൽ വൈദികനായി അഭിഷിക്തനായി. (ഒരേ ബാച്ചിൽപെട്ടവരായിരുന്നെങ്കിലും പൂന പേപ്പൽ സെമിനാരിയിൽ പഠനം നടത്തിയിരുന്നതുകൊണ്ട് ബഹു. ജോർജ് മണപ്പുറത്ത് (അയിരൂർ) ബഹു. മാത്യു ചെമ്പോത്തിനാൽ (അയിരൂർ) എന്നിവരുടെ വൈദികാഭിഷേകം 1959 ഒക്ടോബർ മാസത്തിലായിരുന്നു). പിറ്റേ ദിവസം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ പ്രഥമദിവ്യബലിയും അർപ്പിച്ചു. പുളിയങ്കിൽ കുടുംബത്തിൽ നിന്നുള്ള വൈദികാഭിഷേകങ്ങളുടെ തുടക്കമായിരുന്നു ഇത്. ഫാ. വിൻസെന്റ് പുളിയങ്കിൽ ഒ.ഐ.സി (1961), ഫാ. ജോൺ ബർക്ക്മൻസ് ഒ.ഐ.സി (1963), ഫാ. തോമസ് താന്നിക്കാക്കുഴി (1966), ഫാ. ഗബ്രിയേൽ പൊസ്സേന്തി ഒ.ഐ.സി (1972), ഫാ. ഫിലിപ്പ് നേരി ഒ.ഐ.സി (1974) ഇങ്ങനെ നീളുന്നു ആ പട്ടിക.

## എന്റെ നാമം നിമിത്തം നിങ്ങളെ എല്ലാവരെയും ദ്വേഷിക്കും (ലൂക്കാ. 21:17)

സമാന്തര സുവിശേഷങ്ങളിൽ ഈ വചനം പലപ്രാവിശ്യം വായിക്കുകയും സുവിശേഷ പഠന ക്ലാസിൽ വിശകലനം ചെയ്യുകയും ചെയ്തിട്ടു

ണ്ടെങ്കിലും ബഹു. സൈമൺ പുളിയങ്കിൽ അച്ചൻ ഈ വചനം ഹൃദയത്തിൽ ആഴത്തിൽ അറിഞ്ഞ സന്ദർഭമായിരുന്നു തന്റെ വൈദികാഭിഷേകവും പ്രഥമദിവ്യബലിയർപ്പണവും. സാധാരണ വൈദികാഭിഷേക സന്ദർഭത്തിൽ വൈദികാർത്ഥിയുടെ തൊട്ടുപിന്നിൽ ഏറ്റവും അടുത്ത് നിൽക്കുന്നത് സ്വന്തം മാതാപിതാക്കളും സഹോദരങ്ങളുമായിരിക്കും. തന്റെ കൂടെ വൈദികപട്ടം സ്വീകരിക്കുന്ന രണ്ട് ശെമ്മാശന്മാരുടെയും മാതാപിതാക്കളും സഹോദരങ്ങളും അഭിഷേക കർമ്മത്തിൽ സന്നിഹിതരാണ്. എന്നാൽ, തന്റെ മാതാപിതാക്കളോ സഹോദരങ്ങളോ ആരും അഭിഷേക കർമ്മത്തിന് എത്തിയില്ല. 1950-ലെ തന്റെ പുനരൈക്യവും പ്രത്യേകിച്ച് വൈദികനാവാനുള്ള തീരുമാനവും മാതാപിതാക്കളും സഹോദരങ്ങളും തന്നിൽ നിന്നും അകലുവാൻ ഇടയാക്കിയിരുന്നു. എങ്കിലും വൈദികപട്ടത്തിന്റെ സമയം ആകുമ്പോഴേക്കും അവരുടെ അകൽച്ച മാറി തന്റെ വൈദികാഭിഷേക കർമത്തിലും പുത്തൻകുർബാനയിലും സംബന്ധിക്കുമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. ഒരു നവവൈദികന്റെ ഹൃദയം തകരാൻ ഇതിൽകൂടുതൽ എന്തുവേണം? സൈമൺ എന്ന വാക്കിന്റെ അർത്ഥം ദൈവം (അവൻ) കേട്ടു എന്നാണല്ലോ. നവവൈദികന്റെ ഹൃദയമിടിപ്പുകളും ഹൃദയവികാരങ്ങളും ദൈവം കേട്ടുകൊണ്ടും അറിഞ്ഞുകൊണ്ടുമാണിരുന്നത്. അതുകൊണ്ട് അദ്ദേഹം തളർന്നില്ല. മറിച്ച് കൂടുതൽ ശക്തനും തീക്ഷ്ണനുമായി. ലൂക്കാ 21:18 ആയിരുന്നു അദ്ദേഹത്തിന് ബലം പകർന്നിരുന്നത്. "എങ്കിലും നിങ്ങളുടെ ഒരു തലമുടിയിഴ പോലും നശിച്ചുപോവുകയില്ല". ഭഗ്നാശനാകാതെ അഗ്നിയിൽ ഉരുക്കി തെളിച്ച പത്തരമാറ്റിന്റെ ശോഭയോടെ അദ്ദേഹം പ്രേഷിത ശുശ്രൂഷാ വയലിലേക്ക് ഇറങ്ങി. (1978ൽ മാത്രമാണ് ഒരു സഹോദരനും കുടുംബവും കത്തോലിക്കാ സഭയിൽ ചേർന്നത്).

## അജപാലന ശുശ്രൂഷയുടെ ആരംഭം


മലബാറിന്റെ മണ്ണിലായിരുന്നു അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയുടെ ആരംഭം. തിരുസിംഹാസനത്തിന്റെ 1958 ഫെബ്രുവരി 14-ാം തീയതയിലെ തിരുവെഴുത്തുവഴി തിരുവല്ലാ രൂപതയുടെ പ്രേഷിത ശുശ്രൂഷാതിർത്തി ഭാരതപ്പുഴയ്ക്ക് വടക്കോട്ട് മലബാറിലേക്കും തെക്കൻ കർണാടകയിലേക്കും തമിഴ്നാടിന്റെ ഏതാനും ഭാഗങ്ങളിലേക്കും വികസിപ്പിച്ചതിനെ തുടർന്ന് ബഹു. തോമസ് നേര്യംപറമ്പിലച്ചന്റെ നേതൃത്വത്തിൽ ബഹു. യോവാക്കീം നാഗഞ്ചേരിൽ ബഹു. ജോൺ മേളാംപറമ്പിൽ എന്നീ വൈദികർ മാനന്തവാടി, വയനാട് (ബത്തേരി), താമരശേരി (മൈക്കാവ്) എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പുനരൈക്യ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. 1959 മേയ് മാസത്തിൽ നവവൈദികൻ ബഹു. സൈമൺ പുളിയങ്കിൽ വയനാട്ടിലെ ബത്തേരിയിൽ ബഹു. യോവാക്കിം നാഗഞ്ചേരിൽ അച്ചനോടൊപ്പം എത്തി. രൂപതയ്ക്കുവേണ്ടി അറുപത് ഏക്കർ സ്ഥലം ബഹു. യോവാക്കിം നാഗഞ്ചേരിൽ അച്ചൻ വാങ്ങിയിരുന്നെങ്കിലും താമസം ബത്തേരിയിലെ ലക്കി ഹോട്ടൽ ഉടമയുടെ വാടക കെട്ടിടത്തിൽ ആയിരുന്നു. മൂലങ്കാവ്, മലങ്കര ഇടവകകളുടെ വികാരിയായി യുവവൈദികൻ പ്രവർത്തനം ആരംഭിച്ചു. ബത്തേരിയിൽ വാങ്ങിയിരുന്ന സ്ഥലത്ത് വൈദികർക്കുള്ള താമസത്തിനായി ഒരു മന്ദിരം പണിയുവാനുള്ള ചുമതലയും അഭിവന്ദ്യ രൂപതാധ്യക്ഷൻ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവ് ബഹു. സൈമൺ അച്ചനെ ഏല്പിച്ചു. താമസസ്ഥലത്തുനിന്നും പള്ളികളിലേക്കും പണിസ്ഥലത്തേക്കുമുള്ള യാത്ര സൈക്കിളിൽ ആയിരുന്നു. മഴപെയ്താൽ റോഡിലെ മണ്ണ് കുഴമ്പ് രൂപത്തിലാകും. തോരാതെ നൂലുപോലെ തുടരുന്ന മഴയും. കുഴമ്പു രൂപത്തിലുള്ള മണ്ണിലൂടെയുള്ള സൈക്കിൾ യാത്ര ഏറെ ശ്രമകരമാണെന്നു മാത്രമല്ല, അപകടകരവുമാണ്. സൈക്കിൾ മറിഞ്ഞ് ചെളിയിൽ വീഴുക സാധാരണ സംഭവവും. ഇപ്രകാരമുള്ള ഒരു വീഴ്ചയിൽ അദ്ദേഹത്തിന്റെ ഇടത്തേ കൈയ്ക്ക് പരിക്കുപറ്റി. ഇപ്പോഴും ആ കൈ വളഞ്ഞാണ് ഇരിക്കുന്നത്. ഈ പ്രതിസന്ധികളോ ബുദ്ധിമുട്ടുകളോ അദ്ദേഹത്തിന്റെ തീക്ഷ്ണതയെ അശേഷം മന്ദീഭവിപ്പിച്ചില്ല, മറിച്ച് പ്രോജ്വലിപ്പിച്ചു. നാല്, അഞ്ച് മാസങ്ങൾ കൊണ്ട് വയനാട്ടിലെ ആദ്യത്തെ വൈദിക മന്ദിരം അദ്ദേഹം പൂർത്തിയാക്കി, താമസവും അവിടേക്ക് മാറി. ഈ കാലത്താണ് തമിഴ്നാട്ടിലെ നീലഗിരിയിൽ ഉപ്പട്ടി മിഷൻ ആരംഭിക്കുന്നത്.

(തുടരും)


# Matrimonial

M-223

തിരുവല്ല അതിരൂപതയിൽ അംഗമായ യുവാവ് (178) വയസ്സ് 28(10-05-1989). A.C. മെക്കാനിക്ക്, ഖത്തറിൽ ജോലിചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.contact : 0497 2429241, 9037663020



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## ജൂൺ 18 ഞായർ, മത്തായി 10:34 – 39 പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായർ

"കാരണം അവൻ നമ്മുടെ സമാധാനമാണ്, ഇരു കൂട്ടരേയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു" (എഫേ 2:14). എന്നിട്ടും യേശു തമ്പുരാൻ പറയുന്നു; സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്. ശിമയോൻ ഈശോയുടെ ഉദയത്തിൽ അവന്റെ അമ്മയോട് പറയുന്നു; "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും" (ലൂക്കോ 2:35). യേശു തമ്പുരാന്റെ ഭൂമിയിലെ സാന്നിദ്ധ്യം ഒരുപാട് ആൾക്കാർക്ക് സമാധാനക്കേടുകളായിരുന്നു. അധികാര വർഗ്ഗത്തിന് ഭീതിയുടെ വാൾ, അവനെ സ്നേഹിച്ചവർക്ക് വേദനയുടെ വാൾ. വാൾ അപരനെ മുറിപ്പെടുത്താനും സ്വയം മുറിവേൽക്കാനും കാരണമാകുന്നു. സമാധാനമല്ല വാളാണ് കൊണ്ടുവന്നിരിക്കുന്നത് എന്ന ഗുരുമൊഴിയുടെ പുനർവിചിന്തനം വി. പൗലോസ് ശ്ലീഹാ നടത്തുന്നുണ്ട്. വചനം ഇരുതല വാളിനെക്കാൾ മൂർച്ചയുള്ളതാണ്. എവിടെയും തുളച്ചു കയറി വേദനപ്പെടുത്താൻ വാളിനു സാധിക്കുമത്രേ. ഇതു തന്നെയാണ് ദൈവവചനവും. ഏതു കഠിന ഹൃദയത്തേയും ഉരുക്കുവാൻ കഴിവുള്ളതാണ്. ലോലമായതിനെ ബലപ്പെടുത്തും. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ദൈവത്തിന്റെ അവതാരമാണ് പരി. കുർബാനയും വചനവും. യേശു വാളായിരുന്നതുപോലെ ഇന്ന് തിരുവചനവും വാളാണ്. സജീവമായ ഒരു പോരാളിയുടെ ഉറയിൽ ഒരു കാവൽഭടന്റെ കൈയ്യിൽ എപ്പോളും വാൾ കാണും, ഏതു നേരത്തും ഉപയോഗിക്കാൻ പാകത്തിന്. സ്വയരക്ഷക്കും മറ്റുള്ളവരെ രക്ഷിക്കാനും ഇതുപകാരപ്പെടും എന്ന ബോദ്ധ്യം അവന്റെ ഉള്ളിലുണ്ട്. കൗതുകത്തിനായി ഒരു കാഴ്ചവസ്തുവായി വാൾ വീട്ടിൽ സൂക്ഷിക്കുന്നവരുണ്ട്. അതവരുടെ സ്വീകരണമുറിക്ക് ആഡംബരമാണ്. അവരുടെ സമ്പത്തിന്റെ പ്രകടഭാവമാണ്. ചിലർക്ക് അത് ഉപയോഗശൂന്യമായ വസ്തുവാണ്. ശ്രദ്ധിക്കപ്പെടാത്ത സ്ഥലത്ത് സൂക്ഷിക്കപ്പെടുകയും തുരുമ്പു പിടിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു. ദൈവം തമ്പുരാൻ കൊണ്ടുതന്ന വാളാകുന്ന വചനവും ഇതുപോലെ തന്നെയാണ്. ചെവി തുറന്നു കേൾക്കുന്നവന് അല്പം അസ്വസ്ഥതകളൊക്കെ ലഭിക്കും. ചിലർ വചനത്തിന്റെ പടയാളികളായി മാറുന്നുണ്ട്. എന്നും പൊടിതട്ടി ഉപയോഗിക്കുവാൻ പാകത്തിന് സ്വയരക്ഷയ്ക്കും മറ്റുള്ളവരുടെ സംരക്ഷണത്തിനുമായി സൂക്ഷിക്കപ്പെടുന്നു. ചിലർക്ക് മാന്യതയുടെ മുഖംമൂടിയാണ്. വചനം വീട്ടിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും മുറിയാനോ മുറിക്കപ്പെടുവാനോ താത്പര്യം ഇല്ല. ക്രിസ്തീയതയുടെ അടയാളങ്ങൾ ഇഷ്ടമാണ്. ചിലരൊക്കെ തീർത്തും അവഗണിക്കുന്നു. കാരണം ഗുരുമൊഴികളെയും, അവന്റെ ധ്യാനാത്മകമായ വാക്കുകളെയും ദൈവതുല്യമായ പ്രവർത്തനങ്ങളെയുംകാൾ യഹൂദർ വീക്ഷിച്ചത് അവന്റെ അപ്പനെയും അമ്മയെയും സാമൂഹിക ചുറ്റുപാടുകളെയുമാണ്. നമ്മുടെ വിശ്വാസവും പലപ്പോഴും ഇതൊക്കെത്തന്നെ ആയി മാറാറുണ്ട്. ഈ പഠിപ്പിക്കലുകൾ മനസിലാകണമെങ്കിൽ സ്വർഗത്തിന്റെ കൃപ അനിവാര്യമാണ് (6:44). സ്വർഗ്ഗത്തിന്റെ പ്രസാദത്തിനുള്ള പ്രാർത്ഥനയാകണം നമ്മുടെ ജീവിതം.

## ജൂൺ 25 ഞായർ യോഹ 6:35 – 46

യേശു തമ്പുരാൻ തന്റെ ജീവിതത്തിലെ ഏറ്റവും നിർണായകമായ വെളിപ്പെടുത്തലുകൾ നടത്തുന്നു. മനുഷ്യന്റെ ഓട്ടവും അദ്ധ്വാനവും എല്ലാം ഭക്ഷണത്തിനു വേണ്ടിയാണ്. കാലാന്തരത്തിൽ അവൻ അവന്റെ ഓട്ടത്തിന്റെ ലക്ഷ്യം പോലും മറന്നു പോകുന്നതായിട്ട് തോന്നുന്നുണ്ട്. ജീവൻ നിലനിർത്താൻ ഭക്ഷണവും പാനീയവുമൊക്കെ അനിവാര്യമാണ്. എന്നാൽ ഇന്ന് അവൻ അവന്റെ ജീവിതത്തിനനിവാര്യമായ ഭക്ഷണവും പാനീയവുമൊക്കെ ത്യജിച്ച് പണം സ്വരുക്കൂട്ടുന്നതിൽ ശ്രദ്ധാലുവാണ്. ഈ ജീവൻ നിലനിറുത്തുവാൻ ഏറ്റവും അനിവാര്യമായ ഭക്ഷണം ഞാൻ തന്നെയാണ് എന്ന് യേശു തമ്പുരാൻ പഠിപ്പിക്കുന്നു. യേശുവിന്റെ പരിശുദ്ധ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നത് നിത്യ ജീവനു നാവാണ് എന്നവൻ പഠിപ്പിക്കുന്നു.

നമ്മൾ അവനോടു ചേർന്നിരിക്കണം എന്ന് അവൻ ആഗ്രഹിക്കുന്നു. അമ്മയുടെ ഉദരത്തിൽ കിടക്കുന്ന ശിശുവിന്റെ അവസ്ഥയാണ് ഏറ്റവും ചേർന്ന അവസ്ഥ. അമ്മയുടെ ആരോഗ്യമാണ് കുഞ്ഞിന്റെ ജീവനെ നിയന്ത്രിക്കുന്നത്. യേശുവിനോട് ചേർന്നു

നിൽക്കുമ്പോൾ ഈ സംരക്ഷണം തന്നെയാണ് ഉണ്ടാവുന്നത്. അവൻ ഒരിക്കലും തള്ളിക്കളയുന്നവനല്ല. മറിച്ച് ചേർത്തു നിറുത്തി ജീവൻ നൽകുന്നവനാണ്.

പക്ഷെ യഹൂദപ്രമാണികൾക്ക് ഈ പഠിപ്പിക്കലുകൾ ഉൾക്കൊള്ളാൻ സാധിക്കുന്നില്ല.

ഏതൊരു വ്യക്തിയുടെയും ദൈനംദിന ജീവൻ ആഹാരത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ആഹാരത്തിന്റെ അഭാവവും, ആഹാരക്രമത്തിലുള്ള നിഷ്ഠയുടെ കുറവും, അനാരോഗ്യകരമായ ഭക്ഷണത്തിന്റെ സാന്നിദ്ധ്യവുമൊക്കെ മനുഷ്യന് പലവിധ മാരകരോഗങ്ങൾക്കും മരണത്തിനും വരെയും കാരണമാകും. ഇതിന്റെ വെളിച്ചത്തിലാണ് ആദ്ധ്യാത്മിക ജീവന്റെ തുടർച്ച. എന്നെ ഭക്ഷിക്കുന്നതിലൂടെയും പാനം ചെയ്യുന്നതിലൂടെയുമാണ് പഠിപ്പിക്കുന്നത്. ആഹാരത്തിന്റെ സ്വഭാവത്തിനനുസരിച്ച് ആളുകളുടെ സ്വഭാവത്തിലും വ്യത്യസ്തമുണ്ടാകും എന്ന് ആധുനിക പഠനങ്ങൾ വാദിക്കുന്നു. നമ്മൾ എന്തു ഭക്ഷിക്കുന്നുവോ അതായി നമ്മൾ മാറും. നമ്മൾ എന്ത് ഭക്ഷിക്കുന്നുവോ അതിനോട് നമ്മൾ ചേർന്നിരിക്കും.

ഞാൻ വഴിയാണ്, ഞാൻ സത്യമാണ്, ഞാൻ ജീവനാണ് (യോഹ 14:6).

●


## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി: ജൂൺ: 20, 21, 22**

**ജൂലൈ 4, 5, 6 – 18, 19,20**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.


## ഉപകാരസ്മരണ



**ജെസ്സി തോമസ്**

## ഉപകാരസ്മരണ



**തോമസ് കല്ലറയ്ക്കൽ വൈറ്റില**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി**


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.


**ഒരു വിശ്വാസി, കല്ലിശ്ശേരി**


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.


**ഗ്രേസി മാന്നാർ വെസ്റ്റ്**




ബ്രദർ ജോൺ പുറത്തൂട്ട്

## മദ്ലന മറിയം പ്രത്യാശയുടെ അപ്പസ്തോലയെന്ന് മാർപ്പാപ്പ

ഉയിർത്തെഴുന്നേറ്റ കർത്താവിനെ ആദ്യം കാണുന്നത് മഗ്ദലനാ മറിയമാണ്. ഈ വാർത്ത അപ്പസ്തോലൻമ്മാരെ അറിയിച്ച് സഭയിലെ ആദ്യപ്രേക്ഷിതയായി മാറിയതും ഈ വിനീതയാണ്. മെയ് 17-ാം തീയതി വത്തിക്കാൻ ചത്വരത്തിൽ വിശ്വാസികളെ അഭിസംബോധന ചെയ്തവേളയിലാണ് മാർപ്പാപ്പ ഇപ്രകാരം പറഞ്ഞത്. ഉത്ഥാനം വ്യക്തിപരമായി ദൈവത്തിൽ നിന്നും ആദ്യം അനുഭവിച്ചറിഞ്ഞ ഈ മഗ്ദലനാ മറിയം ലോകത്തിൽ പ്രത്യാശയുടെ അപ്പോസ്തോലയാണെന്നും അദ്ധേഹം കൂട്ടിച്ചേർത്തു. നമ്മെ പേരു ചൊല്ലി വിളിക്കുന്ന ദൈവമുണ്ട്. പ്രത്യാശ എന്ന സുകൃതത്തെക്കുറിച്ച് സംസാരിച്ച പരിശുദ്ധ പിതാവ് കല്ലറയ്ക്കരികിൽ വന്നു നിൽക്കുന്ന മേരി മഗ്ദലനയെ കേന്ദ്രീകരിച്ചാണ് പ്രഭാഷണം നടത്തിയത്. ഈ ലോകത്തിൽ ഭൂജാതരാകുന്ന എല്ലാവരെക്കിറിച്ചും ദൈവസ്നേഹത്തിന്റെ കഥയെഴുതിച്ചേർക്കുന്നുണ്ട്. ഈ വിശുദ്ധ ഗ്രന്ഥഭാഗം നാം വായിക്കുമ്പോൾ നമ്മെത്തന്നെ അതിനോട് ചേർത്തുവെച്ച് ചിന്തിക്കണമെന്നും മഗ്ദലന മറിയത്തെപോലെ നാമും പ്രതീക്ഷയുടെ വക്താക്കളാകണമെന്നും പിതാവ് കൂട്ടിച്ചേർത്തു. ഈ വിശുദ്ധയുടെ നാമഹേതുക തിരുന്നാൾ ആരാധനാ കലണ്ടറിൽ ചേർത്തുകൊണ്ടുള്ള ഡിക്രിയിലും അദ്ധേഹം ഒപ്പുവച്ചു.

## ജീവൻ രക്ഷിക്കാനുതകും

### Netflix's 13 Reasons Why


ഇത് മരുന്നും മന്ത്രവുമൊന്നുമല്ല. 13 ഭാഗങ്ങളുള്ള ഒരു തുടർകഥയാണ്. Netflix എന്ന ഓൺലൈൻ വീഡിയോ പ്രസാധകരാണ് ഇത് പുറത്തിക്കിയിരിക്കുന്നത്. ജെയ് അഷർ എന്ന നോവലിന്റെ 2007 Young Dult എന്ന നോവലാണ് ഇതിനാധാരം. Netflix വേണ്ടി Brain Yorkey ഈ വീഡിയോ സീരിയസ് സ്വീകരിച്ചത്. Clay എന്ന കുട്ടി സ്കൂൾ വിട്ടുവരുമ്പോൾ ഒരു വിചിത്രമായ പാക്കേജ് കളഞ്ഞുകിട്ടുന്നു. 7 വീഡിയോ കാസറ്റുകൾ അടങ്ങിയ ആ പാക്കേജാണ് ഇതിന്റെ കഥാതന്തു. Clay യുടെ കൂട്ടുകാരിയായ ഹന്നാ സേകർ ആത്മഹത്യ ചെയ്യുന്നതിനു മുൻപ് റെക്കോർഡ് ചെയ്ത വീഡിയോയായിരുന്നു അത്. ഓരോ ഭാഗങ്ങൾ കണ്ടുകഴിയുമ്പോഴും ആശയുടെ, പ്രതീക്ഷയുടെ വിതാനം തീർക്കുന്നുണ്ടെന്ന് നമുക്ക് മനസ്സിലാകും. കുട്ടിക്കാലത്തുണ്ടാകുന്ന ചെറിയ ദുരനുഭവംപോലും കുട്ടികളെ സാരമായി ബാധിക്കും. അതിനുവേണ്ടവിധം പരിചരണവും സ്നേഹവും നല്കിയില്ലങ്കിൽ കാലാന്തരത്തിൽ അത് കുഞ്ഞിന്റെ ജീവനെത്തന്നെ ബാധിക്കും. മാർച്ച് 31 ന് സംപ്രേഷണം ആരംഭിച്ച ഈ കഥാവിഷ്കാരം പ്രതിസന്ധിയേക്കാളേറെ കുപ്രസിദ്ധി ആർജിക്കുകാണ് ഉണ്ടായത്. ഇത് കുട്ടികളെ ആത്മഹത്യയിലേക്ക് നയിക്കുന്ന ചൂണ്ടുപലകയാണെന്ന് എല്ലാവരും വിധിയെഴുതി. 17 വയസ്സിന് താഴെയുള്ളവർ മുതിർന്നവരുടെ കൂടെയെ ഇതു കാണാവു എന്ന് Media Rating Boara of Newsland മുന്നറിയിപ്പ് നല്കി. എന്നാൽ ഇതിനെ വസ്തുനിഷ്ടമായി വിലയിരുത്തുകയാണെങ്കിൽ ഈ വീഡിയോ ജീവൻ രക്ഷിക്കാൻ ഉതകും. ആത്മഹത്യേക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും നന്നായി വരച്ചുകാട്ടുന്ന ഈ വീഡിയോ സീരിസ് എല്ലാവരിലും ധാർമ്മിക അവബോധം ജനിപ്പിക്കുമെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു.

## നല്ല ബന്ധങ്ങൾ പടുത്തുയർത്തുവാൻ മാർപ്പാപ്പയുടെ ആഹ്വാനം

ഓർഗനൈസേഷനുവേണ്ടി നടത്തിയ പ്രഭാഷണത്തിലാണ് ഫ്രാൻസിസ് മാർപ്പാപ്പ ഈ ആഹ്വാനം നല്കിയത്. ഇന്റർനെറ്റ് കണക്ഷനും wi-fi കണക്ഷനും തേടുന്ന നാം നല്ല ബന്ധങ്ങൾ ഉണ്ടാകുന്നതിന് വ്യാപൃതരാകണം അതാണ് ഭാവിയിലേക്കുള്ള പ്രതീക്ഷ. സാമൂഹിക ഏകീകരണവും സമത്വവും Scientific Technological രംഗത്തെ കണ്ടുപിടുത്തങ്ങളും ഒരുമിച്ച് ഇഴചേർന്ന്പോയിരുന്നെങ്കിൽ എത്ര നന്നായിരുന്നുവെന്ന് 1800 ഓളം പേർ പങ്കെടുത്ത സഭയിൽ വീഡിയോ പ്രഭാഷണത്തിലൂടെ പരി. പിതാവ് സൂചിപ്പിച്ചു. 20 സഹശീർഹങ്ങളോടെയാണ് ഈ വീഡിയോ പുറത്തിറക്കിയത്. വിദൂര നക്ഷത്രങ്ങളും ഗ്രഹങ്ങളും കണ്ടുപിടുക്കുന്ന നാം അടുത്തുള്ള സഹോദരന്റെ അവശ്യങ്ങൾ കാണുന്നില്ല. മറ്റുള്ളവർ കേവലം രൂപമില്ലാത്തവനോ സംഖ്യയോ അല്ല, അവനും ഒരു മുഖമുണ്ട്(The other has face). ചിലർ പട്ടിണികൊണ്ടും ദുരിതങ്ങൾകൊണ്ടും വലയുമ്പോൾ മറ്റുചിലർ അവരെയെല്ലാം അവഗണിച്ച് സുഖലോലുപരായി ജീവിച്ച് ആർക്കും ഒരു പ്രയോജനവും ഇല്ലാതെ മരിക്കുന്നു. എത്ര അധികാരമുണ്ടോ അത്രയും സ്വാധീനം ജനങ്ങളുടെ ഇടയിലുണ്ട്. എത്ര വലിയ അധികാരമാണെങ്കിലും വിനയത്തോടെ ചെയ്യണമെന്ന് പാപ്പ ഉദ്ബോധിപ്പിക്കുന്നു. അല്ലങ്കിൽ അധികാരം നിങ്ങളെയും മറ്റുള്ളവരെയും നശിപ്പിക്കും. ഒരു അർജന്റീന പഴമൊഴി ഇപ്രകാരമാണ്; അധികാരമെന്നത് വെറും വയറ്റിൽ വീഞ്ഞുകുടിക്കുന്നപോലെയാണ്. അതു നിങ്ങളെ മത്തുപ്പിടിപ്പിക്കുയും നിങ്ങൾ മറ്റുള്ളവരെ ഉപദ്രവിക്കുകയും ചെയ്യും.




ഫാ. റിജോ പുത്തൻപറമ്പിൽ




വാർത്തകളുടെ പ്രളയമാണ് നമ്മുടെ ഈ കാലഘട്ടം. നാം കേൾക്കുന്ന വാർത്തകളുടെ ഭൂരിഭാഗവും തെറ്റായ വാർത്തകളാണ്. വാർത്തകളെ വിശകലനം ചെയ്തും വാർത്തകളുടെ യഥാർത്ഥ ഉറവിടവും കണ്ടെത്തി മാത്രമേ വാർത്തകളെ വിശ്വസിക്കാവൂ.

വിശ്വാസികളെ സംബന്ധിച്ചു ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇന്നത്തെ പ്രധാന വാർത്താ ഏജൻസികൾ പലതും കത്തോലിക്കാ വിശ്വാസം ശരിയായി മനസ്സിലാക്കാത്തവരാണ്. കത്തോലിക്കാ വിശ്വാസം വിശ്വാസസത്യങ്ങളിൽ ഒതുങ്ങുന്ന ഒന്നല്ല. മറിച്ച് മനുഷ്യന്റെ ബുദ്ധിയെ രൂപപ്പെടുത്തുന്നതും ചിന്തകളെ രൂപപ്പെടുത്തുന്നതും സമഗ്രമായി മനുഷ്യജീവിതത്തെ സ്വാധീനിക്കുന്ന ഒരു ജീവിതരീതി കൂടിയാണ്.

വ്യക്തമായി കത്തോലിക്കാ സഭയെ മനസ്സിലാക്കുന്നതിന് കത്തോലിക്കാ സഭയെപ്പറ്റിയുള്ള യഥാർത്ഥ വാർത്തകളുടെ ഉറവിടം നാം മനസ്സിലാക്കേണ്ടതായുണ്ട്. ഞാൻ ഈ ലക്കം പരിചയപ്പെടുത്താൻ പോകുന്നത് ഏതാനും വെബ് സൈറ്റുകളാണ്. ഇത് കത്തോലിക്കാ വിശ്വാസികൾക്ക് ഏറ്റവും പ്രയോജനപ്രദമായ സൈറ്റുകളാണ്.

**1. Vatican News: news.va**

NEWS.VA
ENGLISH

കത്തോലിക്കാ സഭയുടെ ഔദ്യോഗിക വാർത്താ വെബ് സൈറ്റാണിത്. ഇതിൽ സഭയെപ്പറ്റിയും മാർപാപ്പയെപ്പറ്റിയും സഭയുടെ ഔദ്യോഗിക രേഖകളും ഈ സൈറ്റിൽ ഉണ്ട്. Primary Source അന്വേഷിക്കുന്നവർക്ക് ഏറ്റവും അനുയോജ്യമായ സൈറ്റാണിത്.

**2. The Vatican: Youtube**

ഈ യൂ ട്യൂബ് ചാനലിൽ മാർപാപ്പയുടെ പരിപാടികളുടെ സംപ്രേഷണം നടത്തുന്നു. ഇത് ദിവസവും അപ്ഡേറ്റ് ചെയ്യുന്ന ചാനലാണ്. വീഡിയോ പ്രൊഡക്ഷൻ Centro Televisivo Vaticano (CTV) വാർത്തകൾ നല്കുന്നത് വത്തിക്കാൻ റേഡിയോയും ആണ്. ഈ വീഡിയോ വാർത്തയിൽ ലോകത്തിൽ നടക്കുന്ന സംഭവങ്ങളുടെ കത്തോലിക്ക നിലപാട് വ്യക്തമാക്കുന്നുണ്ട്.

THE VATICAN
YouTube
ITALIANO ENGLISH ESPAÑOL DEUTSCH

**3. New Advent: newadvent.org**

വാർത്തകൾക്കും ഗവേഷണത്തിനും പറ്റിയ ഏറ്റവും നല്ല വെബ് സൈറ്റാണിത്. വളരെ ലളിതമായ സൈറ്റാണിത്. ഇതിൽ കാലിക വാർത്തകളും

New Advent

......... കത്തോലിക്കാ വിജ്ഞാന ഗ്രന്ഥവുമാണ്.

**4. Pew Sitter: pewsitter.com**

ഈ സൈറ്റിൽ പ്രധാന വാർത്താതലക്കെട്ടുകൾ എല്ലാംതന്നെ കാത്തലിക്ക് സോഴ്സിൽ നിന്നും സെക്കുലർ സോഴ്സിൽ നിന്നും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദിവസേന വാർത്തകൾ നോക്കുവാൻ നല്ല സൈറ്റാണിത്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് ഈ സൈറ്റ് ഉണ്ടാക്കിയിരിക്കുന്നത്. ഈ സൈറ്റിൽ അൽമായർക്ക് വാർത്തകളും ചിത്രങ്ങളും വീഡിയോകളും മറ്റ് കത്തോലിക്കാ വിശ്വാസികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ പങ്കുവയ്ക്കുവാൻ കഴിയുന്ന ഒന്നാണ്.

PewSitter.com
Your Online Catholic Newspaper For The 3rd Millennium

**5. EWTN News: ewtnnews.com**

ലോകത്താകമാനമുള്ള കത്തോലിക്കരുടെ വാർത്തകൾ പങ്കുവയ്ക്കുന്ന സൈറ്റാണ്. Ewtn വീഡിയോകൾ ലോകമെങ്ങും കത്തോലിക്കാ വിശ്വാസികൾക്ക് കത്തോലിക്കാ സഭയെ കൂടുതൽ അടുത്തറിയാൻ സഹായിക്കുന്നു.

EWTN News Nightly


Framing
Your
Career
DREAMS
CAREER GUIDANCE
www.dreamscareerguidance.com
Find us on Facebook /dreamscareerguidance
M.B.B.S., B.D.S.
ENGINEERING, NURSING
MEDICAL AND PARAMEDICAL COURSES
MBBS, BDS, BAMS, BPharm, Pharm D
Nursing (BSc, GNM, Post BSc & MSc) etc.
ENGINEERING/POLYTECHNIC
ECE, EEE, CSE, IT, Mechanical
Bio Medical, Civil, Aeronautical
Marine Engineering, MCA etc.
ARTS AND SCIENCE (MSc / BSc)
Bio Technology, Micro Biology, Bio Chemistry
Computer Science, Fashion Designing
Physics, Chemistry, Biology etc.
MANAGEMENT AND COMMUNICATION
MBA, MIB, MSW, MTA, Public Relation
Hotel Management
Hospital Administration etc.
KOTTARAKARA
Upstairs Aryas Hotel,
Pulamon Jn.
Ph: 0474-2459686
ADOOR
GF-39, Revenue Tower.
Ph 04734-221126, 28
Fax: 04734-221238
THIRUVALLA
Jinjil Arcadia,
Near St. Antony's Church
Ph: 0469-2705659
+91 960 57 22 999
Mob +91 944 78 66 183
www.higherstudiesonline.com


Mar Ephraem
COLLEGE OF ENGINEERING AND TECHNOLOGY
MARTHANDAM
(Catholic Diocese of Marthandam)
Approved by AICTE, Delhi & Anna University, Chennai
COURSES
B.E. Mechanical Engineering
B.E. Civil Engineering
B.E. Electronics & Communication Engineering
B.E. Electrical & Electronics Engineering
B.E. Computer Science & Engineering
M.E. Computer Science & Engineering
M.E. Applied Electronics
M.E. Manufacturing Technology
FACILITIES
. Spiritual formation (Daily Holy Mass, Prayers, Jesus Youth, Retreat etc.)
. Experienced and dedicated faculty with post doctoral research & industrial experiences
. World class classrooms connected to a centralized e-learning data centre on campus
. Global connectivity to all the students via 24 hr Wi-Fi access
. Modern library with e-acces to various international journals . Health Club
. Most modern Language Lab . Educational Counselling by renowned Educationalists
. Cafeteria and mess with delicious and nutritious food (Kerala Taste)
Admission in 1st year & Direct 2nd year (Later Entry) • Campus Placement Assistance
Chairman : H.G. Most Rev. Dr. Vincent Mar Paulos (Bishop of Marthandam Diocese) • Correspondent/ Secretary : Very Rev. Fr. Premkumar MSW
To find more about admission Contact :
TONEY KURIEN (Admission Officer) : 9447413790, 09444713790 (T.N.)
College Office : Upstairs Retna Medicals, Charles Complex,
Near Thampanoor Bus Stand, Trivandrum.

# JAWAHARLAL NEHRU
## INSTITUTE OF ARTS & SCIENCE

(Affiliated to M.G. University, Kottayam & Recognized by Govt. of Kerala)
Balagram (P.O), Near Kattappana, Idukki
Ph: 04868 236999, 9605811999, 9605822999

www.jnias.com

## Courses

- BA Multimedia
- BBA with Aviation
- BCA with Cloud Computing
- BCom Computer Applications
- BCom Finance & Taxation

## Our Salient Features

- B.Com കോഴ്സിനോടൊപ്പം Chartered Accountancy (CA) പഠനത്തിനുള്ള അവസരം.
- Digital Marketing, Retail Management തുടങ്ങിയ വാല്യു ആഡഡ് കോഴ്സുകൾ
- അന്താരാഷ്ട്ര നിലവാരമുള്ള മൾട്ടീമീഡിയ ലാബും ഓഡിയോ വിഷ്വൽ സ്റ്റുഡിയോയും.
- 100 % ക്യാമ്പസ് പ്ലെയ്സ്മെന്റ്
- ഇന്റർനാഷണൽ സ്റ്റഡി ടൂർ
- PSC പരീക്ഷകൾക്ക് വേണ്ടി പ്രത്യേക പരിശീലനം
- വിദേശത്തുള്ള സ്ഥാപനങ്ങളുമായി തൊഴിൽ പരിശീലനം
- വിവിധ സ്ഥലങ്ങളിലേക്ക് ബസ് സൗകര്യം









ജൂനിയർ
മോസസ്
SAMEEKSHA CATECHISM Thiruvalla
കുട്ടികളുടെ കൂട്ടുകാരൻ
കുട്ടികൾ ലൈബ്രറിയിൽ പ്ലാസ്റ്റിക്കിനെപ്പറ്റിയുള്ള പുസ്തകങ്ങൾ ഓരോന്നായി വായിച്ചു തുടങ്ങി
പ്ലാസ്റ്റിക് ഒരിക്കലും മണ്ണിൽ അഴുകിച്ചേരുകയില്ല.
അതു മാത്രമല്ല, പ്ലാസ്റ്റിക് കത്തിച്ചാൽ കാർബൺ മോണോക്സൈഡ് പോലെയുള്ള വിഷപ്പുക വായുവിൽ പടരുമെന്നും ഈ പുസ്തകത്തിൽ പറയുന്നു.
അതെ ഈ പറഞ്ഞതെല്ലാം സത്യമാണ്. മണ്ണിൽ അഴുകിച്ചേരാത്ത പ്ലാസ്റ്റിക് നമ്മുടെ ഭൂമിയെ ശ്വാസം മുട്ടിക്കുന്നു.
ഇനി നമ്മൾ എന്ത് ചെയ്യും മോസസ്സ്?
വഴിയുണ്ട്, പ്ലാസ്റ്റിക് മനുഷ്യനെ റീസൈക്കിൾ ചെയ്യുക.


പക്ഷേ,
എങ്ങനെ?
ഈശോയെ ഈ അത്ഭുത വടിയെ
പ്ലാസ്റ്റിക് മനുഷ്യനെ നേരിടാനുള്ള
ആയുധമാക്കി മാറ്റണമെ.
പെട്ടന്ന് ആ അത്ഭുതം സംഭവിച്ചു.
മാന്ത്രിക വടി രൂപം മാറി.
പ്ലാസ്റ്റിക് മനുഷ്യൻെറ ചെയ്തികൾക്ക്
മോസസ്സ് അന്ത്യം കുറിക്കാൻ ഒരുങ്ങി.
തുടരും


# ABBA CURTAINS

Estd1999

**INTERIOR FURNISHING&UPHOLSTERY WORKS**

**T.K.ROAD ERAVIPEROOR,THIRUVALLA**

**MOB:9744497064**


**Our services:**

Model Curtain Stitching&Fixing
Sofa & Setty Upholstery works,
Vertical Blinds,Venetian Blinds,
Wooden Blinds &Roller Blinds

**Our sales:**

Curtain Clothes,Furnishing Clothes,
Floor matt,Ready Made Curtains,
Carpet,Table Matt,Door Matt,
Curtain Channel,Steel Almara
Sofa Set,Furniture&Mattress

Dr. Back Orthopedic Mattress | SUNIDRA SLEEP SOLUTIONS | Peps SPRING KOIL | Kurl-on | RUBCO MATTRESS
Supreme FURNITURE | FAMILY PLASTICS | Nilkamal India's Favourite Furniture | DuroTurf | Oak N' Oak from fine furniture

# Malankara Christian Matrimony.com

## സൗജന്യമായി രജിസ്റ്റർ ചെയ്യൂ...

നിങ്ങൾ ഏത് ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട ആളുമാകട്ടെ. നിങ്ങളുടെ ജീവിത പങ്കാളിയെ കണ്ടെത്താൻ ഇപ്പോൾ തന്നെ www.malankarachristianmatrimony.com - ൽ സൗജന്യമായി രജിസ്റ്റർ ചെയ്യൂ. നിങ്ങളുടെ സ്മാർട്ട് ഫോണിലൂടെയും നിങ്ങൾക്കിപ്പോൾ ഈസിയായി രജിസ്റ്റർ ചെയ്യാം.

അല്ലെങ്കിൽ ഇപ്പോൾ തന്നെ ഞങ്ങളുടെ ഓഫീസ് സന്ദർശിക്കൂ.

**മലങ്കര ക്രിസ്ത്യൻ മാട്രിമോണി. കോം**

പോപ്പുലർ മാരുതിക്ക് സമീപം,
ഇടുക്കി റോഡ്, കട്ടപ്പന

*രജിസ്റ്റർ ചെയ്യാൻ ഐഡന്റിറ്റി കാർഡ് നിർബന്ധമാണ്.*

Web: www.malankarachristianmatrimony.com | Email: info@malankarachristianmatrimony.com

Call us: 04868 250520





# ഐക്യദീപം

## ADVERTISEMENT TARIFF

| | | |
|---|---|---|
| 1. Fullpage Back Cover Colour | Rs. | 20,000.00 |
| 2. Fullpage Back/front Inside Colour | Rs. | 15,000.00 |
| 3. Fullpage Inside Colour | Rs. | 10,000.00 |
| 4. Halfpage Inside Colour | Rs. | 6,000.00 |
| 5. Quarter Page Inside Colour | Rs. | 3,000.00 |
| 6. Fullpage Inside Black & White | Rs. | 6,000.00 |
| 7. Halfpage Black & White | Rs. | 3,000.00 |
| 8. Quarter Page Black & White | Rs. | 2,000.00 |

| | | |
|---|---|---|
| 1. Obituary | Rs. | 700.00 |
| 2. Matrimonial | Rs. | 700.00 |
| 3. Thanks giving prayer with photo | Rs. | 700.00 |
| 4. Thanks giving prayer without photo | Rs. | 500.00 |
| 5. Birthday wishes(with passport size photo) | Rs. | 500.00 |
| 6. Wedding Anniversary Photo | Rs. | 500.00 |

E-mail: aikyadeepamtvla@gmail.com

Chief Editor
PH: 0469-2600626



**IIIrd Anniversary in Heaven**
**26-06-2017**

## ബേബി വറുഗീസ്

തൊട്ടിയിൽ, വാളക്കുഴി

പ്രാർത്ഥനാപുഷ്പങ്ങൾ
അർപ്പിച്ചുകൊണ്ട്
സ്നേഹസ്മരണകളോടെ

Loving Family,
Relatives & Friends



**പാവനസ്മരണയ്ക്ക്**
**വേർപാടിന്റെ അഞ്ചാം വർഷം**

## കെ. വി. തോമസ്
**(കുട്ടപ്പൻ കല്ലുങ്കൽ)**

ജനനം: 17.08.1923
മരണം: 27.05.2012

'ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'
ST.JOHN.11:25

# ST.GEORGE FURNITURE

**MUTTUMON, KUMBANAD**

**Ph: 9562080041, 9562080557**




DEALERS IN ALL KINDS OF
WOODEN / STEEL / FIBRE FURNITURE

Date of Publication: 28-5-2017
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala.
Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**June 2017**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbanikal*